ദി ഡിഫെൻഡർ

Vol. No. 14 Issue No. 2 RNI Reg. No. 68089 / 97 Published From Perumbavoor 2011 January 16 Price: Rs.100/- P.A.

# ഐ.പി.സി ഒഴിവാക്കിയവരെ ചർച്ച് ഓഫ് ഗോഡിനും വേണ്ട


കെ.എ.ഏബ്രഹാം


മുല്ലക്കര


ബിജി അഞ്ചൽ


ജോൺ ലോറൻസ്


സജിത് കണ്ണൂർ

ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ കൺവൻഷനുകളിൽ നിന്ന് ഒഴിവാക്കിയ കെ.എ. ഏബ്രഹാം, ദേവസ്യ മുല്ലക്കര, ബിജി അഞ്ചൽ, ജോൺ ലോറൻസ്, സജിത് കണ്ണൂർ എന്നിവരെ ചർച്ച് ഓഫ് ഗോഡും ഒഴിവാക്കാൻ തീരുമാനിച്ചു. ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ഓവർസിയറായ എം.കുഞ്ഞപ്പി ജനുവരി 3ന് പ്രസിദ്ധീകരിച്ച ന്യൂസ് ലറ്റർ നമ്പർ 18ൽ ആണ് ഈ തീരുമാനം അറിയിച്ചിരിക്കുന്നത്. പ്രസക്ത ഭാഗങ്ങൾ ഇങ്ങനെ:

''ഐ.പി.സി. പരസ്യമായി വിലക്ക് കല്പിച്ചിട്ടുള്ള ശുശ്രൂഷകന്മാരെ യാതൊരു കാരണവശാലും ദൈവസഭയുടെ ഒരു യോഗത്തിലും ക്ഷണിക്കുവാൻ അനുവാദമില്ല. ഇതിനോടകം പ്രോഗ്രാം കൊടുത്തിട്ടുണ്ടെങ്കിൽ എത്രയും വേഗം ആയത് ഒഴിവാക്കേണ്ടതാണ്.''

അവറാനെയും കൂട്ടരെയും ഒഴിവാക്കാൻ ഐ.പി.സി തീരുമാനിച്ചശേഷവും ജോൺസൺ ദാനിയേൽ അവറാനെ ചെറുവക്കൽ കൺവൻഷനിൽ പ്രസംഗിക്കാൻ അനുവദിച്ചു. അവറാനും മുല്ലക്കരയും മറ്റും ഐ.പി.സി ജനറൽ പ്രസിഡന്റായ കെ.സി.ജോണിന്റെ പവ്വർ വിഷനിൽ പ്രസംഗിക്കയും ചെയ്യുന്നു. ഐ.പി.സി എന്ന വെള്ളരിക്കാപ്പട്ടണത്തിൽ ഇങ്ങനെ പലതും നടക്കും. കെ.സി.ജോണിനോ ജോൺസണോ എതിരെ നടപടിയെടുക്കാൻ ധൈര്യമുള്ളവർ ഐ.പി.സിയിലില്ല.

അതല്ല ചർച്ച് ഓഫ് ഗോഡിലെ സ്ഥിതി. ഓവർസിയറുടെ ഉത്തരവു ലംഘിക്കുന്നവർ സഭയിലുണ്ടാകില്ല. അതുകൊണ്ട് കെ.എ.ഏബ്രഹാം മുതൽപേർ ചർച്ച് ഓഫ് ഗോഡിൽ നിന്ന് ഔട്ടായി എന്ന് ഉറപ്പിക്കാം.

ഐ.പി.സിയിൽ നിന്ന് തങ്ങളെ ഔട്ടാക്കിയത് ഫിലിപ്പ് പി. തോമസാണ് എന്നു പറഞ്ഞുകൊണ്ട് അവറാൻ കലിതുള്ളുകയാണ്. ഫിലിപ്പ് പി. തോമസിനെതിരെ നടപടിയെടുപ്പിക്കാം എന്നുപോലും ഈ വിദ്വാൻ കിനാവുകാണുന്നുണ്ട്. പക്ഷേ പാസ്റ്റർ എം.കുഞ്ഞപ്പിയോട് അവറാൻ ഈ വിധത്തിൽ ഏറ്റുമുട്ടുമോ? അവറാന്റെ വീട്ടിൽ നിന്ന് എം.കുഞ്ഞപ്പിയുടെ വീട്ടിലെത്താൻ പത്തു മിനിട്ടു മതിയാകും. (അവറാന്റെ കഴിവ് കാണട്ടെ.)

കെ.എ.ഏബ്രഹാമിനെതിരെ ഡിഫെൻഡർ എഴുതാൻ തുടങ്ങിയിട്ട് അഞ്ചു വർഷമായി. ദൈവവചനമെന്ന പേരിൽ ഇയാൾ പ്രസംഗിക്കുന്ന വിഡ്ഢിത്തങ്ങളാണ് ഡിഫെൻഡർ എഴുതിയവയിൽ ഭൂരിപക്ഷവും. പക്ഷേ ഇയാൾ തെറ്റു തിരുത്താൻ തയ്യാറായില്ലെന്നു മാത്രമല്ല ഡിഫെൻഡറിനെ തകർക്കാൻ പരമാവധി ശ്രമിക്കുകയും ചെയ്തു. അതിന്റെ ഫലമാണ് ഇപ്പോൾ അനുഭവിക്കുന്നത്. കെ.എ.ഏബ്രഹാമിന് ഇനി ഒരു തിരിച്ചുവരവില്ല. ഏതാനും വർഷങ്ങൾക്കകം ഇയാൾ ആർക്കും വേണ്ടാത്തവനാകും.

കെ.സി.ജോണിന്റെ സഹായമുള്ളതുകൊണ്ട് പെന്തക്കോസ്തിൽ വിലസാം എന്നാണ് മുല്ലക്കര കരുതിയത്. സ്നാനവിഷയത്തിലും മറ്റും മുല്ലക്കര കള്ളം പറഞ്ഞതും ഈ കാരണത്താലത്രേ. പക്ഷേ പെന്തക്കോസ്ത് എന്നാൽ കെ.സി.ജോൺ മാത്രമല്ല എന്ന് കാലം തെളിയിച്ചു. ഇനി മുല്ലക്കരയ്ക്കും പെന്തക്കോസ്തിൽ സ്കോപ്പില്ല.

അഹങ്കാരം ഉപേക്ഷിച്ച് ദൈവസന്നിധിയിൽ താഴാൻ മനസ്സുവച്ചാൽ ജോൺ ലോറൻസ്, സജിത് കണ്ണൂർ, ബിജി അഞ്ചൽ എന്നിവർക്ക് വീണ്ടും അവസരങ്ങൾ ലഭിക്കും. പക്ഷേ കെ.എ. ഏബ്രഹാമിന്റെയും മുല്ലക്കരയുടെയും വഴികളിൽ നടന്നാൽ ഈ പ്രസംഗകരും പെന്തക്കോസ്ത് വേദികളിൽ നിന്ന് ഔട്ടാകും.

# പാക്കിൽ സഭ പലതായി


കെ.സി.ജോൺ


തോമസ് ജോൺ

പാക്കിൽ സഭയിൽ നടമാടുന്ന അസംബന്ധ നാടകത്തെപ്പറ്റി ഡിഫെൻഡറിന്റെ മുൻലക്കങ്ങളിൽ വിശദീകരിച്ചിരുന്നു. ഈ പ്രശ്നങ്ങൾ ഇപ്പോൾ ഏറെ ഗുരുതരമായിരിക്കുന്നു. ചെറുതും വലുതുമായ അഞ്ചു കഷണങ്ങളായി ഈ പ്രസ്ഥാനം വിഭജിക്കപ്പെട്ടു എന്നാണ് ഒടുവിൽ കേട്ടത്. സംഭവം ചുരുക്കി പറയാം.

പാക്കിൽ സഭയുടെ കൺവൻഷൻ സ്റ്റേഡിയവും മറ്റും ഓവർസിയറായ തോമസ് ജോൺ ആരോരുമറിയാതെ വിറ്റു തുലച്ചതും ഇതുമൂലം സഭയിൽ ഗുരുതരമായ ഭിന്നത ഉണ്ടായതും മറ്റും ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രശ്നം പരിഹരിക്കാനെത്തിയ കെ.സി. ജോണിന് കാര്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഈ പ്രശ്നം പരിഹാരമാകാതെ തുടരുകയായിരുന്നു.

ഏതു പെന്തക്കോസ്ത് പ്രസ്ഥാനത്തിന്റെയും അഭിമാനപ്രശ്നമാണ് വാർഷിക കൺവൻഷൻ. പാക്കിൽ സഭയും കൺവൻഷൻ നടത്താൻ തീരുമാനിച്ചു. അപ്പോഴാണ് ശരിക്കുള്ള പ്രശ്നം പുറത്തു ചാടിയത്. തോമസ് ജോണും കൂട്ടരും സ്റ്റേഡിയത്തിൽ കൺവൻഷൻ നടത്താൻ തീരുമാനിച്ചു. (ആ സ്ഥലത്തിന്റെ ഇപ്പോഴത്തെ ഉടമസ്ഥർ എതിർക്കുമോ എന്നു നിശ്ചയമില്ല.) ഏതായാലും അവിടെ കൺവൻഷൻ നടത്തുന്നതു ബുദ്ധിയല്ല എന്നു തിരിച്ചറിഞ്ഞ കെ.സി.ജോണും അനുയായികളും ചങ്ങനാശ്ശേരിയിൽ കൺവൻഷൻ നടത്താൻ ഉദ്ദേശിക്കുന്നു. ഇനിയുമുണ്ട് വിശേഷങ്ങൾ. അടിമാലിക്കു സമീപമുള്ള ഒരു പ്രബല സഭയുടെ ചുമതലയിൽ ഒരു കൺവൻഷൻ നടത്താനുള്ള ഒരുക്കങ്ങളും നടന്നുവരുന്നു. ഇടുക്കി ജില്ലയിലുള്ള ഭൂരിപക്ഷം സഭകളും ഇവിടെയാകും പങ്കെടുക്കുക. അധികാരം ഏറ്റെടുത്ത് ഏറെ കഴിയുംമുമ്പ് കെ.സി.ജോൺ ഏതാനും കൗൺസിൽ അംഗങ്ങളെ പുറത്താക്കിയിരുന്നു. അവരിൽ ചിലർ ചേർന്ന് കുമ്പനാടിനു സമീപം ഒരു കൺവൻഷൻ നടത്തുമത്രേ. ഇവരുമായി യോജിക്കാത്ത ചിലർ പിറവത്ത് കൺവൻഷൻ നടത്താനും സാധ്യതയുണ്ട്. ഇതിൽ ഏതു ഗ്രൂപ്പിനാകും സായിപ്പിന്റെ അനുഗ്രഹം ലഭിക്കുക എന്നു നിശ്ചയമില്ല.

# തോമസ്കുട്ടി പ്രവാചകനായി

തോമസ്കുട്ടി പ്രവാചകനായി. കുമ്പനാട് കൺവൻഷന്റെ ഉദ്ഘാടനം ദർശനത്തിൽ കണ്ട് പത്രമിറക്കുകയും ചെയ്തു. ജനുവരി 8-ാം തീയതിയാണ് ഈ അത്ഭുത സംഭവം നടന്നത്.

എല്ലാ മാസവും 10-ാം തീയതിയാണ് തോമസ്കുട്ടിയുടെ പത്രം പോസ്റ്റ് ചെയ്യേണ്ടത്. കുമ്പനാട് കൺവൻഷൻ നടക്കുന്ന ആഴ്ചയിൽ പുറത്തിറങ്ങുന്ന പത്രമാകയാൽ കുമ്പനാടു കൺവൻഷന്റെ വാർത്ത ഉണ്ടായിരിക്കണം. പക്ഷേ ജനുവരി 9ന് വൈകിട്ടാണു കൺവൻഷൻ ആരംഭിക്കുക. പിറ്റേന്നു രാവിലെ പോസ്റ്റ് ചെയ്യുന്ന പത്രത്തിൽ വാർത്ത വരുത്താൻ ബുദ്ധിമുട്ടാണ്. എന്താണു പോംവഴി?

കുറെ സമയം കണ്ണടച്ചിരുന്നപ്പോൾ തോമസ്കുട്ടി ഒരു വഴി കണ്ടുപിടിച്ചു. ഊഹം വച്ച് എഴുതുക. അങ്ങനെ വാർത്ത എഴുതി. ''21-ാം നൂറ്റാണ്ടിന്റെ 2-ാം ദശകം: ദൈവകൃപ തന്റെ



ജനത്തിൻമേൽ പെയ്തിറങ്ങുന്നു: പാസ്റ്റർ ഡോ.കെ.സി.ജോൺ'' എന്നൊരു തലക്കെട്ടു കൊടുത്തു. തുടർന്ന് കെ.സി.ജോണിന്റെ പ്രസംഗവും എഴുതി. കെ.സി. ജോൺ പ്രസംഗിക്കുന്ന പടം, ജനക്കൂട്ടത്തിന്റെ പടം തുടങ്ങിയവ സഹിതം പത്രം അടിച്ചു. പക്ഷേ പത്രത്തിന്റെ പി.ഡി.എഫ് കോപ്പി 8-ാം തീയതിതന്നെ ഡിഫെൻഡറിനു ലഭിച്ചു. അതു ഡിഫെൻഡർ ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. നൂറുകണക്കിന് ആളുകൾ ഈ വാർത്ത വായിച്ചു. തോമസ്കുട്ടി ശുദ്ധ തട്ടിപ്പുകാരനാണെന്ന വസ്തുത ഇതോടെ തെളിഞ്ഞു.

ഈ പ്രശ്നത്തിൽ നിന്ന് എങ്ങനെ തലയൂരും? വളരെ ആലോചിച്ച് ഒരു തന്ത്രം കണ്ടുപിടിച്ചു. കൺവൻഷൻ വാർത്ത മാറ്റി അടിക്കുക. അങ്ങനെ കൺവൻഷൻ വാർത്ത മാറ്റി. ''വമ്പിച്ച ജനക്കൂട്ടം: കുമ്പനാട് കൺവൻഷനെ ചരിത്രമാക്കിമാറ്റി'' എന്നതാണ് പുതിയ തലക്കെട്ട്. കെ.സി.ജോണിന്റെ ചിത്രത്തോടൊപ്പം വൽസന്റെ ചിത്രവും കൊടുത്തു. വാർത്തയുടെ ആദ്യഭാഗവും മാറ്റി. അവസാന ഭാഗത്തിനോ മറ്റു വാർത്തകൾക്കോ മാറ്റമില്ല.

പുതിയ പത്രം ഇറക്കിയതു കൂടുതൽ കുഴപ്പങ്ങൾക്കു കാരണമായി. ആദ്യത്തെ പത്രം ബാലനിറക്കിയ ഡൂപ്ലിക്കേറ്റാണെന്നു വരുത്തിത്തീർക്കുകയായിരുന്നു ലക്ഷ്യം. പക്ഷേ രണ്ടു പത്രങ്ങളും തമ്മിൽ കാര്യമായ വ്യത്യാസമൊന്നും ഇല്ലായിരുന്നു. കുമ്പനാട് കൺവൻഷന്റെ വാർത്തയുടെ പകുതി ഭാഗം മാറ്റി പുതിയ തലക്കെട്ടും ഫോട്ടോയും കൊടുത്തു. ബാക്കിയുള്ളതെല്ലാം ഒന്നുതന്നെ. രണ്ടും തോമസ്കുട്ടി ഇറക്കിയതാണെന്ന് ഏതു പൊട്ടനും മനസ്സിലാകും.

ധാർമ്മികബോധം തൊട്ടുതീണ്ടിയിട്ടില്ലാത്തവർ പത്രമിറക്കുമ്പോൾ ഇങ്ങനെയൊക്കെ സംഭവിക്കുക സ്വാഭാവികം. നടക്കാത്ത സംഭവങ്ങൾ ഭാവനയിൽ കണ്ട് എഴുതുക, വാർത്ത പ്രസിദ്ധീകരിക്കാൻ വരെ പണം വാങ്ങുക, പണം നൽകുന്നവരെയൊക്കെ വാനോളം പുകഴ്ത്തുക തുടങ്ങി എന്തും പ്രതീക്ഷിക്കാം. പെന്തക്കോസ്ത് പത്രപ്രവർത്തകർക്ക് അപമാനം വരുത്തി വയ്ക്കുന്ന ഇത്തരക്കാരെ ദൈവമക്കൾ തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്തണം. (കൂടുതൽ വിവരങ്ങൾ 10-ാം പേജിൽ.)

## പകൽക്കാലം

കൗൺസിൽ തീരുമാനം എങ്ങനെ ചോർന്നെന്നറിയാനൊള്ള അന്വേഷണമെന്തായി?

അന്വേഷണമെങ്ങനെ ചോർന്നെന്നാ ഇനി അന്വേഷിക്കേണ്ടത്.



ദി ഡിഫെൻഡർ
Vol. No.14 Issue No.2 2011 January 16

# ശുദ്ധീകരണം തുടരണം

ദുരുപദേശപ്രചരണം ഗൗരവമുള്ള വിഷയമാണെന്ന് ഐ.പി.സിയും ചർച്ച് ഓഫ് ഗോഡും ഈ വൈകിയ വേളയിലെങ്കിലും മനസ്സിലാക്കുകയും ചില പ്രസംഗകരെ ഒഴിവാക്കാൻ തീരുമാനിക്കയും ചെയ്തത് സ്വാഗതാർഹമാണ്. പക്ഷേ ചിലരെ മാത്രം ഒഴിവാക്കിയതുകൊണ്ടു പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. ഗുരുതരമായ ദുരുപദേശങ്ങൾ പഠിപ്പിക്കുന്നവർ, ദൈവവചനമെന്ന പേരിൽ വിവരക്കേടുകൾ പ്രസംഗിക്കുന്നതു തൊഴിലാക്കിയവർ, ലോകജാതികൾ പോലും ചെയ്യാനറയ്ക്കുന്ന ഹീനകൃത്യങ്ങൾ ചെയ്യുന്നവർ, ദുർന്നടപ്പുകാർ തുടങ്ങിയവരൊക്കെ കൺവൻഷൻ പ്രസംഗകരായി വിലസുന്നുണ്ട്. ഇവരുടെ പ്രസംഗങ്ങളും പ്രവർത്തനങ്ങളും മൂലം ദുരുപദേശം പരക്കുന്നു എന്നു മാത്രമല്ല അനേകം സാധുക്കൾ പാപത്തിൽ വീഴാൻ ഇടയാകുകയും ചെയ്യുന്നു. ഗുരുതരമായ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാകണം.

ചെറുതും വലുതുമായി പെന്തക്കോസ്തു സഭകൾ നിരവധിയുണ്ട്. കൺവൻഷൻ പ്രസംഗകരിൽ ചിലർ ഈ സഭകളിൽ അംഗത്വമുള്ളവരുമാണ്. ഒരു സഭയിലും അംഗത്വമില്ലാത്ത പ്രസംഗകരുമുണ്ട്. സഭാവ്യത്യാസം കൂടാതെ എല്ലാവരും ഈ പ്രസംഗകരെ സ്വീകരിക്കുന്നു. ദൈവവചനമെന്ന വ്യാജേന ഇവർ പറയുന്നതെല്ലാം സ്തോത്രം പറഞ്ഞു സ്വീകരിക്കുന്നു. അഭിഷിക്തൻമാർ എന്ന ലേബൽ സ്വയം എടുത്തു ചാർത്തി നടക്കുന്ന ഇക്കൂട്ടരെ ചോദ്യം ചെയ്താൽ ദൈവം കോപിക്കുമെന്നാണു പ്രചരണം.

സഭാവ്യത്യാസമില്ലാതെ എല്ലാ പെന്തക്കോസ്തുകാരും ഈ പ്രസംഗകരെ ക്ഷണിക്കാറുണ്ടെങ്കിലും ഇവരുടെമേൽ ഒരു വിധത്തിലുള്ള നിയന്ത്രണങ്ങളും സഭാനേതൃത്വത്തിനില്ല. ഈ പ്രസംഗകരിൽ നല്ലൊരു പങ്ക് വിവിധ സഭകളുടെ നേതൃസ്ഥാനത്തുള്ളവരുമാണ്. അതുകൊണ്ട് ഇവർക്കു പെന്തക്കോസ്തിൽ സ്വൈരവിഹാരം നടത്താൻ ബുദ്ധിമുട്ടുണ്ടാകുന്നില്ല. പക്ഷേ പ്രശ്നക്കാരായ പ്രസംഗകരെ ഒഴിവാക്കാൻ ബുദ്ധിമുട്ടില്ല. ഇപ്പോൾ ഐ.പി.സിയും ചർച്ച് ഓഫ് ഗോഡും ചെയ്തിരിക്കുന്നത് ഇതാണ്. മറ്റു സഭകളിലെ അംഗങ്ങളായ പ്രസംഗകർക്കെതിരെ അച്ചടക്ക നടപടി എടുക്കാൻ ഐ.പി.സിക്കോ ചർച്ച് ഓഫ് ഗോഡിനോ കഴിയുന്നതല്ല. അതുകൊണ്ട് ചില പ്രസംഗകരെ പേരെടുത്തു പറഞ്ഞ് ഒഴിവാക്കി.

ഐ.പി.സിയും ചർച്ച് ഓഫ് ഗോഡും ഈ നടപടി തുടരണം. ശാരോനും എ.ജിയും മറ്റും ഈ മാതൃക സ്വീകരിക്കണം. കുറഞ്ഞപക്ഷം നൂറു പ്രസംഗകരെയെങ്കിലും ഈ വിധത്തിൽ ഒഴിവാക്കാൻ കഴിഞ്ഞാൽ പെന്തക്കോസ്ത് സഭകൾ ഒരളവോളമെങ്കിലും ശുദ്ധമാകും.

# സത്യം സത്യമായി

ജെ.എസ്.എസ്. തത്ക്കാലം യു.ഡി.എഫിൽ നിൽക്കാൻ തീരുമാനിച്ചു. മറ്റൊരു പോംവഴിയുമില്ലായിരുന്നു എന്നതാണു സത്യം. പക്ഷേ അതു തുറന്നു പറയുന്നതു ശരിയല്ലല്ലോ. വിമതശല്യമില്ലാത്ത അഞ്ചു സീറ്റുകൾ കിട്ടണം എന്നൊരു ഡിമാന്റ് വച്ചിട്ട് യു.ഡി.എഫിൽ പാറപോലെ ഉറച്ചു നിൽക്കുകയാണ്. സീറ്റുകളുടെ എണ്ണം കുറഞ്ഞാലോ? വിമതശല്യമുണ്ടായാലോ? പ്രതിഷേധിച്ചുകൊണ്ട് യു.ഡി.എഫിൽ തുടരും. ഇതൊക്കെയല്ലേ ചെയ്യാൻ പറ്റൂ.

അഴിമതി തൊട്ടു തീണ്ടിയിട്ടില്ലാത്ത ജുഡീഷ്യറിയാണ് ഇന്ത്യയിലുള്ളത് എന്ന പ്രചരണത്തിൽ കഴമ്പില്ല എന്ന് സമീപകാല സംഭവങ്ങൾ തെളിയിക്കുന്നു. ഇന്ത്യയുടെ ചീഫ് ജസ്റ്റീസ് ആയിരുന്ന വ്യക്തി തന്നെ സംശയത്തിന്റെ നിഴലിൽ നിൽക്കുമ്പോൾ കീഴ്ക്കോടതികളുടെ സ്ഥിതി എന്തായിരിക്കും എന്ന് വിശേഷിച്ചു പറയേണ്ടതില്ല. കേരള ബാർ കൗൺസിൽ തന്നെ അന്വേഷണം ആവശ്യപ്പെടുന്നു എന്നതു ചെറിയ കാര്യമല്ല. ഈ കേൾക്കുന്നതൊക്കെ ശരിയായിരിക്കരുതേ എന്ന് ആഗ്രഹിക്കുകയല്ലേ നമുക്കു ചെയ്യാൻ പറ്റൂ. കൂടുതൽ വല്ലതും പറഞ്ഞാൽ കോർട്ടലക്ഷ്യമാകും.

അനധികൃത സ്വത്ത് സമ്പാദിച്ചതിന് ശ്രീനിജിനെതിരെ കേസ്സെടുക്കുമെന്ന് സർക്കാർ പറയുന്നു. അഴിമതി നിരോധന നിയമപ്രകാരമാണത്രേ കേസ്സ് എടുക്കുന്നത്. ഇതെങ്ങനെ സാധിക്കുമെന്നു പിടി കിട്ടുന്നില്ല. പൊതുപ്രവർത്തകൻ അഴിമതി കാണിച്ചാൽ മാത്രമേ അഴിമതി നിരോധന നിയമം ബാധകമാകൂ. മുൻ ചീഫ് ജസ്റ്റീസിന്റെ മരുമകനായതുകൊണ്ടു മാത്രം ശ്രീനിജിൻ പൊതുപ്രവർത്തകനാകുകയില്ല. അതുകൊണ്ട് അഴിമതി നിരോധന നിയമം ഉപയോഗിക്കാനും പറ്റില്ല. ആദായ നികുതി വകുപ്പിന് ചില നടപടികളൊക്കെ സ്വീകരിക്കാൻ കഴിഞ്ഞേക്കും. പക്ഷേ ആദായനികുതി വകുപ്പ് കേന്ദ്ര സർക്കാരിന്റെ കീഴിലാണ്.

യു.ഡി.എഫ് കേരള മോചന യാത്ര നടത്തുകയാണ്. കേരളത്തിന്റെ വടക്കേ അറ്റത്തു നിന്ന് ആരംഭിച്ച ഈ യാത്ര തിരുവനന്തപുരത്തെത്തുമ്പോൾ ഈ സർക്കാർ തകർന്നു വീഴുമെന്നാണു പ്രചരണം. ജനുവരി 10ന് ആരംഭിച്ച ഈ യാത്ര ഫെബ്രുവരി നാലിന് നെയ്യാറ്റിൻകരയിൽ സമാപിക്കും. പക്ഷേ ഫെബ്രുവരി നാലിനോ ഫെബ്രുവരി 28നു പോലുമോ ഈ സർക്കാർ തകരുകയില്ലെന്ന് വ്യക്തമല്ലേ. അടുത്ത നിയമസഭാതിരഞ്ഞെടുപ്പിനു മുമ്പ് ഈ സർക്കാർ മാറുന്ന പ്രശ്നമില്ല. അതുകൊണ്ട് യാത്ര അവസാനിക്കുന്നതും സർക്കാർ തകരുന്നതും തമ്മിൽ ബന്ധപ്പെടുത്താതിരിക്കയാണു ബുദ്ധി.

വ്യവസായ വകുപ്പു കൈകാര്യം ചെയ്യുന്ന ഒരു മുഖ്യമന്ത്രിയെ പുകഴ്ത്തിയതു പാർട്ടി സെക്രട്ടറിക്കു വിനയായി. ഇങ്ങനെയൊരു മുഖ്യമന്ത്രിയുള്ളത് ഗുജറാത്തിൽ മാത്രമാണ്. പാർട്ടി സെക്രട്ടറി ബി.ജെ.പിയുടെ മുഖ്യമന്ത്രിയെ പുകഴ്ത്തുകയോ? ഛായ്, അതുണ്ടാകില്ല. പക്ഷേ അങ്ങനെ പറഞ്ഞു എന്നതു നേര്. എങ്ങനെ തടി തപ്പും? ഏറെ നേരം ആലോചിച്ചപ്പോൾ ഒരു പോംവഴി കണ്ടെത്തി. കരുണാനിധി കുറച്ചുകാലം വ്യവസായ വകുപ്പിന്റെ ചുമതലകൂടി വഹിച്ചിട്ടുണ്ട്. ഏതു കാലത്താണു വ്യവസായിക്കഥ ഉണ്ടായതെന്നു പ്രസംഗത്തിൽ പറഞ്ഞിട്ടു മില്ല. അങ്ങനെ രണ്ടും തമ്മിൽ കൂട്ടിക്കെട്ടി തലയൂരി.

മുരളീധരന്റെ കോൺഗ്രസ് പ്രവേശനത്തിന് ഇനി തടസ്സമൊന്നുമില്ലെന്ന് സകല നേതാക്കൻമാരും ഒരേശബ്ദത്തിൽ പറയുന്നു. ഹൈക്കമാന്റ് ഒന്നു കനിഞ്ഞാൽ മാത്രം മതി. ഒരു സംശയം: കെ.കരുണാകരനായിരുന്നോ മുരളീധരന്റെ കോൺഗ്രസ് പ്രവേശനത്തിനു തടസ്സം? നേതാക്കൻമാർ പറയുന്നതു കേട്ടിട്ട് അങ്ങനെയാണു തോന്നുന്നത്.

വളരെക്കാലം കാത്തിരുന്നശേഷമാണ് കോൺഗ്രസ്സ് (S) എന്ന സാങ്കല്പിക പാർട്ടിക്ക് ഒരു മന്ത്രിസ്ഥാനം ലഭിച്ചത്. അങ്ങനെ കടന്നപ്പള്ളി മന്ത്രിയായി. ഒപ്പം നിൽക്കുന്നവർക്കും എന്തെങ്കിലുമൊക്കെ കിട്ടേണ്ടതല്ലേ? രാഷ്ട്രീയപ്രവർത്തനം എന്നത് നിഷ്ക്കാമകർമ്മമൊന്നുമല്ലല്ലോ. ഇത്തവണ ഭാഗ്യം കടാക്ഷിച്ചു എന്ന് ഏവരും കരുതി. പക്ഷേ പ്രതീക്ഷ അസ്ഥാനത്തായി. കടന്നപ്പള്ളിയുടെ പിടിപ്പുകേടുകൊണ്ട് നിരവധി സ്ഥാനമാനങ്ങൾ കൈവിട്ടു പോയി. കുറഞ്ഞപക്ഷം ഒരു ഡസൻ സ്ഥാനങ്ങളെങ്കിലും ഈ വിധത്തിൽ നഷ്ടമായിട്ടുണ്ടെന്നാണ് അണികളുടെ കണക്ക്. ഒടുവിൽ ഇതാ പി.എസ്.സി മെമ്പർ സ്ഥാനവും നഷ്ടമായിരിക്കുന്നു. ഇത് പാർട്ടിയിൽ ഒരു പൊട്ടിത്തെറിക്കുവരെ കാരണമായേക്കാം.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

ഞാൻ ദൈവത്തെയും, ജീവികൾക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനെയും സാക്ഷിവച്ച് അവന്റെ പ്രത്യക്ഷതയും രാജ്യവും ചൊല്ലി സത്യംചെയ്തു കല്പിക്കുന്നത്: വചനം പ്രസംഗിക്കുക; സമയത്തിലും അസമയത്തിലും ഒരുങ്ങിനില്ക്കുക; സകല ദീർഘക്ഷമയോടും ഉപദേശത്തോടുംകൂടെ ശാസിക്കുക; തർജ്ജനം ചെയ്യുക; പ്രബോധിപ്പിക്കുക അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കൻമാരെ പെരുക്കുകയും സത്യത്തിനു ചെവിക്കൊടുക്കാതെ കെട്ടുകഥ കേൾക്കുവാൻ തിരിയുകയും ചെയ്യുന്ന കാലം വരും. നീയോ സകലത്തിലും നിർമ്മദൻ ആയിരിക്കുക; കഷ്ടം സഹിക്കുക; സുവിശേഷകന്റെ പ്രവൃത്തി ചെയ്യുക; നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്കുക. (2തിമോ.4:1-5)

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**tsbalan.org tsbalan.net**

ബൈബിൾ റേഡിയോ

**www.thebibleradio.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
**വിലാസം:**
ടി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.ടി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.
(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ ടി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
ടി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.ടി.സിക്ക് സമീപം,
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9645077483**
**Local Calls from USA & Canada: (972)-213-1404**

# അന്യഭാഷയും കോപ്പിയടിച്ചു




കർത്താവായ യേശുക്രിസ്തു ഒരിക്കൽ ഇങ്ങനെ പറഞ്ഞു: ''അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നത്: സകല പാപവും ദൂഷണവും മനുഷ്യരോട് ക്ഷമിക്കും; ആത്മാവിനു നേരെയുള്ള ദൂഷണമോ ക്ഷമിക്കുകയില്ല. ആരെങ്കിലും മനുഷ്യപുത്രനു നേരെ ഒരു വാക്ക് പറഞ്ഞാൽ അത് അവനോട് ക്ഷമിക്കും; പരിശുദ്ധാത്മാവിനു നേരെ പറഞ്ഞാലോ ഈ ലോകത്തിലും വരുവാനുള്ളതിലും അവനോടു ക്ഷമിക്കുകയില്ല.'' (മത്താ.12:31,32.) ആരെങ്കിലും പറഞ്ഞ അന്യഭാഷ റിക്കാഡ് ചെയ്ത് പാട്ടിനോടൊപ്പം ചേർത്തു സി.ഡിയാക്കുന്നതു പരിശുദ്ധാത്മാവിനോടുള്ള ദൂഷണമാകുമോ? തീർച്ചയായും ആകും എന്നാണു ഡിഫെൻഡർ കരുതുന്നത്.

ചർച്ച് ഓഫ് ഗോഡിന്റെ മുളക്കുഴയിലുള്ള ഒരു കെട്ടിടത്തിനുള്ളിൽ വച്ചു റിക്കാഡ് ചെയ്ത പാട്ടിനോടൊപ്പം ഏതോ കൺവൻഷനിൽ പങ്കെടുത്ത ജനത്തെയും കാണിച്ച് വിൽസൻ ജനവഞ്ചന നടത്തിയ വിഷയം കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ വിശദീകരിച്ചിരുന്നല്ലോ. ഈ വിഷയത്തെക്കുറിച്ചു കൂടുതൽ അന്വേഷണം നടത്തിയപ്പോൾ ലഭിച്ച വിവരങ്ങൾ അവിശ്വസനീയമാണ്. പോട്ടയിലോ മുരിങ്ങൂരിലോ മറ്റോ ജനം കൺവൻഷനിൽ പങ്കെടുത്തതിന്റെ വീഡിയോയിലെ ദൃശ്യങ്ങളാണ് വിൽസൻ ഇസ്ക്കിയത്. വിൽസൻ പാട്ട് ആരംഭിക്കുമ്പോൾ ജനം എഴുന്നേൽക്കുന്ന ദൃശ്യം കാണിക്കും. പാട്ടു മുറുകുന്നതനുസരിച്ച് ദൃശ്യങ്ങളിൽ മാറ്റം വരുത്തും. പാട്ടിന്റെ അവസാനമാകുമ്പോൾ ജനം സ്പീഡിൽ കൈയ്യടിക്കുന്ന ദൃശ്യങ്ങൾ കാണിക്കും. ഏറ്റവും ഒടുവിൽ അന്യഭാഷയും മിക്സ് ചെയ്യും. ആരോ എവിടെയോ പറഞ്ഞ അന്യഭാഷകളാണ് ഈ വിധത്തിൽ കൂട്ടിച്ചേർക്കുന്നത്.

മുളക്കുഴയിൽ പാട്ട് റിക്കാഡ് ചെയ്തതിനു ദൃക്സാക്ഷിയായ ഒരാൾ ഡിഫെൻഡറിനെ അറിയിച്ചതിങ്ങനെ: ആദ്യം സ്റ്റുഡിയോയിൽ വച്ച് പാട്ടു റിക്കാഡ് ചെയ്തു. അതു കഴിഞ്ഞ് വിൽസനും സംഘവും ചർച്ച് ഓഫ് ഗോഡിന്റെ ഹാളിൽ വച്ച് പാട്ട് അഭിനയിച്ചു. ഈ ദൃശ്യങ്ങളോടൊപ്പം പാട്ട് മിക്സ് ചെയ്തു. കൺവൻഷന്റെ ദൃശ്യങ്ങൾ പുട്ടിനു പീരപോലെ ചേർത്തു. പാട്ടിന്റെ ഒടുവിൽ അന്യഭാഷയും കൂട്ടിച്ചേർത്ത് സി.ഡി ഇറക്കി. പ്രിയ സഹോദരങ്ങളേ, ഇത്തരക്കാരെ കൺവൻഷൻ സ്റ്റേജിന്റെ ഏഴയലത്തുപോലും അടുപ്പിക്കരുത്.



# റാങ്ക് നേടി



എം.ജി. യൂണിവേഴ്സ്റ്റി 2010ൽ നടത്തിയ എം.എസ്. ഡബ്ല്യൂ പരീക്ഷയിൽ പെന്തക്കോസ്ത് വിശ്വാസിയായ ഐറിൻ ജോസ് അമ്പാട്ട് ഒന്നാം റാങ്ക് നേടി. പെരുമ്പാവൂരിനു സമീപമുള്ള ജയ്ഭാരത് കോളജിലെ വിദ്യാർത്ഥിനിയായിരുന്നു. (www.jaibharathcollege.com)

ഐ.പി.സി കായനാട് (മൂവാറ്റുപുഴ) സഭയിലെ പാസ്റ്ററായ എ.വി.ജോസിന്റെ മകളാണ്. അമ്മ ഗ്രേസി ജോസ്. എം.ബി.എ. വിദ്യാർത്ഥിനിയായ എലിസബേത്ത്, ബി.ഡി.എസ്. വിദ്യാർത്ഥിയായ ജോ വർഗീസ് എന്നിവർ സഹോദരങ്ങളാണ്.

# പ്രവാചകിയെ സൂക്ഷിക്കുക

കള്ളപ്രവചനവുമായി അമേരിക്കയിൽ കറങ്ങുന്ന കള്ള പ്രവാചകിയെ സൂക്ഷിക്കണമെന്നു കഴിഞ്ഞലക്കം ഡിഫെൻഡറിൽ എഴുതിയിരുന്നു. ഈ വാർത്ത വായിച്ച പലരും ഇവരുടെ പേരും മറ്റും ചോദിക്കയുണ്ടായി. നിരവധി കള്ളപ്രവാചകൻമാർ അമേരിക്ക ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ ചുറ്റിക്കറങ്ങാറുണ്ടെങ്കിലും സ്ത്രീകൾ വളരെ അപൂർവ്വമായി മാത്രമേ ഒറ്റയ്ക്കു യാത്ര ചെയ്യാറുള്ളൂ. അതുകൊണ്ട് പേരു പറഞ്ഞില്ലെങ്കിലും ആളെ തിരിച്ചറിയാൻ കഴിയും എന്നു കരുതിയാണ് പേരും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നത് ഒഴിവാക്കിയത്. എന്നാൽ ഈ സ്ത്രീയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ആവശ്യപ്പെട്ട് നിരവധി ആളുകൾ വിളിക്കുകയും ഈമെയിൽ അയയ്ക്കുകയും ചെയ്തു. അതുകൊണ്ട് ഫോട്ടോ ഒഴികെയുള്ള വിവരങ്ങൾ വെളിപ്പെടുത്തുകയാണ്.

ചേർത്തല സ്വദേശിയാണ് ഈ സ്ത്രീ. വിനു എന്ന പേരിൽ അറിയപ്പെടുന്നു. വിവാഹിതയാണ്. ആദ്യ കാലങ്ങളിൽ വലിയ കുഴപ്പമില്ലായിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. പക്ഷേ പണവും പ്രശസ്തിയും ഉണ്ടായതോടെ കള്ളപ്രവചനം ആരംഭിച്ചു. കൂടോത്രം, കൈവിഷം, വരത്തുപോക്ക് തുടങ്ങിയവയാണ് ഇഷ്ട വിഷയങ്ങൾ. ഏതു വീട്ടിൽ ചെന്നാലും കൂടോത്രം ദർശനത്തിൽ കാണും. പിന്നെ ഈ കൂടോത്രത്തിന്റെ ശക്തി ഇല്ലാതാക്കാനായി ഉപവാസവും പ്രാർത്ഥനയും തുടങ്ങും. ഒടുവിൽ കൂടോത്രം ഇല്ലാതായതായി പ്രഖ്യാപിച്ച് അവസാനിപ്പിക്കും. അതോടെ പ്രവാചകിയുടെ കീശ നിറയും. ഇവർ അമേരിക്കയിൽ കാട്ടിക്കൂട്ടുന്നതും ഇതുതന്നെ.

# ഒരു കോമ്പൗണ്ടിൽ ഒരു ഐ.പി.സി റീജിയൻ

ദൈവമക്കളെ ഭിന്നിപ്പിക്കുന്ന കാര്യത്തിൽ ഐ.പി.സിയെ വെല്ലാൻ മറ്റാരുമില്ല. സംഘടനാവ്യത്യാസം മറന്ന് ദൈവമക്കൾ എവിടെയെങ്കിലും ആരാധിക്കുന്നതായി അറിഞ്ഞാൻ അവിടെയെത്തി കലക്കമുണ്ടാക്കും ഐ.പി.സി നേതാക്കൻമാരായ സർപ്പസന്തതികൾ. സംശയമുള്ളവർ ഖത്തറിലെ കഥ കേൾക്കൂ.

വർഷങ്ങൾക്കു മുമ്പ് ഖത്തറിലെത്തിയ ദൈവമക്കൾ സംഘടനാസ്പിരിറ്റ് മറന്ന് ആരാധിക്കാൻ തുടങ്ങി. സഭ വളരുന്നു എന്നു കണ്ടപ്പോൾ ഐ.പി.സി സ്പിരിറ്റ് തലപൊക്കി. അങ്ങനെ ഖത്തറിൽ ഐ.പി.സി ഉണ്ടായി. ഇതു മറ്റു ചിലർക്കു സഹിച്ചില്ല. അവർ ചർച്ച് ഓഫ് ഗോഡ്, എ.ജി തുടങ്ങിയവ ഉണ്ടാക്കി. ഈ സഭകൾ വീണ്ടും പിളർന്നു. പക്ഷേ പിളർപ്പിന്റെ കാര്യത്തിൽ ഐ.പി.സി മുൻപന്തിയിയിലെത്തി. ഇപ്പോൾ അര ഡസനിലധികം ഐ.പി.സി സഭകളുണ്ട് ഖത്തറിൽ. ആകെ മൊത്തം 500 വിശ്വാസികൾ ഉണ്ടാകും. ഈ സഭകളെല്ലാം ആരാധിക്കുന്നത് ഒരു കോമ്പൗണ്ടിലാണ്.

ഏഴു സഭകൾ ചേർന്നാൽ കേരളത്തിൽ ഒരു സെന്റർ പോലുമാകില്ല. എങ്കിലും കേരളമല്ലല്ലോ ഖത്തർ. അതുകൊണ്ട് ഏഴു സഭകൾ ചേർത്ത് ഒരു റീജിയൻ ഉണ്ടാക്കാൻ തീരുമാനിച്ചു. ഒരു കോമ്പൗണ്ട് ഒരു റീജിയൻ! ബലേ ഭേഷ്! റീജിയനായാൽ പിന്നെ റീജിയൻ കൺവൻഷൻ വേണം. അങ്ങനെ അതും സംഘടിപ്പിച്ചു. ഈ മാസം 26, 27, 28 തീയതികളിൽ അതു നടത്തും. പക്ഷേ ഓസ്ട്രേലിയക്കാർക്കു പറ്റിയ പറ്റ് ഏതായാലും ഖത്തറുകാർക്കു പറ്റിയില്ല. (കെ.സി.ജോൺ പക്ഷം, വൽസൻ പക്ഷം എന്നിങ്ങനെ രണ്ടു പക്ഷമുണ്ടായതാണ് ഓസ്ട്രേലിയയിലെ പ്രശ്നം.) ഖത്തറിൽ കെ.സി.ജോണും വൽസനും പ്രസംഗിക്കും. ഖത്തറുകാർക്കു പുത്തിയുണ്ട്.

# ബാലനു വീണ്ടും ഡോ ഓഫർ (25% ഡിസ്ക്കൗണ്ടോടെ)

നാലു കൊല്ലം മുമ്പ് കെ.സി.ജോണിനെ ഡോയാക്കിയ കക്ഷികൾ റ്റി.എസ്.ബാലനെയും ഡോയാക്കിയേ അടങ്ങൂ എന്ന വാശിയിലാണ്. ബാലന് 25% ഡിസ്ക്കൗണ്ട് നൽകാൻ അവർ തയ്യാറാണത്രേ. റ്റി.എസ്.ബാലന്റെ ഔദ്യോഗിക നാമധേയത്തിൽ ഈ മാസം 5ന് ലഭിച്ച ഈമെയിലിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

Dear Brother Balakrishnan,
Greetings in the name of Jesus!
Please send your bio-data and a photo by email in order to be considered for an Honorary Doctorate. After 25% discount we will be able to confer an honorary DD for Rs.7,500/-
The amount should be sent to us in the form of DD or MO in favor of IICM Educational Trust and have it mailed to IICM, 240, Velachery Main Road, Selaiyur, Chennai 600 073.
God Bless
Ms. UMA
IICM TEAM

നാണം എന്ന വാക്കിന്റെ അർത്ഥം ഊഹിക്കാനെങ്കിലും കഴിയുമെങ്കിൽ കെ.സി.ജോൺ ഇനി ഈ സ്ഥാപനം നൽകിയ ഡോയുമായി നടക്കരുത് എന്നേ ഡിഫെൻഡറിനു പറയാനുള്ളൂ.



# നേതാക്കൻമാരുടെ കള്ളപ്രവചനങ്ങൾ

കള്ളപ്രവചനം പറയുന്നവർക്ക് എന്താണു ശിക്ഷ? പഴയനിയമ കാലത്ത് മരണശിക്ഷ ലഭിക്കാവുന്ന കുറ്റമായിരുന്നു കള്ളപ്രവചനം. ''ഒരു പ്രവാചകൻ ഞാൻ അവനോടു കല്പിക്കാത്ത വചനം എന്റെ നാമത്തിൽ അഹങ്കാരത്തോടെ പ്രസ്താവിക്കുകയോ അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരണശിക്ഷ അനുഭവിക്കണം.'' ആവ. 18:20. പക്ഷേ ഇപ്പോൾ ന്യായപ്രമാണം നിലവിലില്ല. മാത്രമല്ല, ഇക്കാലത്ത് വധശിക്ഷ വിധിക്കാനുള്ള അധികാരം സഭയ്ക്കില്ല. എങ്കിലും ഈ കല്പന ആത്മീയ അർത്ഥത്തിൽ എടുക്കേണ്ടതാണ്. കള്ളപ്രവചനം പറയുന്നവരെ സഭയിൽ നിന്നു പുറത്താക്കണം.

എന്താ ഇപ്പോൾ ഈ വിഷയം എടുത്തിടാൻ കാരണം എന്നു സംശയമുണ്ടാകാം. കാരണമുണ്ട്. ഇതു കൺവൻഷൻ സീസണാണ്. പ്രസംഗിച്ചു ഷൈൻ ചെയ്യാൻ പ്രസംഗകർ മത്സരിക്കുന്ന കാലമാണിത്. ഈ സീസണിൽ പ്രസംഗം മോശമായാൽ അടുത്ത സീസണിൽ പ്രോഗ്രാം കുറയും. പ്രസംഗം നന്നായോ എന്ന് എങ്ങനെയാണു കണ്ടുപിടിക്കുക? ജനം ഇളകിയാൽ നല്ല പ്രസംഗം. ജനം ആട്ടുകല്ലുപോലെ ഇരുന്നാൽ പ്രസംഗം മഹാമോശം.

ജനത്തെ ഇളക്കാൻ എന്തുചെയ്യണം? ജനത്തിനു സന്തോഷം തോന്നുന്ന കാര്യങ്ങൾ പറഞ്ഞാൽ ജനം ഇളകും. എന്താണു ജനത്തിനു സന്തോഷം വരുന്ന കാര്യം? ''ഇതാ വരുന്നൂ അനുഗ്രഹം'' എന്നു പറഞ്ഞാൽ ജനത്തിനു സന്തോഷമാകും. പക്ഷേ ഇത് അല്പംകൂടി മോടിപിടിപ്പിക്കാൻ ഒരു വിദ്യയുണ്ട്: ''ദൈവത്തിന്റെ ആത്മാവു സംസാരിക്കുന്നു, ഇതാ അനുഗ്രഹം നിന്റെ പടിവാതിൽക്കൽ എത്തിയിരിക്കുന്നു.'' ജനം ശരിക്ക് ഇളകും. പ്രസംഗകന് അടുത്ത വർഷവും പ്രോഗ്രാം ഉറപ്പ്.

നല്ല കാര്യങ്ങൾ മാത്രം പറയുക, ദൈവാത്മാവു പറയുന്നു എന്നു പറയുക, ജനത്തിനു സന്തോഷമാകും. പ്രധാന പ്രസംഗകരെല്ലാം ഇങ്ങനെ കള്ളപ്രവചനം നടത്താറുണ്ട്, ദൈവാത്മാവിനെ നിന്ദിക്കാറുണ്ട്. ദൈവാത്മാവു പറയാത്ത കാര്യം ദൈവാത്മാവു പറയുന്നു എന്ന രീതിയിൽ വിളിച്ചു പറയുന്നത് കള്ളപ്രവചനമല്ലെങ്കിൽ പിന്നെ എന്താണ്? ന്യായപ്രമാണം അനുസരിച്ചു വധശിക്ഷ കിട്ടേണ്ട കുറ്റമാണിത്. ഇത്തരക്കാരെ സഭയിൽ നിന്നു പുറത്താക്കാനെങ്കിലും നമുക്കു കഴിയണം.

2011 അനുഗ്രഹത്തിന്റെ വർഷമായിരിക്കും എന്നു ചില പ്രസംഗകർ പ്രഖ്യാപിക്കുന്നു. എന്താ ഇത്ര ഉറപ്പ്? ദൈവാത്മാവു പറഞ്ഞത്രേ. ദൈവമക്കളെ ദൈവം അനുഗ്രഹിക്കുന്നത് വർഷക്കണക്കു നോക്കിയിട്ടാണോ? ദൈവമക്കളെ ദൈവം ഒരിക്കലും ശപിക്കുകയില്ല. ദൈവമക്കൾക്ക് അനുഗ്രഹം മാത്രമേ ഉണ്ടാകൂ എന്നതിനും സംശയമില്ല. പക്ഷേ അനുഗ്രഹം എന്ന വാക്കിന് ഭൗതീക അനുഗ്രഹം, ആരോഗ്യം എന്നൊക്കെ അർത്ഥം കൊടുക്കരുതെന്നു മാത്രം.

ധനവാന്റെയും ലാസറിന്റെയും കഥയിലെ ലാസർ അനുഗ്രഹിക്കപ്പെട്ടവനായിരുന്നു. അവന്റെ ആത്മാവിനെ ദൂതൻമാർ അബ്രഹാമിന്റെ മടിയിലേക്കു കൂട്ടിക്കൊണ്ടുപോയി. പക്ഷേ ഈ ഭൂമിയിലായിരുന്നപ്പോൾ അവന് ആരോഗ്യമോ പണമോ സുഖമോ ഉണ്ടായിരുന്നില്ല. ഇതെല്ലാം ഉണ്ടായിരുന്ന ധനവാൻ ശപിക്കപ്പെട്ടവനായിരുന്നു എന്നതും ശ്രദ്ധേയമാണ്. അതുകൊണ്ട് അനുഗ്രഹം എന്ന വാക്കിന് ഭൗതീക നേട്ടങ്ങൾ എന്ന് അർത്ഥം കൊടുക്കരുത്. വചനം അതല്ല പറയുന്നത്.

സാധുക്കളെ വിഡ്ഢികളാക്കുന്ന കാര്യത്തിൽ ദിനകരനെ വെല്ലാൻ ആളില്ല. പോൾ ദിനകരൻ ഇക്കൊല്ലവും കള്ളപ്രവചനം നടത്തിയിട്ടുണ്ട്. www.prayertoweronline.org/ എന്ന വെബ്സൈറ്റിന്റെ ആദ്യ പേജിൽ ''Revelation from God to Dr.Paul Dinakaran'' എന്ന ലിങ്ക് നോക്കുക. അങ്ങും ഇങ്ങും തൊടാതെ കുറെ കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. ഇവയിൽ ഒരു പ്രവചനവും തെറ്റിയെന്നു തെളിയിക്കാൻ പറ്റില്ല. ടി.വി. പരിപാടികളിൽ വെളിപ്പാടു പറയുന്നവരുണ്ട്. ഇന്നു റിക്കാഡ് ചെയ്യുന്ന പ്രസംഗം ആഴ്ചകളോ മാസങ്ങളോ കഴിഞ്ഞാകും സംപ്രേക്ഷണം ചെയ്യുക. ഒരു പ്രസംഗം പലവട്ടം സംപ്രേക്ഷണം ചെയ്തെന്നും വരാം. ഇത്തരം പ്രസംഗങ്ങളിലാണ് വെളിപ്പാടു പൊട്ടിക്കുന്നത്:

''കഠിനമായ തലവേദനയാൽ ഭാരപ്പെടുന്ന ഒരു സഹോദരിയെ ദൈവാത്മാവു കാണിക്കുന്നു. ഇതാ നിന്റെ തലവേദന ഈ ക്ഷണം മാറുകയാണ്'' എന്നു ധൈര്യമായി പറയാം. ഈ പ്രസംഗം ഏതു ദിവസം സംപ്രേക്ഷണം ചെയ്താലും തലവേദനയുള്ള ഒന്നിലധികം സഹോദരിമാർ കേൾക്കുന്നുണ്ടാകും. ഇവരിൽ ചിലർ തങ്ങൾക്കു രോഗശാന്തി ലഭിച്ചതായി സാക്ഷ്യം എഴുതി അറിയിക്കയും ചെയ്യും. ഇങ്ങനെ ലഭിക്കുന്ന സാക്ഷ്യങ്ങൾ പരിപാടിക്കിടയിൽ വായിക്കകൂടി ചെയ്താൽ സംഗതി കൂടുതൽ ഭേഷാകും. തലവേദനയ്ക്കു പകരം വയറ്റിൽ വേദന, കൈകാൽ കഴപ്പ്, ഗ്യാസ് ട്രബിൾ, ക്യാൻസർ തുടങ്ങി ഏതു രോഗവും പറയാം. സഹോദരിക്കു പകരം സഹോദരനെന്നോ അപ്പച്ചനെന്നോ അമ്മച്ചിയെന്നോ പറയാം. രോഗത്തിനു പകരം കടഭാരം, വിസ പ്രശ്നം, കള്ളക്കേസ്സ്, അതിരുപ്രശ്നം, ജപ്തി തുടങ്ങി മനുഷ്യനുണ്ടാകുന്ന ഏതു പ്രശ്നവും പറയാം. പൊട്ടക്കണ്ണന്റെ ഏറുപോലെ ഒത്താൽ ഒത്തു. ഒത്തില്ലെങ്കിലും പ്രശ്നമില്ല. ആരും എതിർക്കാൻ വരില്ല. ഇത്തരം കള്ളപ്രവാചകൻമാരെ നിലക്കു നിർത്താൻ ആരും ഇല്ലാതെപോയല്ലോ!

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ഐ.പി.സി ഈയിടെ ചില പ്രസംഗകരെ പുറത്താക്കിയതായി അറിഞ്ഞു. ഡിഫെൻഡർ അതിനെ അനുകൂലിച്ച് എഴുതുകയും ചെയ്തിരിക്കുന്നു. പുറത്താക്കപ്പെട്ട ആരും ഐ.പി.സിയിലെ അംഗങ്ങളല്ല. അവരെ പുറത്താക്കാൻ ഐ.പി.സിക്ക് എന്ത് അധികാരം?

■ കെ.എ.ഏബ്രഹാം, ദേവസ്യ മുല്ലക്കര, സജിത് കണ്ണൂർ, ബിജി അഞ്ചൽ, ജോൺ ലോറൻസ് എന്നിവരെ കൺവൻഷനും മറ്റും വിളിക്കുന്നത് ഒഴിവാക്കാൻ ഐ.പി.സി തീരുമാനിച്ചു. ഇവരെ ഒഴിവാക്കാൻ ചർച്ച് ഓഫ് ഗോഡും ഇപ്പോൾ തീരുമാനിച്ചിരിക്കയാണ്. അതുപോലെ അന്ന കണ്ടത്തിൽ, ജെ.സി. പാറക്കടവിൽ, റെജി നാരായണൻ എന്നിവരെ ഒഴിവാക്കാൻ ചർച്ച് ഓഫ് ഗോഡും തീരുമാനിച്ചു. ഈ തീരുമാനങ്ങളെ തത്ത്വത്തിൽ അംഗീകരിച്ചുകൊണ്ട് ഡിഫെൻഡർ ലേഖനമെഴുതുകയും ചെയ്തു. പക്ഷേ ചോദ്യം ഒരു തെറ്റിദ്ധാരണയുടെ ഫലമായി ഉണ്ടായതാണ് എന്നു വ്യക്തം.

അകത്തുള്ളവരെ മാത്രമെ പുറത്താക്കാൻ പറ്റൂ. ഐ.പി.സിയിൽ അംഗത്വമില്ലാത്തവർ ഐ.പി.സിയുടെ അകത്തല്ല. അതുകൊണ്ട് അവരെ ഐ.പി.സിക്കു പുറത്താക്കാനും പറ്റില്ല. ചർച്ച് ഓഫ് ഗോഡിൽ അംഗമല്ലാത്തവരെ ചർച്ച് ഓഫ് ഗോഡ് എങ്ങനെ പുറത്താക്കും? സംശയം ന്യായമാണ്. പക്ഷേ ഇവരെ പുറത്താക്കിയെന്ന് ഐ.പി.സിയോ ചർച്ച് ഓഫ് ഗോഡോ പറഞ്ഞിട്ടില്ല. ഈ സഭകൾ പറയാത്ത കാര്യം പറഞ്ഞെന്നു പ്രചരിപ്പിച്ച് കൺഫ്യൂഷനുണ്ടാക്കരുത്.

കെ.എ.ഏബ്രഹാമിനെയും കൂട്ടരെയും ഒഴിവാക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഐ.പി.സി അയച്ച കത്തിൽ ഇങ്ങനെയാണു പറയുന്നത്: ''നമ്മുടെ കൺവൻഷൻ സീസൺ ആരംഭിച്ചുവല്ലോ. നിർമ്മല സുവിശേഷം പ്രചരിപ്പിക്കുവാൻ എല്ലാവരും ഉത്സാഹിക്കേണ്ടതാണ്. ദുരുപദേശം പ്രസംഗിക്കുന്നവരെയും സാമുദായിക സാമൂഹ്യ സൗഹൃദം തകർക്കുന്നവരെയും നമ്മുടെ കൺവൻഷനുകളിൽ പ്രസംഗിക്കുവാൻ ക്ഷണിക്കരുത് എന്ന് അറിയിച്ചിരുന്നുവല്ലോ. സുവിശേഷകൻമാരായ കെ.എ.ഏബ്രഹാം, ജോൺ ലോറൻസ്, ബിജി അഞ്ചൽ, സജിത് കണ്ണൂർ, ദേവസ്യ മുല്ലക്കര തുടങ്ങിയവർക്ക് ഐ.പി.സി കേരള കൗൺസിലിന്റെ അംഗീകാരം ഇല്ലായെന്നുള്ള 14-12-2010ലെ കൗൺസിൽ തീരുമാനം അറിയിച്ചുകൊള്ളുന്നു.'' ഇതാണ് ഐ.പി.സിയുടെ കത്തിലുള്ളത്. പുറത്താക്കിയെന്ന് എവിടെയാണു പറയുന്നത്?

അന്ന കണ്ടത്തിൽ, ജെ.സി. പാറക്കടവിൽ, റെജി നാരായണൻ എന്നിവരെ ഒഴിവാക്കാനുള്ള തീരുമാനം ഓവർസിയർ ശുശ്രൂഷക സമ്മേളനത്തിൽ പ്രഖ്യാപിക്കുകയായിരുന്നു. അതുകൊണ്ട് വിശദാംശങ്ങൾ ലഭ്യമല്ല. എങ്കിലും ഇവരെ ചർച്ച് ഓഫ് ഗോഡിൽ നിന്നു പുറത്താക്കി എന്നു പറയാനുള്ള വിവരക്കേട് പാസ്റ്റർ എം. കുഞ്ഞപ്പിക്കുണ്ടെന്നു തോന്നുന്നില്ല. ഐ.പി.സി ഒഴിവാക്കിയവരെ ചർച്ച് ഓഫ് ഗോഡും ഒഴിവാക്കണമെന്നു നിർദ്ദേശിച്ച് അയച്ച കത്തിൽ ഇപ്രകാരമാണു പറയുന്നത്: ''ഐ.പി.സി. പരസ്യമായി വിലക്ക് കല്പിച്ചിട്ടുള്ള ശുശ്രൂഷകന്മാരെ യാതൊരു കാരണവശാലും ദൈവസഭയുടെ ഒരു യോഗത്തിലും ക്ഷണിക്കുവാൻ അനുവാദമില്ല. ഇതിനോടകം പ്രോഗ്രാം കൊടുത്തിട്ടുണ്ടെങ്കിൽ എത്രയും വേഗം ആയത് ഒഴിവാക്കേണ്ടതാണ്.'' പുറത്താക്കുന്നു എന്ന് ഇവിടെയും പറയുന്നില്ല.

പാസ്റ്റർ ഫിലിപ്പ് പി.തോമസ് സൂര്യാ ടി.വിയോടു പറഞ്ഞ വാചകങ്ങൾ ഈ വിഷയത്തിൽ പ്രസക്തമാണ്:''ഞങ്ങടെ സഭക്ക് ഒരു വിശ്വാസപ്രമാണമുണ്ട്. ഞങ്ങൾ വേദപുസ്തകം വ്യാഖ്യാനിക്കുന്ന ഒരു രീതിയുണ്ട്. അതിനു വിരുദ്ധമായ വിശ്വാസപ്രമാണം പ്രചരിപ്പിക്കുന്നവരെയും ഞങ്ങൾ വേദപുസ്തകം വ്യാഖ്യാനിക്കുന്നതിനു വിപരീതമായി വേദപുസ്തകം വ്യാഖ്യാനിക്കുന്നവരെയും ഞങ്ങടെ സഭയിൽ നിന്ന് ഒഴിവാക്കാനുള്ള അവകാശം ഞങ്ങൾക്കുള്ളതുകൊണ്ടു ചെയ്തതാണ്.'' ഇതാണു കാര്യം.

ഈ പ്രസംഗകരോടു വിശദീകരണം ചോദിക്കയോ ഇവർക്കു പറയാനുള്ളതു കേൾക്കുകയോ ചെയ്യാതെ നടപടിയെടുത്തതു ശരിയായില്ല എന്നു വാദിക്കുന്നവരുണ്ട്. ശുദ്ധ വിവരക്കേടാണ് ഈ പറയുന്നത്. തങ്ങളുടെ സഭയിലെ അംഗങ്ങളല്ലാത്തവരോടു വിശദീകരണം ചോദിക്കാൻ ഐ.പി.സിക്കോ ചർച്ച് ഓഫ് ഗോഡിനോ അധികാരമില്ല. അതുകൊണ്ടാണ് വിശദീകരണം ചോദിക്കാതിരുന്നത് എന്ന് അനുമാനിക്കാം. പക്ഷേ തങ്ങളുടെ സഭയിൽ ആരൊക്കെ പ്രസംഗിക്കണം, ആരെയൊക്കെ ഒഴിവാക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കാനുള്ള അധികാരവും സ്വാതന്ത്ര്യവും അതാതു സഭകൾക്കുണ്ട്. അതിൽ മറ്റുള്ളവർ ഇടപെടുന്നതു ശരിയല്ല.

കെ.എ.ഏബ്രഹാമിനെയും കൂട്ടരെയും വേണ്ടെന്ന് ഐ.പി.സി തീരുമാനിച്ചു. ആ തീരുമാനം ചർച്ച് ഓഫ് ഗോഡും അംഗീകരിച്ചു. ഇതിൽ എന്താണു തെറ്റ്? ഇതു കുറച്ചുകൂടി നേരത്തെ ചെയ്യേണ്ടതായിരുന്നു.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറി ഡിഫെൻഡർ ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നു.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല. ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകങ്ങളിൽ നിന്നു സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. എല്ലാംകൂടി നാലുലക്ഷത്തിൽ അധികം പേജുകൾ. പുസ്തക രൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും. എങ്കിലും 40 സി.ഡികൾ അടങ്ങുന്ന ഒരുസെറ്റ് ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്കു ലഭിക്കും.

# ലൈബ്രറി ഓഫ് തിയോളജി

വേദവിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ് ഈ സി.ഡികൾ. അതുകൊണ്ടാണ് ലൈബ്രറി ഓഫ് തിയോളജി എന്നു പേരിട്ടിരിക്കുന്നത്. പുസ്തകങ്ങളെ 10 ഇനങ്ങളായി തരം തിരിച്ചിരിക്കുന്നു. 1. പഴയനിയമം. 2. പുതിയനിയമം. 3. തിയോളജി. 4. എത്തിക്സ്. 5. ഹിസ്റ്ററി. 6. റിലീജിയൻസ്. 7. മിനിസ്ട്രി. 8. കൾട്ടും ഒക്കൾട്ടും. 9. ജീവചരിത്രങ്ങളും ആത്മകഥകളും. 10. പലവക. ആയിരക്കണക്കിനു രൂപ വിലവരുന്ന പുസ്തകങ്ങളും അത്യപൂർവ്വ ഗ്രന്ഥങ്ങളും ഈ ഡിജിറ്റൽ ലൈബ്രറിയിലുണ്ട്. ഇതാ ചില സാമ്പിളുകൾ:

ജോസീഫസിന്റെ സമ്പൂർണ്ണ കൃതികൾ, ബൈബിളിലെ ഓരോ പുസ്തകത്തിന്റേയും വ്യാഖ്യാനങ്ങൾ, തൽമൂദുകൾ, ചാവുകടൽ ചുരുളുകൾ, വിവിധ ഡിക്ഷ്ണറികൾ, ഹാനോക്കിന്റെ പുസ്തകം ഉൾപ്പെടെയുള്ള അത്യപൂർവ്വ അപ്പോക്രിഫൽ പുസ്തകങ്ങൾ, പ്രശസ്ത ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ, സോക്രട്ടീസ്-പ്ലേറ്റോ-അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ, അപൂർവ്വ ചരിത്ര പുസ്തകങ്ങൾ, വേദങ്ങൾ, ഖുറാൻ, ത്രിപിടിക, സെന്റ് അവസ്ത, സാത്താനിക് ബൈബിൾ, പ്രാചീന നിഗൂഢ മതങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, മൊർമോൺ പുസ്തകം, കൾട്ടുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ, ഒക്കൾട്ടുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ ..... ദൈവശാസ്ത്രം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ ഒഴിവാക്കാനാവില്ല. ആകെ 10 സി.ഡികൾ. വില: 900 രൂപ. പോസ്റ്റേജ് സൗജന്യം.

വീട്ടിൽ ഒരു റഫറൻസ് ലൈബ്രറിക്ക് 1900 രൂപയും ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപയുമാണു വില. (വിദേശത്ത് യഥാക്രമം 80 ഡോളർ, 50 ഡോളർ). എന്നാൽ രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങുന്നവർ 1900+900 =2800ന് പകരം 2500 രൂപ നൽകിയാൽ മതിയാകും. വിദേശത്ത് രണ്ടു സെറ്റുകൾക്കുംകൂടി 100 ഡോളർ മാത്രം. പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ 2500 രൂപയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. പണം അയയ്ക്കാനുള്ള വിലാസവും മറ്റും അവസാന പേജിലുള്ള പരസ്യത്തിലുണ്ട്.

# അദൃശ്യലോകത്തെ അത്ഭുതജീവികൾ

അടിസ്ഥാന വിശ്വാസ പ്രമാണങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് 2010 മാർച്ച് മുതൽ ഡിഫെൻഡറിന്റെ അഞ്ചാം പേജിൽ വിശദീകരിച്ചുകൊണ്ടിരുന്നത്. ആ ലേഖന പരമ്പര കഴിഞ്ഞ ലക്കത്തോടെ അവസാനിച്ചു. ഈ ലക്കം മുതൽ മറ്റൊരു വിഷയം പഠനവിധേയമാക്കുവാൻ ആഗ്രഹിക്കുന്നു.

''അദൃശ്യലോകത്തിലെ അത്ഭുത ജീവികൾ'' എന്ന തലക്കെട്ടിൽനിന്നുതന്നെ വിഷയത്തെക്കുറിച്ച് ഒരു ഏകദേശ രൂപം കിട്ടിക്കാണുമല്ലോ. നാം കാണാത്ത ഒരു ലോകമുണ്ട്. ആ ലോകത്ത് ദൈവദൂതൻമാർ, സാത്താൻ, ദുരാത്മാക്കൾ തുടങ്ങി പലതുമുണ്ട്. ഇതൊക്കെയാണ് ഈ ലേഖന പരമ്പരയിൽ പഠനവിധേയമാക്കുന്നത്. നിരവധി ലക്കങ്ങൾ നീളുന്ന ഒരു ലേഖന പരമ്പരയായിരിക്കും ഇത്.

അദൃശ്യലോകം എന്നൊന്നുണ്ടോ എന്നതാണ് ആദ്യമായി പരിശോധിക്കേണ്ടത്. കാണാൻ കഴിയുന്ന ലോകത്തെ പ്രധാനമായി രണ്ടായി തിരിക്കാം. നാം കൺമുമ്പിൽ കാണുന്ന ലോകം, നാം കാണാറില്ലെങ്കിലും ഉണ്ടെന്നു ബോധ്യമുള്ള ലോകം. ഉദാഹരണത്തിന്, നമ്മുടെ വീട്, നാട്, ബന്ധുമിത്രാദികൾ തുടങ്ങി പലതും നാം നേരിൽ കാണുന്നു. പക്ഷേ നാം കാണാത്തവയെങ്കിലും ഉള്ളതെന്നു നമുക്കു ബോധ്യമുള്ള നിരവധി വസ്തുക്കളുണ്ട്. ഉദാഹരണത്തിന് അന്റാർട്ടിക്ക നാം കണ്ടിട്ടില്ലെങ്കിലും അങ്ങനെയൊരു ഭൂപ്രദേശമുണ്ടെന്ന കാര്യത്തിൽ നമുക്കു സംശയമില്ല. അമീബയെ കണ്ടിട്ടുള്ളവർ ഏറെയില്ല. മറ്റു സൂക്ഷ്മ ജീവികളെയും സാധാരണക്കാർ കാണാറില്ല. പക്ഷേ ഇവയൊക്കെ ഉണ്ട് എന്നത് ഒരു വസ്തുതയാണ്. നാം അത് അംഗീകരിക്കുകയും ചെയ്യുന്നു.

അദൃശ്യലോകത്തിന്റെ കാര്യം അങ്ങനെയല്ല. പ്രേതങ്ങൾ ഉണ്ടെന്നും ഇല്ലെന്നും വാദിക്കുന്നവരുണ്ട്. ഇരു പക്ഷത്തിനും തങ്ങളുടെ നിലപാടു സ്ഥാപിക്കാൻ കുറെ 'തെളിവുകൾ' ഹാജരാക്കാൻ കഴിഞ്ഞെന്നും വരാം. എങ്കിലും പ്രേതങ്ങളുണ്ട് എന്നു ശാസ്ത്രീയമായി തെളിയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല.

ജ്യോതിഷത്തിന്റെ കാര്യവും ഇങ്ങനെതന്നെ. ഗ്രഹനില നോക്കി ഭാവി ഫലം കൃത്യമായി പറയാൻ കഴിയുമെന്നു ചിലർ വിശ്വസിക്കുന്നു. കൈരേഖ നോക്കി ഭാവി പ്രവചിക്കുന്നവരുമുണ്ട്. ഇങ്ങനെ വിവിധ മാർഗ്ഗങ്ങളിലൂടെ ഭാവി പ്രവചിക്കുവാൻ കഴിയും എന്നാണ് വാദം. എന്നാൽ ഇതൊന്നും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല.

ദൂതൻമാർ, സാത്താൻ, അശുദ്ധാത്മാക്കൾ തുടങ്ങിയവ ഉണ്ടെന്നു നാം വിശ്വസിക്കുന്നു. കാരണം, ബൈബിൾ അങ്ങനെ പറയുന്നു. ഈ വിശ്വാസം എത്രത്തോളം സത്യമാണ്? ഇതിനൊക്കെ ശാസ്ത്രീയ അടിത്തറയുണ്ടോ? യുക്തിവാദികളും മറ്റും പറയുന്നതുപോലെ ഇവ അന്ധവിശ്വാസമാണോ?

ബൈബിൾ ദൈവവചനമാണെന്നു ഞാൻ വിശ്വസിക്കുന്നു. അച്ചടിപ്പിശക്, തർജ്ജമപ്പിശക്, പകർത്തിയെഴുതിയപ്പോൾ ഉണ്ടായിട്ടുള്ള തെറ്റുകൾ തുടങ്ങിയവ ഒഴിവാക്കിയുള്ള ബൈബിളിൽ ഞാൻ അന്ധമായി വിശ്വസിക്കുന്നു. എനിക്കു മനസ്സിലായില്ലെങ്കിലും എന്റെ ബുദ്ധിയിൽ ഒതുങ്ങിയില്ലെങ്കിലും ഞാൻ ബൈബിളിലുള്ളതെല്ലാം വിശ്വസിക്കും. ഇത് അന്ധവിശ്വാസമല്ലേ എന്നു ചോദിച്ചേക്കാം. അതെ, ഒരർത്ഥത്തിൽ അന്ധവിശ്വാസം തന്നെ. പക്ഷേ വലിയവനായ ദൈവത്തിന്റെ മുമ്പിൽ ഞാൻ വെറുമൊരു കൃമി മാത്രമാണെന്ന് എനിക്കറിയാം. കൃമിക്കു മനസ്സിലായില്ല എന്നതുകൊണ്ടു ശാസ്ത്രം വ്യാജമാകുന്നില്ല.

ഏതുതരം അന്ധവിശ്വാസവും നമുക്കു സ്വീകാര്യമാണ് എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. യുക്തിചിന്ത അതിൽത്തന്നെ പാപവുമല്ല. യുക്തിവാദികളോടു വിശ്വാസികൾ വച്ചു പുലർത്തുന്ന അന്ധമായ വിരോധം മാറ്റേണ്ടതാണ്. 'ഞാൻ പിടിച്ച മുയലിന് കൊമ്പുകൾ നാല്' എന്ന വിധത്തിലുള്ള യുക്തിവാദം ആരെങ്കിലും നടത്തുന്നുണ്ടെങ്കിൽ അതു തെറ്റുതന്നെ. പക്ഷേ സത്യം കണ്ടെത്താനായി നടത്തുന്ന അന്വേഷണങ്ങൾ നല്ലതുതന്നെ. അന്ധവിശ്വാസത്തിൽ ആശ്വാസം കണ്ടെത്താൻ ശ്രമിക്കുന്നവർ മാത്രമേ യഥാർത്ഥ യുക്തിവാദികളെ വെറുക്കൂ.

വിവരങ്ങൾ ശേഖരിക്കുക, ലഭിച്ച വിവരങ്ങൾ പഠനവിധേയമാക്കുക, നിഗമനങ്ങളിലെത്തുക തുടങ്ങിയവയൊക്കെ സത്യാന്വേഷണത്തിന്റെ ഭാഗമാണ്. നമുക്കു വിവരങ്ങൾ ലഭിക്കുന്നത് പഞ്ചേന്ദ്രിയങ്ങളിലൂടെയാണ്. കണ്ണ്, ചെവി, മൂക്ക്, നാക്ക്, ത്വക്ക് എന്നിവയെയാണ് പഞ്ചേന്ദ്രിയങ്ങൾ എന്നു വിളിക്കുന്നത്. കൈകാലുകൾ, ശബ്ദം എന്നിവയിലൂടെയാണ് നാം പ്രതികരിക്കുന്നത്.

നാം കാണുന്നതെല്ലാം സത്യമാണോ? മുഴുവൻ സത്യവും നാം കാണുന്നുണ്ടോ? നാം കാണുന്നില്ല എന്നതുകൊണ്ട് സത്യം സത്യമല്ലാതാകുമോ? പരിശോധിക്കേണ്ടതാണ്. ചുവപ്പു മുതൽ വയലറ്റ് വരെയുള്ള ഏഴു നിറങ്ങൾ കാണാനുള്ള കഴിവു മാത്രമേ നമ്മുടെ കണ്ണുകൾക്കുള്ളൂ. എല്ലാ നിറവും ഒന്നിച്ചു കാണുമ്പോൾ വെളുപ്പെന്നു നാം പറയുന്നു. ഒരു നിറവും കാണുന്നില്ലെങ്കിൽ കറുപ്പുനിറമായി. വിവിധ നിറങ്ങൾ വിവിധ അനുപാതങ്ങളിൽ കലർന്നാൽ മറ്റു വർണ്ണങ്ങളുണ്ടാകും.

ഏഴു നിറങ്ങളുണ്ടെങ്കിലും ചുവപ്പ്, നീല, പച്ച എന്നീ നിറങ്ങൾ ഉപയോഗിച്ച് കറുപ്പും വെളുപ്പും ഉൾപ്പെടെയുള്ള എല്ലാ നിറങ്ങളുമുണ്ടാക്കാം. കമ്പ്യൂട്ടറിൽ ആർ.ബി.ജി എന്നു പറയുന്നത് ഈ വിധത്തിലുള്ള ചിത്രങ്ങളെയാണ്. റെഡ്, ബ്ലൂ, ഗ്രീൻ എന്നീ നിറങ്ങളുടെ ചുരുക്കെഴുത്താണത്. ഇതുകൂടാതെ, സിയാൻ, മജന്ത, മഞ്ഞ, കറുപ്പ് എന്നീ നിറങ്ങൾ ഉപയോഗിച്ചും വിവിധ നിറഭേദങ്ങളുണ്ടാക്കാം. ഓഫ്സെറ്റ് പ്രിന്റിംഗിന് ഈ നിറങ്ങളാണ് ഉപയോഗിക്കുന്നത്. കളറിൽ അടിച്ച പത്രങ്ങളുടെ അരികിൽ സി.എം.വൈ.കെ എന്നു കാണുന്നത് ഈ കാരണത്താലാണ്.

ഏഴു നിറങ്ങൾ മാത്രമേ നാം കാണുന്നുള്ളൂ എന്നതുകൊണ്ട് ഏഴു നിറങ്ങളേയുള്ളൂ എന്നു ധരിക്കരുത്. വയലറ്റിന് അപ്പുറവും ചുവപ്പിന് ഇപ്പുറവും നിറങ്ങളുണ്ട്. പക്ഷേ അവ നമുക്കു കാണാൻ കഴിയുന്നില്ല എന്നു മാത്രം. വയലറ്റിന് അപ്പുറമുള്ള നിറങ്ങളെ ആൾട്രാ വയലറ്റ് എന്നും ചുവപ്പിന് ഇപ്പുറമുള്ള നിറങ്ങളെ ഇൻഫ്രാ റെഡ് എന്നും വിളിക്കുന്നു. ആൾട്രാ വയലറ്റ് കിരണങ്ങൾ നമുക്കു കാണാൻ കഴിയുകയില്ലെങ്കിലും അതിന്റെ ഫലം അനുഭവിക്കാൻ കഴിയും. ചില വസ്തുക്കളിൽ ആൾട്രാ വയലറ്റ് കിരണങ്ങൾ പതിക്കുമ്പോൾ നമുക്കു കാണാൻ കഴിയുന്ന പ്രകാരം ഉണ്ടാകുകയും ചെയ്യും. ആൾട്രാ വയലറ്റ് നിറങ്ങളേക്കാൾ തരംഗദൈർഘ്യം കുറഞ്ഞ എക്സ്റേ ആന്തരാവയവങ്ങളുടെ ചിത്രങ്ങളും മറ്റും എടുക്കാൻ ഉപയോഗിക്കുന്നതുകൊണ്ട് നമുക്കു കുറെയൊക്കെ പരിചയമുള്ളതാണല്ലോ. എങ്കിലും എക്സ്റേ ആരും കണ്ടിട്ടില്ല, കാണാൻ കഴിയുന്നതുമല്ല. മനുഷ്യനു കാണാൻ കഴിയുന്ന അളവിലും അധികം തരംഗദൈർഘ്യമുള്ള പ്രകാശമാണ് ഇൻഫ്രാ റെഡ് എന്നു സാമാന്യമായി പറയാം. വിശദാംശങ്ങളിലേക്കു കടക്കേണ്ട ആവശ്യമില്ലല്ലോ.

നിറങ്ങൾ തിരിച്ചറിയാൻ കഴിവില്ലാത്ത മനുഷ്യരുണ്ട്. ഇങ്ങനെയുള്ളവർ എല്ലാം കറുപ്പോ വെളുപ്പോ ആയി മാത്രം കാണുന്നു. ചില നിറങ്ങൾ മാത്രം കാണാൻ കഴിയുന്നവരുമുണ്ട്.

ശബ്ദത്തിന്റെ കാര്യത്തിലുമുണ്ട് ഇത്തരം പ്രശ്നങ്ങൾ. 20 HZ മുതൽ 20,000 HZ വരെയുള്ള ശബ്ദങ്ങൾ മാത്രമേ മനുഷ്യനു കേൾക്കാൻ കഴിയൂ. പക്ഷേ ഭൂരിപക്ഷം പക്ഷിമൃഗാദികൾക്കും ഇതിന്റെ ഇരട്ടിയോ അതിലധികമോ ശ്രവണശക്തിയുണ്ട്.

മണമറിയാനുള്ള കഴിവും മനുഷ്യനു കുറവാണ്. ഭൂരിപക്ഷം മൃഗങ്ങൾക്കും മനുഷ്യനേക്കാൾ ഘ്രാണശക്തിയുണ്ട്. പോലീസ് നായ്ക്കൾ ഘ്രാണശക്തി ഉപയോഗിച്ചാണു മയക്കുമരുന്നുകൾ, സ്ഫോടക വസ്തുക്കൾ തുടങ്ങിയവ തിരയുന്നതും കുറ്റവാളികളെ കണ്ടെത്തുന്നതും.

നമുക്കു രുചികരമായി തോന്നുന്ന ചില സാധാനങ്ങൾ മറ്റു ജീവികൾക്ക് രുചിക്കാറില്ല. നമുക്ക് ഇഷ്ടമല്ലാത്തവ ഇതര ജീവികൾക്ക് രുചിക്കാറുമുണ്ട്. അതുകൊണ്ട് രുചി അറിയുക എന്നത് ആപേക്ഷികമാണെന്നു പറയേണ്ടിവരും.

സ്പർശന ശക്തിയുടെ കാര്യത്തിലും മനുഷ്യർ പിന്നിലാണ്. മനുഷ്യനു മീശകൊണ്ട് വലിയ പ്രയോജനമൊന്നുമില്ല. പക്ഷേ അതല്ല മൃഗങ്ങളുടെ സ്ഥിതി. കൂരിരുട്ടിൽ പോലും സഞ്ചരിക്കാനും ഇര പിടിക്കാനും മൃഗങ്ങൾക്കു കഴിയുന്നത് മുഖത്തുള്ള നീണ്ട രോമങ്ങളുടെ സഹായത്താലാണ്.

മൃഗങ്ങൾക്ക് ആറാമതൊരു ഇന്ദ്രിയമുണ്ടോ? അറിഞ്ഞുകൂടാ. ഒരിക്കൽ സഞ്ചരിച്ച വഴികളിലൂടെ വീണ്ടും സഞ്ചരിക്കാൻ പക്ഷിമൃഗാദികൾക്ക് അസാമാന്യ കഴിവുണ്ട്. വളർത്തുമൃഗങ്ങളെ നൂറു കണക്കിനു മൈലുകൾ അകലെ കൊണ്ടുപോയാലും പരസഹായം കൂടാതെ അവ സ്വന്തം വാസസ്ഥലത്തേക്കു മടങ്ങിവരും. ഭൂകമ്പങ്ങളും മറ്റും ഉണ്ടാകുന്നതിനു മുമ്പ് പല ജീവികൾക്കും അത് തിരിച്ചറിയാൻ കഴിയാറുണ്ട്. മനുഷ്യരെക്കാൾ ബുദ്ധി കുറഞ്ഞ പക്ഷിമൃഗാദികൾക്ക് മനുഷ്യർക്കില്ലാത്ത പല കഴിവുകളും ഉണ്ടെന്നതാണു വസ്തുത. ഒരുപക്ഷേ ഇവയ്ക്ക് ആറാമിന്ദ്രിയം എന്നൊന്നുണ്ടായിരിക്കാം.

ഈ വസ്തുതകളൊക്കെ വിശദീകരിക്കാൻ കാരണമുണ്ട്. ചന്ദ്രനിൽ കാലു കുത്തുക വരെ ചെയ്തവരാണു മനുഷ്യരെങ്കിലും മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്കും ബുദ്ധിക്കും പരിമിതികളുണ്ട്. നാം കാണുന്നില്ല എന്നതുകൊണ്ട് ആൾട്രാ വയലറ്റ്, ഇൻഫ്രാ റെഡ് രശ്മികൾ ഇല്ല എന്നു വരുന്നില്ല. നിറങ്ങൾ കാണാൻ ചില മനുഷ്യർക്കു കഴിയുന്നില്ല എന്നതുകൊണ്ട് നിറങ്ങൾ ഇല്ല എന്നു പറയുന്നതെങ്ങനെ? നാം ഒരു ശബ്ദവും കേൾക്കുന്നില്ല എന്നതുകൊണ്ട് അന്തരീക്ഷത്തിൽ ശബ്ദമേയില്ല എന്നു പറയാമോ? വിവിധ മൊബൈൽ ഫോണുകളിൽ നിന്നുള്ള സിഗ്നലുകൾ ഒരേസമയം അന്തരീക്ഷത്തിലൂടെ കടന്നുപോകുന്നുണ്ടെങ്കിലും അവയൊന്നും നമ്മുടെ ചെവിയിലെത്തുന്നില്ല. റോഡിയോ-ടി.വി സിഗ്നലുകളും നാം തിരിച്ചറിയുന്നില്ല. നമുക്കു തിരിച്ചറിയാൻ കഴിയാത്ത മണം പോലും നായ്ക്കൾ തിരിച്ചറിയുന്നു. ഇതിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാകുന്നു: വിശേഷ ബുദ്ധിയുള്ളവരാണു മനുഷ്യരെങ്കിലും നമുക്ക് ഗ്രഹിക്കാനോ ഉൾക്കൊള്ളാനോ കഴിയാത്ത പലതും ഈ ലോകത്തുണ്ട്. നമുക്കു മനസ്സിലായില്ല എന്നതുകൊണ്ട് ഒരു വസ്തുത തെറ്റാണെന്നു വരുന്നില്ല. നാം കണ്ടില്ല എന്നതുകൊണ്ട് ഒരു വസ്തു ഇല്ലെന്നു വരുന്നില്ല. അദൃശ്യലോകത്തെ അത്ഭുത ജീവികളെക്കുറിച്ചാണ് നാം തുടർന്നു പഠിക്കുന്നത്. അദൃശ്യലോകവുമില്ല, അവിടെ അത്ഭുത ജീവികളുമില്ല എന്നു വാദിക്കുന്നത് ഒഴിവാക്കാൻ ഈ മുഖവുര സഹായകമാകും.


## 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.
വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam Dist. Pin. 683542.**
**Phone: 0484-3232356. Mob: 9645077483**


## അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ

വിശ്വാസവും ജീവിതവും പക്ഷിയുടെ രണ്ടു ചിറകുകൾ പോലെയാണ്. ഒരു ചിറകുകൊണ്ടു പറക്കാനാവില്ല. ദൈവമക്കൾ തങ്ങളുടെ വിശ്വാസവും ജീവിതവും സൂക്ഷിക്കണം. പക്ഷേ ശരിയായ വിശ്വാസം എന്ത് എന്നു പോലും തിരിച്ചറിയാത്തവർക്കു തെറ്റു പറ്റുക സ്വാഭാവികം.

ഐ.പി.സി., എ.ജി., ശാരോൻ, ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ പ്രമുഖ പെന്തക്കോസ്ത് സഭകളുടെ വിശ്വാസപ്രമാണങ്ങൾ ഏറെക്കുറെ ഒന്നാണ്. ദൈവവചനവുമായി 95% എങ്കിലും യോജിക്കുന്ന വിശ്വാസപ്രമാണമാണിത്. ഐ.പി.സിയുടെ വിശ്വാസപ്രമാണം അടിസ്ഥാനമായി സ്വീകരിച്ചുകൊണ്ട് ഈ വിശ്വാസവിഷയങ്ങൾ 2010 മാർച്ച് മുതലുള്ള ലക്കങ്ങളിൽ ഡിഫെൻഡർ പഠനവിധേയമാക്കുകയും ചെയ്തു.

ഈ ലേഖനങ്ങൾ സമാഹരിച്ച് ഒരു പുസ്തകമാക്കണമെന്ന് നിരവധി വായനക്കാർ ആവശ്യപ്പെടുകയുണ്ടായി. ദൈവരാജ്യത്തിന്റെ വ്യാപ്തിക്ക് അതു സഹായകമാകും എന്നു ഡിഫെൻഡറും കരുതുന്നു. അതുകൊണ്ട് ''അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ'' എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കാനുള്ള തയ്യാറെടുപ്പു നടത്തുകയാണ്. കഴിയുന്നത്ര വില കുറച്ച് പുസ്തകം വിതരണം നടത്തുവാനാണ് ആഗ്രഹം. 30 രൂപയിൽ അധികം വില ഉണ്ടാകുകയില്ല. 10,000 കോപ്പിയെങ്കിലും അടിക്കണമെന്നാണ് ആഗ്രഹം. എല്ലാം ദൈവഹിതം പോലെ നടക്കട്ടെ.

ഈ പദ്ധതിയുമായി സഹകരിക്കുവാൻ താല്പര്യമുള്ളവർ ദയവായി വിവരമറിയിക്കുക.

# യേശുവിനു പാപം ചെയ്യാൻ കഴിയുമായിരുന്നോ?

കർത്താവായ യേശുക്രിസ്തുവിനു പാപം ചെയ്യാൻ കഴിയുമായിരുന്നോ എന്ന വിഷയം ഇപ്പോൾ ഏറെ ചർച്ച ചെയ്യപ്പെടുകയാണ്. ബിജി അഞ്ചൽ നടത്തിയ ഒരു പ്രസംഗം വിവാദമായതോടെയാണ് ഈ വിഷയം ചർച്ച ചെയ്യപ്പെടാൻ തുടങ്ങിയത്. കഴിഞ്ഞലക്കം ഡിഫെൻഡർ വായിച്ച ശേഷം നിരവധി വായനക്കാർ ഈ വിഷയം സംബന്ധിച്ച് കത്തും ഈമെയിലും അയയ്ക്കുകയുണ്ടായി. ഈ ലക്കത്തിൽ ഇതു സംബന്ധിച്ച് ഒരു ലേഖനം എഴുതാതെ പറ്റില്ല എന്ന സ്ഥിതിയുണ്ടായി എന്നതാണു സത്യം.

വിഷയത്തിലേക്കു കടക്കുന്നതിനു മുമ്പ് മുഖവുരയായി ചില കാര്യങ്ങൾ പറയാതെ പറ്റില്ല. ആദ്യമായി ലേവ്യ.19:14 വായിക്കുക. ''കുരുടന്റെ മുമ്പിൽ ഇടർച്ച വയ്ക്കരുത്.''

ന്യായപ്രമാണത്തിന്റെ ഭാഗമായ ഒരു കല്പനയാണിത്. അക്ഷരാർത്ഥത്തിൽ നാം ഇത് കൃപായുഗത്തിൽ അനുസരിക്കേണ്ടതില്ല. പക്ഷേ ന്യായപ്രമാണത്തിലെ എല്ലാ കല്പനകളും ആത്മീയാർത്ഥത്തിൽ അനുസരിച്ചേ മതിയാകൂ. പഴയനിയമം നിഴലും പുതിയനിയമം പൊരുളുമാണ്. അങ്ങനെയെങ്കിൽ ഈ കല്പനയുടെ പൊരുളെന്ത്?

പഴയനിയമത്തിലെ അന്ധൻ അക്ഷരാർത്ഥത്തിലുള്ള അന്ധനാണ്. പക്ഷേ പുതിയ നിയമത്തിൽ ഇത് ആത്മീയ അന്ധതയാണ്. ആത്മീയ വിഷയങ്ങളിൽ അറിവില്ലാത്തവരാണ് പുതിയനിയമത്തിലെ അന്ധർ. രക്ഷിക്കപ്പെടാത്തവർ അന്ധർ തന്നെ. ആത്മീയ ശിശുക്കളെയും ഒരളവോളമെങ്കിലും അന്ധരായി പരിഗണിക്കാം. ഇങ്ങനെയുള്ളവരുടെ മുമ്പിൽ ഇടർച്ച വയ്ക്കരുത്. വഴിയിൽ ഒരു കല്ലു വച്ചാൽ കാഴ്ചയുള്ളവനു പ്രശ്നമുണ്ടാകില്ല. അവൻ ആ കല്ലിൽ തട്ടാതെ നടന്നുപോകും. പക്ഷേ അങ്ങനെയൊരു കല്ല് അവിടെയുണ്ടെന്ന വസ്തുത മനസ്സിലാക്കാതെ അന്ധൻ ആ കല്ലിൽ തട്ടി വീഴും.

മനസ്സിലാക്കാൻ വിഷമമുള്ള ആത്മീയ വിഷയങ്ങൾ രക്ഷിക്കപ്പെടാത്തവരുടെയോ ആത്മീയ ശിശുക്കളുടെയോ മുമ്പിൽ അവതരിപ്പിച്ചാൽ അതു ഗുണത്തേക്കാളേറെ ദോഷം ചെയ്യും. വചന പരിജ്ഞാനമുള്ളവർക്കുപോലും പൂർണ്ണമായി മനസ്സിലാക്കാൻ - ഉൾക്കൊള്ളാൻ - കഴിയാത്ത നിരവധി പ്രശ്നങ്ങൾ തിരുവചനത്തിലുണ്ട്. മുൻനിർണ്ണയം എന്ന വിഷയം തന്നെ നല്ല ഉദാഹരണം. ത്രിത്വവും ഇതുപോലെയുള്ള വിഷയമാണ്. ഇത്തരം വിഷയങ്ങൾ ബൈബിൾ കോളേജുകളിൽ, പഠനത്തിന്റെ ഭാഗമായി, ചർച്ച ചെയ്യാവുന്നതാണ്. അതുപോലെ, വചന പണ്ഡിതൻമാർ മാത്രമുള്ള സദസ്സിൽ വിശകലനം ചെയ്യുന്നതും നല്ലതു തന്നെ. പക്ഷേ രക്ഷിക്കപ്പെടാത്തവരും ആത്മീയ ശിശുക്കളും പങ്കെടുക്കുന്ന കൺവൻഷനുകളിൽ ഇത്തരം വിഷയങ്ങൾ പ്രസംഗിക്കരുത്.

തങ്ങൾ വലിയ വചന പണ്ഡിതരാണെന്നു വരുത്തിത്തീർക്കാൻ ഇത്തരം വിഷമപ്രശ്നങ്ങൾ പ്രസംഗ വിഷയങ്ങളായി തിരഞ്ഞെടുക്കുന്ന പ്രസംഗകരുണ്ട്. സ്വന്തം പേരും പെരുമയുമാണ് അവർ ലക്ഷ്യമിടുന്നത്. ഇത്തരക്കാരെ സൂക്ഷിക്കുക, ഇവർ ഗുണത്തേക്കാളേറെ ദോഷമാകും ചെയ്യുക.

ബിജി അഞ്ചൽ ചെയ്തത് ഇതുപോലുള്ള ഒരു തെറ്റാണ്. യേശുവിനു പാപം ചെയ്യാൻ കഴിയുമായിരുന്നോ എന്ന വിഷയം എടുത്തിടേണ്ട ഒരു കാര്യവുമില്ലായിരുന്നു. താൻ അത്യുഗ്രൻ പണ്ഡിതനാണെന്നു വരുത്തിതീർക്കാൻ നടത്തിയ ശ്രമം പാളുകയാണുണ്ടായത്. ഐ.പി.സിയിലെ ഒരു സീനിയർ പാസ്റ്ററായ രാജു പൂവക്കാലയ്ക്കു പോലും ബിജി അഞ്ചൽ എഴുന്നെള്ളിച്ച ദുരുപദേശം തിരിച്ചറിയാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് രാജു പൂവക്കാല ഈ ദുരുപദേശം കേട്ട് കൈപൊക്കി ഹാലേലൂയ്യാ പറയുന്നത്. (കൂടുതൽ വിവരങ്ങൾക്ക് ഡിഫെൻഡറിന്റെ യൂട്യൂബ് ലിങ്ക് നോക്കുക.)

മനുഷ്യബുദ്ധിയിൽ ഒതുക്കാനാവാത്ത വിഷയമാണ് ത്രിത്വം എന്നത്. ഈ വിഷയം റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ സാമാന്യം ആഴമായി പഠിച്ചിട്ടുമുണ്ട്. പക്ഷേ വലിയവനായ ദൈവത്തിന്റെ ഈ മർമ്മം എനിക്ക് ഇന്നും മർമ്മമായിത്തന്നെ അവശേഷിക്കുന്നു. ഞാൻ ത്രിത്വത്തിൽ വിശ്വസിക്കുന്നില്ലെന്നോ ത്രിത്വത്തിനു ബൈബിളിൽ ആധാരമില്ലെന്നോ അല്ല ഈ പറഞ്ഞതിന്റെ അർത്ഥം. താഴെ പറയുന്ന കാര്യങ്ങൾ ബൈബിളിൽ വ്യക്തമായി പറയുന്നുണ്ട്. അവയെല്ലാം ഞാൻ വിശ്വസിക്കയും ചെയ്യുന്നു:

1. ദൈവം ഏകനാണ്.
2. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങൾ ഉള്ള ഏകദൈവമാണ് ബൈബിളിലെ ദൈവം.
3. പിതാവ് ദൈവമാണ്.
4. പുത്രൻ ദൈവമാണ്.
5. പരിശുദ്ധാത്മാവ് ദൈവമാണ്.
6. കർത്താവായ യേശുക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണ്.
7. പരിശുദ്ധാത്മാവ് ശക്തിയല്ല, വ്യക്തിയാണ്.

ഈ വസ്തുതകളെല്ലാം വിശ്വസിക്കുന്ന എനിക്ക് ഇവയിൽ പലതും മനസ്സിലായിട്ടില്ല എന്നതും ഒരു വസ്തുതയാണ്. എനിക്കു മനസ്സിലായില്ല എന്നതുകൊണ്ട് ഒരു വസ്തുത വ്യാജമാകുകയില്ല. ബൈബിളിലെ ഏക ദൈവം ഒരു ത്രിത്വമാണ് എന്നത് ഒരു വസ്തുതയാണ്. റ്റി.എസ്. ബാലനു മനസ്സിലായാലും ഇല്ലെങ്കിലും ദൈവം ത്രിത്വം തന്നെ ആയിരിക്കും. അതുകൊണ്ട് ഈയുള്ളവൻ ത്രിയേക ദൈവത്തിൽ വിശ്വസിക്കുന്നു. കാരണം, ബൈബിൾ അതാണു പഠിപ്പിക്കുന്നത്.

എന്റെ ബുദ്ധി അബലമാകുന്ന ചില വിഷമപ്രശ്നങ്ങൾ ഉദാഹരണമായി ചൂണ്ടിക്കാണിക്കാം. (ഇതും ചിലർക്ക് ഇടർച്ചയാകുമോ എന്ന ഭയവുമുണ്ട്.) ബെത്‌ലഹേമിലെ പുൽക്കൂട്ടിൽ കിടന്ന ആ പൈതൽ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണ് എന്നതിനു സംശയമില്ല. പക്ഷേ ആ കുട്ടി സർവ്വജ്ഞനായിരുന്നോ? ആയിരുന്നു എന്നാണ് ഉത്തരമെങ്കിൽ ''യേശുവോ ജ്ഞാനത്തിലും, വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും, മുതിർന്നുവന്നു'' (ലൂക്കോ.2:52) എന്ന വാക്യത്തിന്റെ അർത്ഥമെന്ത്? യേശു എന്ന പൈതൽ ആദ്യ മാസങ്ങളിൽ മറ്റു കുട്ടികളെപ്പോലെ മലർന്നു കിടന്നു കരയുക മാത്രമായിരുന്നില്ലേ ചെയ്തത്? പിന്നീട് മറ്റു കുട്ടികളെപ്പോലെ ഇരുന്നും നിന്നും പിച്ച വച്ചു നടന്നും ഒക്കെയല്ലേ വളർന്നത്? സർവ്വശക്തനായ ദൈവം പിച്ചവച്ചു നടന്നു എന്നത് എനിക്ക് ഒരു മാർമ്മിക വിഷയം തന്നെ. യേശു ഒരു ദിവസം സകല വാക്കുകളും പറയാൻ തുടങ്ങുകയാണോ ചെയ്തത്? അതോ അച്ഛൻ, അമ്മ എന്നിങ്ങനെ ഓരോ വാക്കുകൾ വീതമായി പറഞ്ഞു പഠിക്കുകയായിരുന്നോ? സർവ്വജ്ഞനായ ദൈവം ഓരോ വാക്കുകൾ വീതം പഠിച്ചത് എന്റെ ബുദ്ധിയിൽ ഒതുങ്ങാത്ത വൻകാര്യമാണ്.

കർത്താവായ യേശുക്രിസ്തുവിനു പാപം ചെയ്യാൻ കഴിയുമായിരുന്നോ എന്നത് ഈ വിധത്തിലുള്ള ഒരു മാർമ്മിക വിഷയമാണ്. മനുഷ്യബുദ്ധിക്ക് ഒതുക്കാനാവാത്ത കാര്യമാണത്. ഈ വിഷയം കൺവൻഷൻ സ്റ്റേജിൽ നിന്നു പ്രസംഗിച്ചത് ഗുരുതരമായ തെറ്റായിപ്പോയി. ഇനി പറഞ്ഞിട്ടു കാര്യമില്ലല്ലോ. അതുകൊണ്ട് കഴിയുന്നത്ര ലളിതമായി ഈ വിഷയം പഠനവിധേയമാക്കാം. കർത്താവായ യേശുക്രിസ്തു പാപം ചെയ്തില്ല എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. പക്ഷേ പാപം ചെയ്യാൻ കഴിയുമായിരുന്നോ എന്നതിലാണു സംശയം. യേശു പാപം ചെയ്യാതെ ജീവിച്ചത് എങ്ങനെ എന്ന പ്രശ്നവും ബിജി അഞ്ചൽ എടുത്തിടുന്നു. ആദ്യമായി ബിജി അഞ്ചൽ പറഞ്ഞതെന്തെന്നു കേൾക്കാം: ''മരണത്തിൽ നിന്നു വിടുവിക്കാൻ കഴിവുള്ളവനോട് അവൻ അപേക്ഷയും അഭയ യാചനയും നടത്തി എന്നു പറഞ്ഞാൽ, രാത്രി കാലങ്ങളിൽ മലമുകളിൽ പോയി പ്രാർത്ഥിച്ചതെന്തിനാ? പിറ്റേദിവസം ഇറങ്ങുമ്പോൾ അത്ഭുതം നടക്കാനോ? ഞാൻ പറയും, അല്ല. അവൻ പ്രാർത്ഥിച്ചതും മുഴുവനും ഒന്നാം ആദാം അനുസരണക്കേടിനാൽ, അമേൻ, വരുത്തിവച്ച മരണത്തിന്റെ ശക്തിയുണ്ട്. അതുപോലെ ഒരു അനുസരണക്കേടു നിമിത്തം എനിക്കൊരു മരണം സംഭവിക്കാതെ, അറിഞ്ഞോ അറിയാതെയോ ഒരു പാപം എന്നിൽ വരാതെ, മരണത്തിൽ നിന്ന് എന്നെ വിടുവിക്കണേ എന്നു നിലവിളിച്ചപ്പോൾ സ്വർഗ്ഗത്തിലെ അപ്പൻ അവനോടു പറഞ്ഞു, ഒരു പാപവും ചെയ്യാൻ കഴിയാത്തവിധം എന്റെ ആത്മാവിനെ നിന്റെമേൽ ആക്കിയിരിക്കയാണ്. ആത്മാവിൽ നിറഞ്ഞ്, ആത്മാവിൽ ശക്തിപ്പെട്ട്, ആത്മാവിൽ നിയന്ത്രിക്കപ്പെട്ട്, ആത്മാവിൽ നടക്കുന്ന ഒരു ജീവിതം ഞാൻ നിനക്കു തരാൻ പോകുകയാണ്.''

യേശുവിനു മരിക്കാൻ കഴിയുമായിരുന്നു. അതുകൊണ്ടാണ് യേശു ക്രൂശിൽ മരിച്ചത്. പക്ഷേ യേശുവിൽ പാപസ്വഭാവമില്ലായിരുന്നു എന്ന വസ്തുത മറന്നുപോകരുത്. ''നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിക്കുവാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്.'' (എബ്രാ. 4:15.) യേശുവും മറ്റു മനുഷ്യരും തമ്മിലുള്ള ഒരു പ്രധാന വ്യത്യാസം യേശുവിൽ പാപസ്വഭാവമില്ലായിരുന്നു എന്നതാണ്. ഇതര മനുഷ്യർ പാപം ചെയ്യുന്നത് അവരിൽ പാപസ്വഭാവമുള്ളതുകൊണ്ടാണ്. പക്ഷേ യേശുവിന്റെ ജനനം സാധാരണ മനുഷ്യന്റെ ജനനം പോലെ ആയിരുന്നില്ല. God was manifest in the flesh (KJV) (1തിമോ.3:16). ദൈവം ജഡത്തിൽ വെളിപ്പെട്ടതാണ് യേശു. മനുഷ്യരുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകേണ്ടവനാകയാൽ യേശു പൂർണ്ണ മനുഷ്യനായി തീരേണ്ടത് ആവശ്യമായിരുന്നു. അതുകൊണ്ട് യേശു സ്ത്രീയുടെ സന്തതിയായി ജനിച്ചു. പക്ഷേ യേശുവിൽ പാപസ്വഭാവം ഉണ്ടായിരുന്നെങ്കിൽ മറ്റുള്ളവരെ രക്ഷിക്കാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് യേശു പാപരഹിതനായി ജനിച്ചു. സാത്താനാൽ യേശു പരീക്ഷിക്കപ്പെടണമെന്നത് സാത്താന്റെ പദ്ധതിയായിരുന്നില്ല ദൈവത്തിന്റെ പദ്ധതിയായിരുന്നു: ''അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവ് മരുഭൂമിയിലേക്കു നടത്തി.'' മത്താ.4:1. യേശു ദൈവപുത്രനാണെന്നു തെളിയിക്കുകയായിരുന്നു ഈ പരീക്ഷകളുടെ ഉദ്ദേശ്യം. അതുകൊണ്ടാണ് ''നീ ദൈവപുത്രനെങ്കിൽ'' എന്നു പറഞ്ഞുകൊണ്ട് സാത്താൻ പരീക്ഷിച്ചത്. ആ പരീക്ഷകളിൽ യേശു വിജയിക്കുകയും ചെയ്തു.

യേശുവിനു പാപം ചെയ്യുവാൻ കഴിയുമായിരുന്നില്ലെങ്കിൽ സാത്താൻ എന്തിന് യേശുവിനെ പരീക്ഷിച്ചു എന്നു ചോദിക്കുന്നവരുണ്ട്. അസാധ്യമായതു സാധിക്കാൻ പരിശ്രമിച്ചതാണ് സാത്താന്റെ ആദ്യത്തെ തെറ്റ് എന്ന വസ്തുത നാം മറന്നു പോകരുത്. ദൈവത്തെപ്പോലെയാകുക എന്നത് അസാധ്യമായ കാര്യമാണെന്നു ലൂസിഫറിന് അറിയാമായിരുന്നു. എങ്കിലും അതു നേടിയെടുക്കാൻ അവൻ ശ്രമിച്ചു, പരാജയപ്പെട്ടു. ''ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതേ വയ്ക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിൻമേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതേ കയറും; ഞാൻ അത്യുന്നതനോടു സമനാകും'' (യെശ.14:13-14.) എന്നൊക്കെയാണ് അവൻ പറഞ്ഞത്. പക്ഷേ ഈ പറഞ്ഞതൊന്നും നടപ്പിലാകില്ല എന്നു മനസ്സിലാക്കാനുള്ള ബുദ്ധി അതിശ്രേഷ്ഠ ദൂതൻമാരിൽ ഒരുവനായിരുന്ന അരുണോ ദയപുത്രന് (ലൂസിഫറിന്) ഉണ്ടായിരുന്നു. എന്നിട്ടും അഹങ്കാരം അവനെ അതിമോഹിയാക്കി. യേശുവിനെ പരീക്ഷിക്കാൻ സാത്താൻ തുനിഞ്ഞതും ഈ വിധത്തിലാണ്. യേശു പരാജയപ്പെടുകയില്ല എന്നു സാത്താന് അറിയാമായിരുന്നു. എന്നിട്ടും അവൻ ഒരു വിഫലശ്രമം നടത്തിനോക്കി.

യേശു പൂർണ്ണ മനുഷ്യനായിരുന്നപ്പോൾത്തന്നെ പൂർണ്ണ ദൈവവുമായിരുന്നു. ദൈവത്തിന് തന്റെ സ്വഭാവം ത്യജിക്കാൻ കഴിയുന്നതല്ല. (എബ്രാ.1:12, 13:18.) ദൈവം പരിശുദ്ധനാണ്. ദൈവത്തിനു തന്റെ പരിശുദ്ധി ത്യജിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് യേശുവിനു പാപം ചെയ്യാൻ കഴിയുന്നതല്ല എന്നു വ്യക്തം.

ബിജി അഞ്ചൽ ദുർവ്യാഖ്യാനം ചെയ്യുന്ന എബ്രാ.5:7 പഠനവിധേയമാക്കുകയാണ് ഇനി ചെയ്യാനുള്ളത്. ''ക്രിസ്തു തന്റെ ഐഹിക ജീവകാലത്തു, തന്നെ മരണത്തിൽനിന്നു രക്ഷിക്കുവാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ അപേക്ഷയും അഭയയാചനയും കഴിക്കുകയും, ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കുകയും ചെയ്തു'' എന്നതു ശരിയാണ്. പക്ഷേ ദൈവവചനം വ്യാഖ്യാനിക്കുമ്പോൾ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്തു വ്യാഖ്യാനിക്കരുത്. യേശുക്രിസ്തു മഹാപുരോഹിതനാണെന്നും മഹാപുരോഹിതനാകുവാനുള്ള യോഗ്യത യേശു തന്റെ ജീവിതത്തിലൂടെ തെളിയിച്ചു എന്നും വ്യക്തമാക്കാൻ ന്യായവാദം നടത്തുന്നതിനിടയിലാണ് ലേഖകൻ മേല്പറഞ്ഞ പരാമർശം നടത്തുന്നത്. യേശു പാപം ഒഴികെ സകലത്തിലും നമുക്കു സമമായി പരീക്ഷിക്കപ്പെട്ടു എന്ന് നാലാം അധ്യായത്തിൽ പറഞ്ഞ ശേഷമാണ് അഞ്ചാം അധ്യായത്തിൽ ഈ പരാമർശം നടത്തുന്നത്. അതുകൊണ്ട് യേശുവിൽ പാപമുണ്ടായിരുന്നോ എന്നും യേശുവിനു പാപം ചെയ്യാൻ കഴിയുമായിരുന്നോ എന്നും മറ്റുമുള്ള വിഷയങ്ങൾ തുടർന്നും വിശദീകരിക്കേണ്ട ആവശ്യം വരുന്നില്ല. പാപം എന്നതല്ല മനുഷ്യർ അനുഭവിക്കേണ്ടതായി വരുന്ന കഷ്ടതകൾ എന്നതാണ് ഇവിടെ പരിഗണിക്കുന്ന വിഷയം. വിവാദത്തിനു കാരണമായ വാക്യത്തിനു ശേഷമുള്ള രണ്ടു വാക്യങ്ങൾ ഈ വസ്തുത തെളിയിക്കുന്നു. ''പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി, തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു.'' (എബ്രാ.5:8,9). ക്രിസ്തു തന്റെ ഐഹിക ജീവകാലത്ത് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിച്ചത് തന്നെ പാപം ചെയ്യാതെ കാക്കാൻ വേണ്ടിയല്ല, പൂർണ്ണ മനുഷ്യൻ എന്ന നിലയ്ക്ക് ഇതര മനുഷ്യരെപ്പോലെ താൻ അനുഭവിക്കുന്ന കഷ്ടങ്ങളിൽ നിന്നുള്ള വിടുതലിനു വേണ്ടിയായിരുന്നു. ഇതിലൂടെ ക്രിസ്തു നമുക്ക് ഒരു മാതൃക വച്ചേച്ചു പോകുകയും ചെയ്തു.

ബിജി അഞ്ചലിന് തന്റെ ദുരുപദേശം സ്ഥാപിച്ചെടുക്കാൻ ബൈബിളിലെങ്ങുമില്ലാത്ത ചില വാക്യങ്ങൾ സൃഷ്ടിക്കേണ്ടതായി വന്നു എന്നതും ശ്രദ്ധേയമാണ്. ''ഒന്നാം ആദാം അനുസരണക്കേടിനാൽ വരുത്തിവച്ച മരണത്തിന്റെ ശക്തിയുണ്ട്. അതുപോലെ ഒരു അനുസരണക്കേടു നിമിത്തം എനിക്കൊരു മരണം സംഭവിക്കാതെ, അറിഞ്ഞോ അറിയാതെയോ ഒരു പാപം എന്നിൽ വരാതെ, മരണത്തിൽ നിന്ന് എന്നെ വിടുവിക്കണേ എന്നു നിലവിളിച്ചപ്പോൾ സ്വർഗ്ഗത്തിലെ അപ്പൻ അവനോടു പറഞ്ഞു, ഒരു പാപവും ചെയ്യാൻ കഴിയാത്തവിധം എന്റെ ആത്മാവിനെ നിന്റെമേൽ ആക്കിയിരിക്കയാണ്. ആത്മാവിൽ നിറഞ്ഞ്, ആത്മാവിൽ ശക്തിപ്പെട്ട്, ആത്മാവിൽ നിയന്ത്രിക്കപ്പെട്ട്, ആത്മാവിൽ നടക്കുന്ന ഒരു ജീവിതം ഞാൻ നിനക്കു തരാൻ പോകുകയാണ്.'' യേശുവും പിതാവും ഇങ്ങനെയൊക്കെ പറഞ്ഞതായി ബൈബിളിൽ ഇല്ലെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഈ തർക്കവിഷയം മനസ്സിലാക്കാൻ ഇത്രയുമൊക്കെ മതിയാകും എന്നു കരുതുന്നു.

# എബി ഏബ്രഹാമിനു തെറ്റിയതെവിടെ?

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ വളരെ ദു:ഖത്തോടെയാണ് ഈ കുറിപ്പ് എഴുതുന്നത് എന്നു പ്രാരംഭത്തിൽ തന്നെ പറയട്ടെ. ആത്മീയരംഗത്ത് വളരെ ഉയരുമെന്നും ദൈവരാജ്യത്തിന്റെ കെട്ടുപണിക്ക് നിർണായകമായ സംഭാവനകൾ ചെയ്യുമെന്നും മറ്റും ഈയുള്ളവൻ കരുതിയിരുന്ന ഒരാൾ മാമോന്റെ പിന്നാലെ പോയതിലുള്ള ദു:ഖം താങ്ങാൻ കഴിയുന്നില്ല. പറഞ്ഞു വരുന്നത് എബി ഏബ്രഹാമിന്റെ കാര്യമാണ്. ഇദ്ദേഹം ഇപ്പോൾ മാമോന്റെ ദാസനായിരിക്കുന്നു.

എബി ഏബ്രഹാമിനെക്കുറിച്ചു ഞാൻ കേട്ടിരുന്നെങ്കിലും ഒരു വർഷത്തോളം മുൻപാണ് ഞാൻ ഇദ്ദേഹത്തെ ആദ്യമായി കാണുന്നത്. ദൈവവചനം പഠിക്കാൻ ആഗ്രഹിക്കുന്ന ഒരു യുവാവ്. സാമാന്യം നന്നായി പ്രസംഗിക്കുമെന്നു കേട്ടിരുന്നു. നാം ഉപയോഗിക്കുന്ന ബൈബിളിൽ കടന്നു കൂടിയിരിക്കുന്ന തെറ്റുകൾ ചൂണ്ടിക്കാണിച്ച് എബി ഒരു പുസ്തകം എഴുതുകയും ചെയ്തിരുന്നു. ഈ പുസ്തകത്തിന്റെ ഒരു കോപ്പി എനിക്കു തന്നിട്ടാണ് എബി മടങ്ങിയത്.

ദൈവവചനം പഠിക്കാൻ ആഗ്രഹിക്കുന്നവരെ ഞാൻ പരമാവധി പ്രോത്സാഹിപ്പിക്കയും കഴിയുന്നത്ര സഹായിക്കുകയും ചെയ്യും. അതുകൊണ്ട് ഞാൻ എബിയെ സഹായിക്കാൻ തീരുമാനിച്ചു. അതിന്റെ ഭാഗമെന്ന നിലയ്ക്കാണ് ഞാൻ എബിയുടെ പുസ്തകത്തെക്കുറിച്ച് ഡിഫെൻഡറിന്റെ മാർച്ച് 1 ലക്കത്തിൽ എട്ടാം പേജിൽ ഒരു നിരൂപണമെഴുതിയത്. ഒരു പേജു മുഴുവൻ ഞാൻ എബിക്കായി നീക്കിവച്ചു.

ഞാൻ എബിയെ പരിചയപ്പെടുത്തിയത് ഇങ്ങനെ: ‘‘എബി ഏബ്രഹാം പത്തനാപുരം അറിയപ്പെടുന്ന ഒരു കൺവൻഷൻ പ്രസംഗകനാണ്. ദൈവവചനം പഠിച്ചു പ്രസംഗിക്കുന്ന അപൂർവ്വം പെന്തക്കോസ്ത് പ്രസംഗകരിൽ ഒരാളാണ് എബി. അതുകൊണ്ട് പ്രസംഗത്തിൽ കഴമ്പുണ്ട്. ബോറടി കൂടാതെ കേട്ടിരിക്കാം.’’ഞാൻ ഈ പറഞ്ഞതു സത്യമായിരുന്നു എന്ന് എബിയുടെ പ്രസംഗം കേട്ടിട്ടുള്ളവരെല്ലാം സമ്മതിക്കും. ഇപ്പോഴും എബിയുടെ പ്രസംഗം മോശമാണെന്നു പറയാനാവില്ല.

എബിയുടെ പുസ്തകത്തിന്റെ മേൻമ ഞാൻ വിവരിച്ചു. പക്ഷേ കുറ്റങ്ങളും കുറവുകളും കണ്ടില്ലെന്നു നടിച്ചുമില്ല. പുസ്തകത്തിന്റെ ഗുണങ്ങളെക്കുറിച്ചു പറഞ്ഞശേഷം കുറവുകളെപ്പറ്റി ഞാൻ പറഞ്ഞതിങ്ങനെ:

‘‘ഈ പുസ്തകം അശ്രദ്ധമായാണ് എഡിറ്റ് ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഒട്ടേറെ കല്ലുകടികൾ ഉണ്ടാകുന്നുമുണ്ട്. പ്രൂഫ് റീഡിംഗിൽ വിദഗ്ദ്ധനായ ഒരാളുടെ സഹായം തേടിയിരുന്നെങ്കിൽ ഭൂരിപക്ഷം കുഴപ്പങ്ങളും ഒഴിവാക്കാൻ കഴിയുമായിരുന്നു. ഈ പുസ്തകത്തിന്റെ അടുത്ത പതിപ്പിൽ ഈ കുറവുകൾ പരിഹരിക്കാൻ ശ്രദ്ധിക്കുമെന്നു കരുതുന്നു.’’



ഇത്തരം കുറവുകളൊക്കെയുണ്ടെങ്കിലും എബി അഭിനന്ദനം അർഹിക്കുന്നു. എബിക്ക് ഒരു അവാർഡ് ലഭിക്കാനുള്ള അർഹതയുണ്ട് എന്നുവരെ അന്ന് ഞാൻ എഴുതി. ഈ പറഞ്ഞതൊക്കെ അന്നത്തെ എബിയെ സംബന്ധിച്ചു ശരിയായിരുന്നു.

കൺവൻഷൻ നടത്താൻ ആഗ്രഹിക്കുന്ന പലരും എന്നോട് അഭിപ്രായം ചോദിക്കുക പതിവാണ്. നല്ല ചില പ്രസംഗകരെ വേണം, പേരുകൾ പറയാമോ? ഉപദേശത്തിലും ജീവിതത്തിലും തെറ്റിയിട്ടില്ലാത്ത ദൈവദാസൻമാരുടെ പേരുകൾ ഞാൻ നിർദ്ദേശിക്കാറുണ്ട്. അക്കൂട്ടത്തിലുള്ള ഒരു പേരായിരുന്നു എബിയുടേത്. കഴിഞ്ഞ വർഷം എബിക്കു ലഭിച്ച പ്രോഗ്രാമുകളിൽ നല്ലൊരു പങ്ക് ഈ വിധത്തിൽ ലഭിച്ചതാണ് എന്ന വസ്തുത എബി പോലും അറിഞ്ഞിരിക്കില്ല. ഈ കൺവൻഷൻ സീസണിലും എബിക്ക് ഈ വിധത്തിൽ നിരവധി പ്രോഗ്രാമുകൾ ലഭിച്ചിട്ടുണ്ട്. മറ്റു ചില ദൈവദാസൻമാരെയും ഞാൻ ഇങ്ങനെ സഹായിച്ചു വരുന്നു. ഇത്തരം കാര്യങ്ങളൊന്നും ഞാൻ പുറത്തു പറയുന്ന പതിവില്ല. പക്ഷേ ഇപ്പോൾ എബിയുടെ കാര്യത്തിൽ ചിലതൊക്കെ തുറന്നു പറയേണ്ടതായി വന്നിരിക്കയാണ്.

റ്റി.എസ്.ബാലന്റെ സഹായമോ സഹകരണമോ കൂടാതെ എബിക്കു ജീവിക്കാൻ കഴിയുമെന്നതിനു സംശയമില്ല. പക്ഷേ അതല്ല ഇവിടത്തെ പ്രശ്നം. എബി ഇപ്പോൾ എവിടെ നിൽക്കുന്നു? പാമല സഭയുടെ പ്രധാന നേതാക്കൻമാരിൽ ഒരാളാണ് ഇപ്പോൾ എബി. ദാനിയേൽ മാത്യുവും മക്കളും കഴിഞ്ഞാൽ എബിയാണ് അവിടത്തെ നേതാവ്. അതിനെന്താ കുഴപ്പം എന്നു ചോദിച്ചേക്കാം. കുഴപ്പമേയുള്ളൂ എന്നതാണു സത്യം. വിശദീകരിക്കാം.

എബി ഏബ്രഹാം റ്റി.എസ്. ബാലനുമായി ചങ്ങാത്തം കൂടിയത് എന്തുകൊണ്ട്? റ്റി.എസ്. ബാലന്റെ നിലപാടുകളുമായി ഒരളവോളമെങ്കിലും യോജിപ്പു തോന്നിയതുകൊണ്ട് എന്ന മറുപടിയാകും പറയാനുണ്ടാകുക. ആത്മീയ നേട്ടമല്ലാതെ ഒരു വിധത്തിലുള്ള ഭൗതിക ലക്ഷ്യവും എബിക്ക് ഉണ്ടായിരുന്നില്ല എന്നു തീർച്ച. ഇനി മറ്റൊരു ചോദ്യത്തിനു മറുപടി പറയൂ: എബി പാമല സഭയുമായി സഹകരിക്കുന്നത് എന്തുകൊണ്ട്? ദാനിയേൽ മാത്യു, റോയ് ദാനിയേൽ മാത്യു തുടങ്ങിയവരുടെ ആത്മീയ നിലപാടുകളോടുള്ള അടുപ്പം മൂലമാണോ? ആണെങ്കിൽ സന്തോഷമേയുള്ളൂ. പക്ഷേ ഒരു സംശയം അവശേഷിക്കും. ദാനിയേൽ മാത്യുവും മക്കളും ഇപ്പോൾ പൊട്ടി മുളച്ചു വന്നവരല്ല. അവർ കുറെ വർഷങ്ങളായി ഇവിടെയുണ്ടായിരുന്നു. ഉടുതുണിക്കു മറുതുണിയില്ലാതെ അവർ നട്ടം തിരിഞ്ഞ കാലത്ത് എബി ഇവരോടൊപ്പമുണ്ടായിരുന്നോ? അതോ ഇവർക്കു പണമുണ്ടായപ്പോൾ അടുത്തു കൂടിയതാണോ? എബി തന്നെ മറുപടി പറയണം. പാമലസഭയുടെ അടിത്തറ പണമാണ്. ആ പണം കണ്ടാണ് എബി പാമലയിലെ അപ്പത്തോലനായതെങ്കിൽ ‘ഹാ കഷ്ടം’ എന്നേ പറയേണ്ടൂ.

ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങൾക്കും കാരണമാകുന്നു. ദുർന്നടപ്പുകാർ പോലും മാനസാന്തരപ്പെട്ടു മടങ്ങി വന്ന ചരിത്രം ബൈബിളിലുണ്ട്. പക്ഷേ പണത്തിന്റെ പിന്നാലെ പോയവർ മടങ്ങി വന്നിട്ടേയില്ല. ഉപ്പുവെള്ളം കുടിക്കുന്നതുപോലെയാണ് പണക്കൊതി. ഈ വെള്ളം കുടിക്കുംതോറും ദാഹം വർദ്ധിക്കും. മിസ്രയീമിലെ ധനം എബിയുടെ മുമ്പിലെത്തിയപ്പോൾ അതിന്റെ പിന്നിൽ ഒളിച്ചിരുന്ന മാമോനെ എബി കണ്ടില്ല. എബിക്ക് ആത്മീയ തിമിരം ബാധിച്ചിരിക്കുന്നു. ഇപ്പോൾ എബി മാമോന്റെ ദാസനാണ്. ഇനി എബിക്കു വഴി തെറ്റും. ഗുരുതരമായ പ്രശ്നങ്ങളിൽ എബി അകപ്പെടും. ആകയാൽ ദൈവമക്കൾ സൂക്ഷിക്കുക. ഇനി എബിയെ ആത്മീയ ശുശ്രൂഷകൾക്കു വിളിക്കരുത്.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

**വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:**

**നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.**

- ഡൊമെയ്ൻ രജിസ്ട്രേഷൻ
- വെബ് ഹോസ്റ്റിംഗ്
- വെബ്സൈറ്റ് ഡിസൈനിംഗ്
- വെബ്സൈറ്റ് ഡെവലപ്മെന്റ്
- ജൂംല സി.എം.എസ്
- വേഡ്പ്രസ്സ്
- PHP ഡെവലപ്മെന്റ്
- വെബ് അഡ്വർറ്റയ്സ്മെന്റ്
- വെബ് ബാനർ
- ഫ്ളാഷ് ആനിമേഷൻ

script infow@ys

script infow@ys
Your Web Partner

Ernakulam

Phone: 0484-2592312. Mob: 9539378757

Email: works@scriptinfoways.com

# ജോൺ ലോറൻസ് മറുപടി പറയുന്നു

(ജോൺ ലോറൻസ് ഡിഫെൻഡറിന് അയച്ചുതന്ന ഈ പ്രതികരണം അതേപടി പ്രസിദ്ധീകരിക്കയാണ്.)

<u>മാദ്ധ്യമങ്ങളിൽ വന്ന വിമർശനത്തിന് മറുപടി</u>

പ്രസംഗവേദികളിൽ നിറഞ്ഞു നിൽക്കുന്നു എന്ന് മാദ്ധ്യമങ്ങളിൽ പറയുന്ന ജോൺ ലോറൻസ് എന്ന ഞാൻ ദൈവ വചനത്തിന് വിരുദ്ധമായി ഒരു വാക്ക് പോലും പ്രസംഗിച്ചിട്ടില്ല. ദൈവവചനം നൂറ് ശതമാനം ദൈവനിശ്വാസികവും അതിലെ ഓരോ വാക്യങ്ങളും ആത്മാവിൽ അനുസരിക്കേണം എന്നും ഞാൻ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. ലോകത്തിന് മുന്നിൽ എന്നെ കരിതേച്ച് കാണിക്കുന്ന വ്യജപ്രസ്താവനകൾ ഒരിക്കലും ദൈവികമല്ല. തികച്ചും പൈശാചികമാണ്. കാരണം ഒരാളെ താക്കീത് ചെയ്യേണ്ട വിധം ''സഹോദരന്മാരെ ഒരു മനുഷ്യൻ വല്ല തിലെങ്കിലും അകപ്പെട്ടുപോയെങ്കിൽ ആത്മീകരായ നിങ്ങൾ അങ്ങനെയുള്ളവരെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ, നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾക.'' ഗലാത്യർ 6:1. ഈ ദൈവവചനം അനുശാസിക്കുന്ന രീതിയിലല്ലാ ഐ.പി.സി. നേതൃത്വം കൈക്കൊണ്ടത്.

സ്വർഗ്ഗീയധ്വനി എന്ന കുട്ടിപത്രം എന്നെക്കുറിച്ച് എഴുതിയത് വ്യാജവും ഞാൻ പ്രസംഗിച്ചിട്ടില്ലാത്തതും എഴുത്തുകാരന് എന്റെ പ്രസംഗം കേട്ടിട്ടുണ്ടെങ്കിൽ അത് മനസ്സിലാക്കാനുള്ള കഴിവ് ഇല്ലാതെ പോയതിനാലുമാണ്. ഞാൻ പ്രസംഗിച്ചു എന്നു പറയുന്ന പ്രസംഗത്തിന്റെ തെറ്റിദ്ധരിക്കപ്പെട്ട ചില ഭാഗങ്ങൾ ചുവടെ ചേർക്കുന്നു. ദൈവമക്കളുടെ തെറ്റിദ്ധാരണ മാറണമെന്നും വചനത്തിന്റെ ആഴത്തിൽ വളരണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

1. ഗിരിപ്രഭാഷണത്തിന് പ്രസക്തി നഷ്ടപ്പെട്ടു, അതിനി അനുസരിക്കേണ്ടതില്ല എന്ന സ്വർഗ്ഗീയ ധ്വനിയുടെ വെളിപ്പെടുത്തൽ.

ദൈവമക്കളെ ഗിരിപ്രഭാഷണത്തിന് പ്രസക്തി നഷ്ടപ്പെട്ടു എന്ന് പറയുവാൻ ഞാൻ ഒരു വിഡ്ഢിയല്ല. ഗിരിപ്രഭാഷണം ന്യായപ്രമാണത്തേക്കാളും ഉന്നതമാണ്. സാധാരണ ഒരു വ്യക്തിക്ക് ഗിരിപ്രഭാഷണത്തിലെ കാര്യങ്ങൾ ചെയ്യുന്നത് കഠിനമാണെന്നല്ല അസാദ്ധ്യമാണ്. (<u>ഗിരിപ്രഭാഷണത്തിലെ കാര്യങ്ങൾ ചെയ്യാമെന്ന് കർത്താവ് പറഞ്ഞു പക്ഷേ അത് എങ്ങനെ ചെയ്യണമെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല.</u>) യേശു പഠിപ്പിച്ച ഉന്നതമായ ധാർമ്മിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ശ്രേഷ്ടമായ വചനങ്ങൾ യേശുക്രിസ്തുവിന്റെ സ്പർശനത്താൽ രൂപാന്തരപ്പെട്ട ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ശൈലിയാണ്. പുറമേ ചെയ്യേണ്ട കാര്യങ്ങൾ അല്ലാ ഇത്. അകമേ ആയിത്തീരേണ്ട കാര്യങ്ങളാണ്. നമ്മേകൊണ്ട് ഇത് ചെയ്യുവാൻ കഴിയുകയില്ല പക്ഷേ ആത്മാവിന്റെ ശക്തിയാലും സഹായത്താലും മാത്രമേ ഈ വചനങ്ങളെ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ കഴിയുകയുള്ളൂ എന്ന് ഞാൻ പഠിച്ചും പഠിപ്പിച്ചും കൊണ്ടിരിക്കുന്നു.

2. ഗിരിപ്രഭാഷണത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടതുകൊണ്ടാണ് യേശു അദ്ഭുതം ചെയ്തു തുടങ്ങിയത് എന്നുള്ള രണ്ടാമത്തെ പ്രസ്താവന സ്വർഗ്ഗീയധ്വനിയിൽ കാണുന്നു. മത്തായി 8-ാം അദ്ധ്യായത്തിന്റെ പ്രഥമഭാഗത്ത് ഒരു കുഷ്ഠരോഗിയെ യേശു തൊട്ട് സൗഖ്യമാക്കുന്ന സംഭവമാണ് കാണുന്നത്. ഇവിടെ യേശു



ക്രിസ്തുവിന്റെ ദിവ്യസ്പർശനത്താൽ രൂപാന്തരം പ്രാപിച്ച ഒരു വ്യക്തി. മത്തായി 5, 6, 7 അദ്ധ്യായങ്ങൾ അവന്റെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്തതും, അവൻ ആയിത്തീരേണ്ടതായ ഒന്നാണെന്നാണ് ഞാൻ പഠിപ്പിച്ചത്.

3. ലാസറിന്റെ കല്ലറയുടെ മുമ്പിൽ വച്ചിരുന്ന കല്ല് പിതാക്കന്മാരുടെ കഠിന ഉപദേശമാണെന്നും അത് നീക്കാൻ യേശു പ്രസ്താവിച്ചു എന്നും സ്വർഗ്ഗീയധ്വനിയിൽ ഞാൻ പ്രസംഗിച്ചതായി പറഞ്ഞിരിക്കുന്നു. സ്വർഗ്ഗീയ ധ്വനിയിൽ റിപ്പോർട്ടുചെയ്ത റിപ്പോർട്ടർ ട്രാൻസ്പോർട്ട് ഏതാണ് എലി ഏതാണെന്ന് തിരിച്ചറിയാത്ത ആളാണെന്ന് തന്റെ എഴുത്തിലൂടെ ലോകം അറിഞ്ഞു. പിതാക്കന്മാർ എന്നത് പെന്തക്കോസ്തിന്റെ പിതാക്കന്മാരെന്ന് ഇദ്ദേഹം തെറ്റിദ്ധരിച്ചു. ഇദ്ദേഹം പെന്തക്കോസ്തിന്റെ പിതാക്കന്മാരെ ആരാധിക്കുന്നവനായിരിക്കാം പക്ഷേ യേശുവിന്റെ രക്തത്താൽ ശുദ്ധീകരണം പ്രാപിച്ച ഒരു ദൈവപൈതലിനെ അതിന് ലഭിക്കുയില്ല.

''ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകൻമാർ മുഖാന്തിരം പിതാക്കന്മാരോട് അരുളിച്ചെയ്തത്'' എബ്രായർ 1:1. ലാസറിന്റെ കല്ലറയ്ക്ക് മുമ്പിൽ വച്ചിരുന്ന കല്ലിനെ ന്യായപ്രമാണത്തോട് ഞാൻ ഉപമിച്ചു. (അങ്ങനെ അലിഗോറിക്കൽ വ്യാഖ്യാനരീതിയിൽ തെറ്റുണ്ടെന്ന് എനിക്ക് തോന്നിയില്ല. ആരെങ്കിലും അത് തിരുത്തി തന്നിരുന്നു എങ്കിൽ അംഗീകരിക്കാൻ ഒരുക്കമായിരുന്നു.) യേശു കല്ലു നീക്കുവാൻ കല്പിച്ചു. കല്ലിന്റെ മറവിൽ ചീഞ്ഞവനെ മറച്ച് ലോകമറിയാതെ അടച്ചുവച്ചിരുന്ന ഒരു സംവിധാനമാണ് ന്യായപ്രമാണം. കാരണം ന്യായപ്രമാണത്തിൻ കീഴിലുള്ളവരെല്ലാം ശപിക്കപ്പട്ടവർ എന്നും. എന്നാൽ കല്ലിൽ അക്ഷരമായി കൊത്തിയിരിക്കുന്ന മരണ ശുശ്രൂഷ നീക്കം വരുന്നതായ.....2 കൊരിന്ത്യർ 3:7. പൗലോസ് ഗലാത്യ ലേഖനത്തിൽ പഠിപ്പിക്കുന്നു. ന്യായപ്രമാണത്തിന്റെ കല്ല് മാറ്റുക ജീവന്റെ ദാതാവായ യേശു ലാസറിന് ജീവൻ നൽകി ഉയർപ്പിക്കും എന്നാണ് ഞാൻ ഉദ്ദേശിച്ചത്. ഇവിടെ പിതാക്കന്മാർ എന്നുദ്ദേശിച്ചത് അബ്രഹാം, ഇസഹാക്ക്, യാക്കോബ്, മോശ തുടങ്ങിയുള്ള പിതാക്കന്മാരാണ് പെന്തക്കോസ്തിലെ പിതാക്കന്മാരല്ലാ എന്ന് ഓർത്തെങ്കിൽ കൊള്ളായിരുന്നു.

4. യേശു നസറത്തിൽ വന്നു പള്ളിയിൽ ചെന്നു പുസ്തകം തുറന്നു വായിക്കേണ്ടഭാഗം വായിച്ചു പുസ്തകം അടച്ചു അതുകൊണ്ട് ഇനി പഴയനിയമ പുസ്തകം ആരും വായിക്കേണ്ട ആവശ്യമില്ല. കാരണം യേശു പുസ്തകം അടച്ചു എന്നും പറഞ്ഞിരിക്കുന്നു എന്നും സ്വർഗ്ഗീയധ്വനിയിൽ കാണുന്നു.

യേശു വായിച്ചഭാഗം ഇവിടെ ഉദ്ധരിക്കട്ടെ. ''ദരിദ്രരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഢിതരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു.'' ലൂക്കോസ് 4:18,19എന്നാൽ ''നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസവും പ്രസിദ്ധമാക്കുവാനും .........'' യെശയ്യാവ് 61:2. ലൂക്കോസിൽ എഴുതിയിരിക്കുന്നത് വായിച്ചാൽ യേശു മനപൂർവ്വം പ്രതികാരദിവസം എന്നുള്ളത് ഒഴിവാക്കി കാരണം യേശു പ്രതികാരദിവസം പ്രസിദ്ധമാക്കാൻ വന്നതല്ല പ്രസ്തുത പ്രസാദവർഷം പ്രസംഗിപ്പാൻ വന്നതാണ് ഈ ഭാഗം വായിച്ച് യേശുപുസ്തകം അടച്ചതുകൊണ്ട് പഴയനിയമം അടച്ചു ഇനി അത് വായിക്കേണ്ടതില്ല എന്ന് ആരോ ഒരുവൻ എഴുതി കൊടുത്തത് പ്രസിദ്ധീകരിച്ച സ്വർഗ്ഗീയധ്വനി എന്നകുട്ടി പത്രത്തിന്റെ ചീഫ് എഡിറ്റർ പ്രശംസ അർഹിക്കുന്നു.

ഈ മന്ദിരം പൊളിപ്പിൻ ഞാൻ അതിനെ മൂന്ന് നാളുകൾക്കകം മടക്കിപണിയാം എന്ന് യേശു പറഞ്ഞപ്പോൾ കേട്ട് നിന്നവർ ചിന്തിച്ചത് യെരുശലേം ദേവാലയം പൊളിക്കുന്ന കാര്യമാണ്. പറയുന്നത് ഗ്രഹിക്കാത്ത ഒരുപാട് പേർ പെന്തക്കോസ്തിലുണ്ട് ഇവരെയോർത്ത് ഞാൻ ദുഃഖിക്കുന്നു. വചനം നന്നായി പഠിച്ച് ഗ്രഹിക്കുക. പ്രസംഗം കേൾക്കുമ്പോൾ പകുതികേട്ട് ഇറങ്ങിപ്പോകാതെ മുഴുവനും കേട്ട് ആശയങ്ങൾ വ്യക്തമായി ഗ്രഹിക്കുക മനസ്സിലായില്ലെങ്കിൽ പ്രസംഗകനോട് തന്നെ ചോദിച്ച് സംശയനിവാരണം വരുത്തുക അല്ലാതെ ദൈവസഭയിൽമാത്രം അറിയേണ്ട കാര്യം പൊതുജനമദ്ധ്യേവിളമ്പി സ്വയം അവഹേളിതനാകാതിരിക്കാൻ ശ്രദ്ധിക്കുക.

# ഡിഫെൻഡറിനു പറയാനുള്ളത്

ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ പേരെടുത്തു പറഞ്ഞ് ഒഴിവാക്കിയ അഞ്ചു പേരിൽ ഒരാളാണ് ജോൺ ലോറൻസ്. ഐ.പി.സി ഇപ്രകാരം തീരുമാനിക്കുന്നതിനു മുമ്പുതന്നെ സ്വർഗ്ഗീയധ്വനിയുടെ ഡിസംബർ ആദ്യലക്കത്തിൽ ജോൺ ലോറൻസിനെ പേരെടുത്തു പറഞ്ഞു വിമർശിച്ചിരുന്നു. ഈ വാർത്ത ആധാരമാക്കി ഡിഫെൻഡറിന്റെ ഡിസംബർ 16 ലക്കത്തിൽ ജോൺ ലോറൻസിനെതിരെ വാർത്ത പ്രസിദ്ധീകരിക്കയും ചെയ്തു. ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ ജോൺ ലോറൻസ് ഉൾപ്പെടെ അഞ്ചു പേരെ ഒഴിവാക്കാൻ തീരുമാനിച്ചപ്പോൾ ആ വാർത്തയും ഫോട്ടോ സഹിതം ഡിഫെൻഡർ പ്രസിദ്ധീകരിച്ചു. അതുകൊണ്ട് ജോൺ ലോറൻസ് അയച്ചുതന്ന ലേഖനവും പ്രസിദ്ധീകരിക്കയാണ്.

സ്വർഗ്ഗീയധ്വനിയെ കുട്ടിപ്പത്രം എന്നു ജോൺ ലോറൻസ് വിളിക്കുന്നത് ഏത് അർത്ഥത്തിലാണെന്നു വ്യക്തമല്ല. വലിപ്പം ആധാരമാക്കിയാണെങ്കിൽ ഗുഡ്ന്യൂസ് ഉൾപ്പെടെ പ്രധാന പെന്തക്കോസ്ത് പത്രങ്ങളെല്ലാം ടാബ്ലോയിഡ് വലിപ്പത്തിലാണു പ്രസിദ്ധീകരിക്കുന്നത്. ഡിഫെൻഡറും ടാബ്ലോയിഡ് തന്നെ. അതുകൊണ്ട് ഈ വിഷയത്തിൽ സ്വർഗ്ഗീയധ്വനിയെ മാത്രം കുറ്റം പറയേണ്ടതില്ല. അച്ചടിക്കുന്ന കോപ്പികളുടെ എണ്ണം ആധാരമാക്കിയാണു കുട്ടിപ്പത്രം എന്നു പറഞ്ഞതെങ്കിൽ അതും ശരിയായ വിലയിരുത്തലല്ല. ഏറ്റവും പ്രചാരമുള്ള അഞ്ചു പെന്തക്കോസ്ത് ദൈവാരികകളിൽ ഒന്നാണ് സ്വർഗ്ഗീയധ്വനി. ജനസ്വാധീനത്തിന്റെ കാര്യത്തിലും സ്വർഗ്ഗീയധ്വനി പിന്നിലല്ലെന്ന് അനുഭവം തെളിയിച്ചല്ലോ. അതുകൊണ്ട് സ്വർഗ്ഗീയധ്വനിയെ കുട്ടിപ്പത്രം എന്നു വിളിച്ചത് ശരിയായ നടപടിയല്ലെന്നു വ്യക്തം.

ഐ.പി.സി നേതൃത്വം ഗലാ.6:1ൽ പറയുന്ന വിധത്തിലല്ല ഇടപെട്ടത് എന്ന വാദത്തിൽ കഴമ്പില്ല. കാരണം, ജോൺ ലോറൻസ് ഐ.പി.സിയിലെ അംഗമല്ല (എന്നാണു ഡിഫെൻഡർ കരുതുന്നത്.) ഐ.പി.സിയിലെ അംഗങ്ങളുടെമേൽ മാത്രമാണ് ഐ.പി.സി നേതൃത്വത്തിന് അധികാരമുള്ളത്. ഐ.പി.സിക്കു പുറത്തുള്ള ആയിരക്കണക്കിനു സുവിശേഷപ്രസംഗകരുണ്ട്. അവരിൽ ചിലർ ഗുരുതരമായ ദുരുപദേശങ്ങൾ പ്രസംഗിക്കുന്നവരുമാണ്. അവരെ വിളിച്ച് ഗുണദോഷിക്കാൻ ഐ.പി.സി നേതൃത്വത്തിനു കഴിയുമോ?

ഏതു മതത്തിൽ വിശ്വസിക്കാനും അതു പ്രചരിപ്പിക്കാനും ഇന്ത്യൻ പൗരന് അവകാശമുണ്ട്. ജോൺ ലോറൻസിനു ശരിയെന്നു തോന്നുന്നത് ജോൺ ലോറൻസ് പ്രസംഗിക്കുന്നു. അതു ദുരുപദേശമാണെന്ന് ഐ.പി.സിക്കു തോന്നുന്നുവെങ്കിൽ തങ്ങളുടെ സഭയിൽ പ്രസംഗിക്കാൻ ജോൺ ലോറൻസിനെ വിളിക്കരുത് എന്നു തീരുമാനിക്കാം. ഇതെങ്ങനെ തെറ്റാകും?

ഗിരിപ്രഭാഷണവും അനുബന്ധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ജോൺ ലോറൻസ് യഥാർത്ഥത്തിൽ എന്താണു പ്രസംഗിച്ചതെന്നു തീർത്തു പറയണമെങ്കിൽ ആ പ്രസംഗം നേരിൽ കേൾക്കുകയോ റിക്കാഡ് ചെയ്തെങ്കിലും കേൾക്കുകയോ വേണം. അതുകൊണ്ട് ആ വിഷയത്തിൽ ആർക്കാണു തെറ്റു പറ്റിയതെന്നു പറയാൻ മുതിരുന്നില്ല.

ലാസറിന്റെ കല്ലറയുടെ വാതിൽക്കൽ വച്ചിരുന്ന കല്ലിനെക്കുറിച്ച് ജോൺ ലോറൻസ് തന്നെ പറയുന്നതിനാൽ അതെപ്പറ്റി ചിലതൊക്കെ പറയാൻ കഴിയും. പഴയനിയമം നിഴലും പുതിയനിയമം പൊരുളുമാണെന്നത് സത്യമാണ്. അതുകൊണ്ട് പഴയനിയമത്തിലെ സംഭവങ്ങൾ നിഴലായി എടുത്ത് വ്യാഖ്യാനിക്കുന്നത് അനുവദനീയമാണ്. പക്ഷേ ചില നിയമങ്ങൾക്കു വിധേയമായി വേണം ഇത്തരം വ്യാഖ്യാനങ്ങൾ നടത്താൻ. വളരെ വിശദമായി പറയേണ്ട കാര്യമാണിത്. പക്ഷേ സ്ഥലപരിമിതിമൂലം അതിനു തുനിയുന്നില്ല. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന സി.ഡി പരമ്പരയിലെ ആറാമത്തെ സി.ഡിയിൽ ഈ വിഷയങ്ങളെല്ലാം വിശദീകരിച്ചിട്ടുണ്ട്.

പുതിയ നിയമത്തിന്റെ ഭാഗമാണെങ്കിലും യേശു പറഞ്ഞ ഉപമകൾ അക്ഷരാർത്ഥത്തിലല്ല ആത്മീയാർത്ഥത്തിൽ - നിഴലും പൊരുളും എന്ന് ഏകദേശം പറയാവുന്ന വിധത്തിൽ - വ്യാഖ്യാനിക്കാവുന്നതാണ്. ഈ വിഷയവും മേല്പറഞ്ഞ സി.ഡിയിൽ വിശദീകരിച്ചിട്ടുണ്ട്. വെളിപ്പാടു പുസ്തകവും ഒരളവുവരെ ഈ വിധത്തിലാണു വ്യാഖ്യാനിക്കേണ്ടത്. പക്ഷേ പുതിയ നിയമത്തിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങൾ നിഴലായി എടുത്തു വ്യാഖ്യാനിക്കുന്നതു പമ്പര വിഡ്ഢിത്തമാണ്.

പൗലോസ് നടത്തിയ കപ്പൽ യാത്ര ആത്മീയാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നതു കേട്ടിട്ടുണ്ട്. ജീവിതത്തെ പടകായും ഈശാനമൂലൻ ജീവിതം തകർക്കാനെത്തിയ പ്രതികൂലമായും മറ്റുമാണു വ്യാഖ്യാനിക്കുന്നത്.

കർത്താവു ലാസറിനെ ഉയിർപ്പിച്ച സംഭവം ഈ രീതിയിൽ വ്യാഖ്യാനിക്കുന്നവരുമുണ്ട്. ലാസർ മനുഷ്യവർഗ്ഗമാണ്, നാലു ദിവസം നാലായിരം വർഷമാണ്, നാറ്റം വച്ചു എന്നത് മനുഷ്യർ ചെയ്യുന്ന പാപം നിമിത്തമുള്ള നാറ്റമാണ്.... അങ്ങനെ പോകുന്നു വ്യാഖ്യാനം. ഇതെല്ലാം ശുദ്ധ വിവരക്കേടാണ്. പുതിയനിയമം പൊരുളാണ്. അതുകൊണ്ട് പുതിയ നിയമത്തിലെ സംഭവങ്ങൾ അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതാണ്. അവ നിഴലാക്കി എടുത്തു വ്യാഖ്യാനിക്കരുത്. കല്ലറയുടെ വാതിൽക്കൽ ഇരുന്ന കല്ല് വെറും കല്ലു മാത്രമാണ്. അതിന് മറ്റു വ്യാഖ്യാനങ്ങൾ കൊടുക്കരുത്. ഇത്തരം വിവരക്കേടുകൾ പറയുന്നത് ജോൺ ലോറൻസ് മാത്രമല്ല എന്ന വസ്തുതയും എടുത്തു പറയേണ്ടതുണ്ട്.

പ്രസാദവർഷത്തെക്കുറിച്ചു പറയുകയും പ്രതികാര ദിവസത്തെക്കുറിച്ചു പറയുന്ന ഭാഗം കർത്താവു വായിക്കാതെ വിടുകയും ചെയ്തത് അർത്ഥവത്താണ്. ആ സമയത്ത് പ്രസാദ വർഷത്തെക്കുറിച്ചു പറയുക മാത്രമായിരുന്നു കർത്താവിന്റെ ദൗത്യം. ജോൺ ലോറൻസ് ഇങ്ങനെയാണു പറഞ്ഞതെങ്കിൽ അതു ദുർവ്യാഖ്യാനമല്ല.

# സുവിശേഷവേല വയറ്റിൽപ്പിഴപ്പിനോ?

ആറു നാട്ടിൽ നൂറു ഭാഷ എന്നു പറഞ്ഞതുപോലെയാണ് കേരളത്തിലെ സ്ഥിതി. ആകയാൽ വയറ്റിൽപിഴപ്പ് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്നു വിശദീകരിച്ചിട്ടു വിഷയത്തിലേക്കു കടക്കാം. പിഴച്ചുപോകുക എന്നതിന് തെറ്റിപ്പോകുക എന്നൊരർത്ഥമുണ്ട്. ആരെങ്കിലും പിഴച്ചുപോയി എന്നു പറയുന്നത് ആ അർത്ഥത്തിലാണ്. പക്ഷേ 'എങ്ങനെയെങ്കിലും പിഴച്ചു പോകട്ടെ' എന്നു പറഞ്ഞാൽ അതല്ല അർത്ഥം. എങ്ങനെയെങ്കിലും അഷ്ടിക്കുള്ള വക കണ്ടെത്തട്ടെ, ജീവിച്ചു പോകട്ടെ എന്നാണ് അർത്ഥമാക്കുന്നത്. വയറ്റിൽപിഴപ്പ് എന്നതും ഈ അർത്ഥമുള്ള വാക്കാണ്. വയറ്റിൽ പിഴപ്പു മുട്ടി എന്നു പറഞ്ഞാൽ ഉപജീവനമാർഗ്ഗം ഇല്ലാതായി എന്നർത്ഥം.

സുവിശേഷവേല എന്നത് വയറ്റിൽ പിഴപ്പിന്റെ മാർഗ്ഗമാണോ? ആണെന്നു രക്ഷിക്കപ്പെട്ടവരാരും പറയുകയില്ല. പക്ഷേ ഈയിടെ കെ.എ.ഏബ്രഹാം അങ്ങനെ പറഞ്ഞു. സംശയമുള്ളവർ ജനുവരി 1ന് ഇറങ്ങിയ ഹാലേലൂയ്യായുടെ 14-ാം പേജ് നോക്കുക. കെ.എ.ഏബ്രഹാമിനെ കൺവൻഷൻ സ്റ്റേജുകളിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചതുമായി ബന്ധപ്പെട്ട് കെ.എ.ഏബ്രഹാം പറയുന്നത് ഇങ്ങനെ: ''ഈ മാന്യ ദേഹം എന്റെ കുടുംബത്തിന്റെ ഭക്ഷണത്തിലാണു മണ്ണു വാരിയിട്ടിരിക്കുന്നത്.''

കെ.എ.ഏബ്രഹാമിനു തെറ്റിയതെവിടെ? ഇവിടെത്തന്നെ. സുവിശേഷവേലയെ വെറും വയറ്റിൽ പിഴപ്പിന്റെ മാർഗ്ഗമാക്കി മാറ്റി ഇയാൾ. കൂലിപ്പണിയോ ആ ഗ്രേഡിലുള്ള മറ്റെന്തെങ്കിലും ജോലിയോ ചെയ്യാനുള്ള വിദ്യാഭ്യാസ യോഗ്യത മാത്രമേ കെ.എ.ഏബ്രഹാമിനുള്ളൂ. അങ്ങനെയുള്ള ചില പണികൾ ചെയ്തിരുന്ന കാലത്താണ് ആ മഹാത്യാഗി പെന്തക്കോസ്തിലെത്തിയത്. അതോടെ നല്ലകാലം തെളിഞ്ഞു. ഇപ്പോൾ വലിയ വീട്, വാഹനം, ബാങ്ക് ബാലൻസ് തുടങ്ങിയതെല്ലാം ഉണ്ടായി. എങ്ങനെ? സുവിശേഷവേലയെന്ന പേരിൽ ചുറ്റിയടിച്ച് ഉണ്ടാക്കിയതാണ്.

ഇയാൾ പറയുന്നു: ''ഇന്ത്യയിലെ ഒട്ടു മിക്ക സംസ്ഥാനങ്ങളിലും ലോകത്തിലെ ഇംഗ്ലണ്ട്, അമേരിക്ക, കാനഡ, മിഡിൽ ഈസ്റ്റ് തുടങ്ങിയ അനേക രാജ്യങ്ങളിലുമായി 7000ൽ അധികം വേദികളിൽ സുവിശേഷം പ്രസംഗിച്ചു.'' ഹോ, എന്തൊരു ത്യാഗം! മറ്റൊരു ജോലിയും അറിയാത്ത ഈ വിദ്വാൻ ലോകം മുഴുവൻ സഞ്ചരിച്ചു ജനവഞ്ചന നടത്തി കീശ വീർപ്പിച്ചു. ഇയാൾ എന്തുകൊണ്ട് ആഫ്രിക്കയിലുള്ള ദരിദ്ര രാഷ്ട്രങ്ങളിൽ പോയില്ല? അവിടെ പോയാൽ വണ്ടിക്കൂലി പോലും കിട്ടുകയില്ല എന്നതുതന്നെ കാരണം. പണം വാരാൻ സാധിക്കുന്ന രാജ്യങ്ങളിൽ പോയി പ്രസംഗിച്ചു. ഉടൻ ഓസ്ട്രേലിയയിലേക്കു പോകാൻ പദ്ധതിയിടുന്നുണ്ടത്രേ.

വടക്കേ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ സഞ്ചരിച്ചു സുവിശേഷവേല ചെയ്ത കഥയും ഇയാൾ പലപ്പോഴും പറയാറുണ്ട്. അത്യപൂർവ്വമായ എന്തോ ത്യാഗം ചെയ്തു എന്നാണു പറഞ്ഞു വയ്ക്കുന്നത്. പക്ഷേ സത്യമെന്ത്? മെയ് മാസത്തോടെ കേരളത്തിലെ കൺവൻഷൻ സീസൺ അവസാനിക്കും. പിന്നീട് നവംബർ വരെയുള്ള കാലത്ത് പണിയൊന്നുമില്ല. സുവിശേഷവേല എന്നത് വയറ്റിൽ പിഴപ്പിനുള്ള മാർഗ്ഗമാണല്ലോ. ജൂൺ മുതൽ ഒക്ടോബർ വരെയുള്ള അഞ്ചു മാസക്കാലം വെറുതെയിരുന്നാൽ ലക്ഷങ്ങളുടെ നഷ്ടമാണുണ്ടാകുക. എന്താണു പരിഹാരം? ഏതെങ്കിലും വിദേശ രാജ്യത്തു പര്യടനം നടത്തിയാൽ പണമുണ്ടാക്കാം. പക്ഷേ ചിലപ്പോൾ അതിനു സാധിച്ചില്ലെന്നു വരാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ കെ.എ.ഏബ്രഹാം ഒരു വടക്കേ ഇന്ത്യൻ ടൂർ സംഘടിപ്പിക്കും. എങ്ങനെ? പറയാം:



ടീമിനോടൊപ്പം സ്വന്തം വണ്ടിയിലാണു പോകുക. മദ്രാസിലാണ് ആദ്യം ചെല്ലുന്നത് എന്നിരിക്കട്ടെ. അവിടെയുള്ള സഭകളിൽ മുൻകൂട്ടി വിളിച്ച് വിവരം പറയും. മൂന്നു ദിവസത്തെ പരിപാടി നടത്താൻ സ്ഥലം അനുവദിക്കണം. താമസ സൗകര്യവും ഭക്ഷണവും നൽകണം. അത്രയുമേ വേണ്ടൂ. വലിയ ചെലവില്ലാതെ മൂന്നു ദിവസത്തെ കൺവൻഷൻ നടത്താമല്ലോ എന്നു കരുതി മിക്കവരും സമ്മതിക്കും. ഇയാൾ ടീമായി എത്തും. കൺവൻഷൻ നടത്തും. താമസവും ഭക്ഷണവും ഫ്രീയായി കിട്ടുന്നു. പക്ഷേ അതു പോരല്ലോ. അതുകൊണ്ട് കൺവൻഷനിൽ സ്തോത്രക്കാഴ്ച പിരിക്കും. പിരിവിന് ഇറങ്ങുന്നതിനു മുമ്പ് കുറെ വാചകങ്ങൾ പറയും. പ്രിയ സഹോദരങ്ങളേ, വഴിയിലിരുന്നു തെണ്ടുന്നവൻ പോലും ഇത്ര ദയനീയമായി യാചിക്കില്ല. സകലമാന സുവിശേഷകർക്കും ലജ്ജാകരമാകുന്ന വിധത്തിലാണ് ഇയാൾ പണത്തിനായി കെഞ്ചുക. അങ്ങനെ പിരിക്കുന്ന പണം മുഴുവൻ അവറാന്റെ പോക്കറ്റിലേക്കു പോകും. ഒരിടത്തെ കൺവൻഷൻ കഴിയുന്നതിനു മുമ്പ് അടുത്ത സ്ഥലത്ത് യോഗം പറഞ്ഞൊപ്പിക്കും. അങ്ങനെ ഡൽഹി വരെ പോയിട്ടു മടങ്ങും. ഒപ്പമുള്ളവർക്കു കൊടുത്തു കഴിഞ്ഞാലും അവറാന്റെ കയ്യിൽ ലക്ഷങ്ങൾ മിച്ചമുണ്ടാകും. ഇതാണ് ഈ ചങ്ങാതിയുടെ ത്യാഗം.

എന്തു ദുരുപദേശമാണു താൻ പറഞ്ഞത് എന്ന് അവറാൻ ചോദിക്കുന്നു. അഞ്ചു വർഷമായി ഡിഫെൻഡർ അവറാനെക്കുറിച്ച് എഴുതാൻ തുടങ്ങിയിട്ട്. ഓരോ ലക്കത്തിലും എഴുതാൻ വേണ്ട വഹ ഇയാൾ ഉണ്ടാക്കിത്തരും. ഈ മഹാപണ്ഡിതൻ എഴുന്നെള്ളിച്ച വിഡ്ഢിത്തങ്ങളിൽ ചിലതൊക്കെ ഡിഫെൻഡറിന്റെ യൂട്യൂബ് ലിങ്കിലുണ്ട്. അതു നോക്കൂ: അപ്പോൾ കാണാം പീലാത്തോസിന്റെ ശവം മിസ്സോറി മിസിസ്സിപ്പി തടാകത്തിൽ പൊങ്ങിക്കിടക്കുന്നത്. മിസ്സോറി മിസിസ്സിപ്പി എന്നതു തടാകമല്ല നദിയാണെന്നും പീലാത്തോസ് മരിച്ച് ഒന്നര സഹസ്രാബ്ദം കഴിഞ്ഞാണ് ഈ നദി കണ്ടുപിടിക്കപ്പെട്ടതെന്നും അവറാനറിഞ്ഞുകൂടാ. സൂര്യനിൽ ഹീലിയം കത്തിക്കാൻ അവറാനു രണ്ടുവട്ടം ആലോചിക്കേണ്ടതായി വന്നില്ല. ഗൈനെക്കോളജിസ്റ്റിനെക്കൊണ്ടു വയറ്റിൽ വേദനയ്ക്കു ചികിത്സിപ്പിച്ച അവറാൻ ഓർത്തോപ്പോളജി എന്നൊരു ശാസ്ത്രശാഖതന്നെ കണ്ടുപിടിച്ചു. അങ്ങനെ വിവരക്കേടുകൾ നിരന്തരം എഴുന്നെള്ളിച്ച് ദൈവവചനത്തെയും ദൈവസഭയെയും പൊതുജനമധ്യത്തിൽ ഇയാൾ മാനം കെടുത്തി. ഇവയൊക്കെ തെറ്റാണെന്നു സമ്മതിക്കാൻ പോലും അവറാൻ നാളിതുവരെ തയ്യാറായിട്ടില്ലെന്നു മാത്രമല്ല ഇന്നും ഇത്തരം വിഡ്ഢിത്തങ്ങൾ ശങ്കകൂടാതെ പ്രസംഗിച്ചു വരുന്നു. ഒരുപക്ഷേ ദുരുപദേശം എന്ന വാക്ക് ഈ തോന്ന്യാസത്തിനു യോജിക്കയില്ലായിരിക്കാം. പക്ഷേ ഇതു സുവിശേഷപ്രസംഗമല്ല. ഇത്തരം വിവരക്കേടുകൾ പ്രസംഗിക്കുന്നവനെ പെന്തക്കോസ്ത് കൺവൻഷനുകളിൽ നിന്ന് ഒഴിവാക്കിയേ മതിയാകൂ.

അവറാനെതിരെ ഫിലിപ്പ് പി. തോമസ് സൂര്യാ ടി.വിയിൽ വാർത്ത കൊടുത്തെന്നും അതുകൊണ്ട് ഫിലിപ്പ് പി. തോമസിനെതിരെ നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ട് ഇയാൾ ഐ.പി.സി ജനറൽ കൗൺസിലിനു പരാതി നൽകിയിരിക്കുന്നു. സൂര്യാ ടി.വിയിൽ വന്ന വാർത്ത ഡിഫെൻഡറിന്റെ യൂട്യൂബ് ലിങ്കിലുണ്ട്. അത് എല്ലാവരും ഒരു വട്ടം കൂടി കാണുക. എന്നിട്ടു പറയൂ: അവറാൻ പറയുന്നതു ശരിയാണോ? ഫിലിപ്പ് പി. തോമസ് സൂര്യാ ടി.വിയിൽ വാർത്ത കൊടുത്തോ? സൂര്യാ ടി.വിയിൽ നിന്ന് ഫോണിൽ വിളിച്ചു ചോദിച്ചപ്പോൾ മറുപടി പറയുക മാത്രമാണ് ഫിലിപ്പ് പി. തോമസ് ചെയ്തത്. അതെങ്ങനെ തെറ്റാകും? മറുപടി പറയാൻ മനസ്സില്ല എന്നു ഫിലിപ്പ് പി. തോമസ് സൂര്യാ ടി.വിക്കാരോടു പറഞ്ഞിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി എന്ന് ഇവരാരെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചതെന്ന് ഫിലിപ്പ് പി. തോമസ് ഹാലേലൂയ്യായിൽ വിവരിക്കുന്നുണ്ട്. ഈ വിവരം സൂര്യാ ടി.വിയിൽ കൊടുത്തതു താങ്കളാണോ എന്ന ചോദ്യത്തിന് അദ്ദേഹം പറയുന്ന മറുപടി ഇതാണ്: ''അല്ല. സെന്റർ ശുശ്രൂഷകൻമാരെ മാത്രം അറിയിക്കാനായിരുന്നു കൗൺസിൽ നിശ്ചയിച്ചത്. ഞാൻ മറ്റാരെയും അറിയിച്ചില്ല. എന്നാൽ കൗൺസിൽ കഴിഞ്ഞ് ഞാൻ കുമ്പനാട്ടുനിന്നും ഇറങ്ങുന്നതിനു മുമ്പ് കൗൺസിൽ തീരുമാനത്തെക്കുറിച്ച് അമേരിക്കയിൽ നിന്ന് ഒരാൾ വിളിച്ചു പറഞ്ഞപ്പോൾ ഞാൻ ഞെട്ടിപ്പോയി. ഒരു പത്രത്തിന്റെ വെബ്സൈറ്റിൽ തീരുമാനം പരസ്യപ്പെടുത്തിയതായി അമേരിക്കയിൽ നിന്നാണ് അറിയുന്നത്. കൗൺസിൽ തീരുമാനം വിവാദമാക്കുവാൻ ആരോ വാർത്ത ചോർത്തിയതാണ്. അതിനുശേഷം സൂര്യാ ടി.വി റിപ്പോർട്ടർ എന്നെ വിളിച്ച് ഇതെക്കുറിച്ചു ചോദിച്ചു. അവർ ഇതു സംബന്ധിച്ചു ചോദിച്ച ചോദ്യത്തിന് കൗൺസിലിന്റെ നിലപാടു സെക്രട്ടറി എന്ന നിലയിൽ മാത്രം ഞാൻ പറഞ്ഞു. ഐ.പി.സിയുടെ ഉപദേശം സംരക്ഷിക്കാനുള്ള അവകാശം സഭയ്ക്കുണ്ട് എന്നു മാത്രമാണു ഞാൻ പറഞ്ഞതിന്റെ സാരം. നിലപാടു വ്യക്തമാക്കിയില്ലായിരുന്നെങ്കിൽ ചാനൽ റിപ്പോർട്ടർ സ്വന്തം നിലയിൽ സ്റ്റോറി തയ്യാറാക്കാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയതിനാലാണ് സഭയുടെ നയം വ്യക്തമാക്കിയത്. സൂര്യാ ടി.വിയിൽ അതിനു മുമ്പും ഐ.പി.സിക്കും പെന്തക്കോസ്തുകാർക്കും അപമാനകരമായ വാർത്ത പ്രക്ഷേപണം ചെയ്തിട്ടുണ്ട്.''

കൗൺസിൽ തീരുമാനം ചോർത്തി വെബ്സൈറ്റിൽ കൊടുത്ത് ഈ കോലാഹലമൊക്കെയുണ്ടാക്കിയതു ഡിഫെൻഡറാണ്. ഇതൊക്കെയാണല്ലോ ഡിഫെൻഡറിന്റെ പണി. പക്ഷേ ഇതിന്റെ പേരിൽ ഫിലിപ്പ് പി. തോമസിനെ കുരുക്കാൻ അവറാൻ നടത്തിയ നീക്കം പാളിയെന്നു മാത്രമല്ല ഈ ബഹളത്തിനിടയിൽ അവറാനും കൂട്ടരും ചർച്ച് ഓഫ് ഗോഡിൽ നിന്നു കൂടി ഔട്ടാകുകയും ചെയ്തു.






# തോമസ്കുട്ടിയും ഇമ്മിണി ഭോഷ്ക്കും

മാധ്യമ ധർമ്മത്തിന്റെ ആദ്യാക്ഷരങ്ങളെങ്കിലും അറിയാവുന്നവർ ചെയ്യാൻ അറെയ്ക്കുന്ന ഹീനകൃത്യമാണ് വചനഘോഷണത്തിന്റെ എഡിറ്ററായ തോമസ്കുട്ടി ജനുവരി 8ന് ചെയ്തത്. കുമ്പനാട് കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നതിന്റെ തലേന്നുതന്നെ ഉദ്ഘാടന വാർത്ത ഫോട്ടോ സഹിതം വചനഘോഷണത്തിൽ അടിച്ചു. കെ.സി.ജോണിന്റെ പ്രസംഗത്തിലെ പ്രധാന ആശയങ്ങളും വിവരിച്ചിരുന്നു. വായനക്കാരെ പമ്പര വിഡ്ഢികളാക്കുന്ന ഈ പരിപാടി ഭോഷ്ക്കിന്റെ ആത്മാവു ബാധിച്ചവർക്കു മാത്രമേ ചെയ്യാനാവൂ.

തോമസ്കുട്ടി പത്രം പ്രസ്സിൽ കൊടുത്തപ്പോൾത്തന്നെ ഡിഫെൻഡറിനു വിവരം ലഭിച്ചു. തോമസ്കുട്ടിയുടെ പത്രത്തിന്റെ പി.ഡി.എഫ് കോപ്പിയും ലഭിച്ചു. അങ്ങനെ കുമ്പനാട് കൺവൻഷൻ ഉദ്ഘാടനം ചെയ്ത വാർത്ത കൺവൻഷൻ ആരംഭിക്കുന്നതിന് ഒരു ദിവസം മുമ്പു തന്നെ മാലോകർ വായിച്ചു. ഇത്തരമൊരു പ്രതിസന്ധി തോമസ്കുട്ടി സ്വപ്നം പോലും കണ്ടിരുന്നില്ല.

തട്ടിപ്പു വെളിച്ചത്തായതോടെ തോമസ്കുട്ടി നെട്ടോട്ടമോടാൻ തുടങ്ങി. ഒടുവിൽ കൺവൻഷൻ വാർത്ത മാറ്റിയടിച്ചു. കൺവൻഷൻ ആരംഭിക്കുന്നതിനു മുമ്പാണ് ഈ വാർത്തയും അടിച്ചത്. അതോടെ പ്രശ്നം തീർന്നെന്നു കരുതി. പക്ഷേ രണ്ടാമത്തെ പത്രം കൂടുതൽ കുഴപ്പങ്ങൾക്കു കാരണമായി. തട്ടിപ്പിന്റെ തനിനിറം പൊതുജനം കണ്ടു.

തട്ടിപ്പുകളെന്തൊക്കെ? പറയാം:

1. കെ.സി.ജോണിന്റെ പ്രീതി നേടിയെടുത്ത് ഗസ്റ്റ്റൂമിൽ കയറിപ്പറ്റാനാണ് തോമസ്കുട്ടി ഈ പെടാപ്പാടെല്ലാം പെട്ടത്. പക്ഷേ അതു നടന്നില്ല.

2. തോമസ്കുട്ടിയുടെ തന്ത്രങ്ങൾ ഡിഫെൻഡർ വെളിപ്പെടുത്തിയതോടെ കാറ്റുപോയ ബലൂൺ പോലെയായി ഈ ചങ്ങാതി.

3. ആദ്യത്തെ പത്രം ബാലൻ ഇറക്കിയ ഡ്യൂപ്ലിക്കേറ്റാണെന്നു വരുത്തിത്തീർക്കാനുള്ള ശ്രമം പാളി. കൺവൻഷൻ വാർത്തയുടെ തലക്കെട്ടും ഫോട്ടോയും വാർത്തയുടെ പകുതിയും ഒഴികെയുള്ള ഭാഗങ്ങളെല്ലാം രണ്ടു പത്രത്തിലും ഒന്നുപോലെയായിരുന്നു.

4. കെ.സി.ജോണിന്റെ ചിത്രം രണ്ടു പത്രത്തിലും ഒന്നുതന്നെ ആയിരുന്നു.

5. കെ.സി.ജോൺ കോളറുള്ള ഷർട്ടിട്ടു പ്രസംഗിക്കുന്ന ചിത്രമാണ് തോമസ്കുട്ടി രണ്ടു പത്രത്തിലും കൊടുത്തത്. പക്ഷേ കെ.സി.ജോൺ ഉദ്ഘാടനദിവസം ധരിച്ചത് വട്ടക്കഴുത്തുള്ള – കോളറില്ലാത്ത – സൂട്ട് ആയിരുന്നു.

6. ''21-ാം നൂറ്റാണ്ടിന്റെ 2-ാം ദശകം: ദൈവകൃപ തന്റെ ജനത്തിൻമേൽ പെയ്തിറങ്ങുന്നു: പാസ്റ്റർ ഡോ.കെ.സി.ജോൺ'' എന്ന തലക്കെട്ടാണ് ആദ്യ പത്രത്തിൽ തോമസ്കുട്ടി കൊടുത്തത്. ഇത് കെ.സി.ജോണിന്റെ അറിവോടും സമ്മതത്തോടും കൂടി ആയിരുന്നു എന്നൊരു ശ്രുതിയുണ്ട്. ശരിയാണോ എന്നറിഞ്ഞുകൂടാ. പക്ഷേ ഈ ആശയം വരുന്ന ചില വാചകങ്ങൾ കെ.സി.ജോൺ പറഞ്ഞു. ഡിഫെൻഡറിൽ വാർത്ത വന്നതുകൊണ്ട് പ്രസംഗം മാറ്റിയതാകാം.

7. ''വമ്പിച്ച ജനക്കൂട്ടം: കുമ്പനാട് കൺവൻഷനെ ചരിത്രമാക്കി മാറ്റി'' എന്നതാണ് രണ്ടാമത്തെ പത്രത്തിലെ വാർത്ത. കൺവൻഷനു വലിയ ആൾക്കൂട്ടമുണ്ടാകും എന്ന പ്രതീക്ഷയിൽ അടിച്ചു വിട്ടതാണ് ഈ ഭോഷ്ക്ക്. പക്ഷേ അതും തെറ്റി. വമ്പിച്ച ആൾക്കൂട്ടമോ സാമാന്യം നല്ല ആൾക്കൂട്ടമോ ഉദ്ഘാടന ദിവസം ഉണ്ടായില്ല. എല്ലാ വർഷവും സംഭവിക്കുന്നതുപോലെ കുറെ ആളുകൾ വന്നു. ചരിത്ര സംഭവം എന്നു പറയാവുന്നതൊന്നും ഉദ്ഘാടന ദിവസം ഉണ്ടായില്ല.

8. കെ.സി.ജോണിന്റെ പ്രസംഗം കരഘോഷത്തോടെ ജനം സ്വീകരിച്ചു എന്നു രണ്ടു പത്രത്തിലും തോമസ്കുട്ടി അടിച്ചുവിട്ടു. പക്ഷേ അങ്ങനെയൊരു സംഭവം ഉണ്ടായതേയില്ലെന്നു മാത്രമല്ല കെ.സി.ജോണിന്റെ പ്രസംഗം പരമ ബോറായിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്.

9. ''ഗായക സംഘത്തിന്റെ സംഗീത ശുശ്രൂഷ ആസ്വാദ്യകരമായിരുന്നു'' എന്നൊരു പ്രവചനവും തോമസ്കുട്ടി രണ്ടു പത്രങ്ങളിലും നടത്തിയിട്ടുണ്ട്. പക്ഷേ എടുത്തു പറയത്തക്ക ഒരു മേൻമയുമില്ലാത്ത പാട്ടുകളാണ് ഉദ്ഘാടന ദിവസം ജനം കേട്ടത്.

10. ഒന്നാമത്തെ ഭോഷ്ക്കുപത്രം ഈ ജളപ്രഭു 11ന് കുമ്പനാട്ടു വിതരണം നടത്തുകയുണ്ടായി.

ഒരിക്കൽ പറഞ്ഞ കള്ളം സത്യമാണെന്നു വരുത്തിത്തീർക്കാൻ ആയിരം കള്ളം പറയേണ്ടതായി വരും. ഇവിടെ സംഭവിച്ചതും അതുതന്നെ. പക്ഷേ ഭോഷ്ക്കുകൊണ്ട് മറയ്ക്കാവുന്നതിലധികം വലിയ കള്ളങ്ങളാണു തോമസ്കുട്ടി പറഞ്ഞത്. പണക്കൊതി തലയ്ക്കു പിടിക്കുമ്പോൾ ഇങ്ങനെയൊക്കെ സംഭവിക്കും. ഏതായാലും ഈ സംഭവത്തോടെ ഇയാൾ ഏതു തരക്കാരനാണെന്നു ജനം തിരിച്ചറിഞ്ഞു.

# തോമസ്കുട്ടി പുന്നൂസ് സന്നിഹിതനായിരുന്നു

നാർസിസിസ്സം എന്നൊരു മാനസികരോഗത്തെക്കുറിച്ച് കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ എഴുതിയിരുന്നു. പെന്തക്കോസ്ത് പത്രപ്രവർത്തകരിൽ ചിലർക്ക് ഈ രോഗമുണ്ട്. പക്ഷേ തോമസ്കുട്ടിക്ക് ഈ രോഗം കലശലായുണ്ട്. സംശയമുള്ളവർ തോമസ്കുട്ടിയുടെ വചനഘോഷണത്തിന്റെ ജനുവരി ലക്കം ഒന്നാം പേജ് നോക്കുക.

പാമല കൺവൻഷനിൽ റോയി പ്രസംഗിക്കുന്നു. കുറെപ്പേർ സ്റ്റേജിൽ ഇരിപ്പുണ്ട്. ആരൊക്കെ എന്നു തിരിച്ചറിയാനുള്ള വലിപ്പം ഫോട്ടോയ്ക്കില്ല. തോമസ്കുട്ടി കുമ്പനാട്ടു വിതരണം ചെയ്ത പത്രത്തിൽ ഈ ഫോട്ടോയുടെ അടിക്കുറിപ്പ് ഇങ്ങനെ:

''ഫെയ്ത്ത് ലീഡേഴ്സ് ജനറൽ കൺവൻഷൻ സമാപന സന്ദേശം ജനറൽ സെക്രട്ടറി പാസ്റ്റർ റോയി മാത്യു ദാനിയേൽ നൽകുന്നു. പാസ്റ്റർമാരായ തോമസ്കുട്ടി പുന്നൂസ്, സണ്ണി വർക്കി, ദാനിയേൽ മാത്യു, കെ.പി.കുര്യൻ, തോമസ്കുട്ടി പുന്നൂസ് എന്നിവർ സമീപം.''

അൽഫയും ഒമേഗയും തോമ്കുട്ടി പുന്നൂസ്. രണ്ടാമത്തെ പത്രത്തിൽ ഈ 'ഇണ്ടൽ' ഒഴിവാക്കിയിട്ടുണ്ട്. റോയിയുടെ സമീപമാണോ തോമസ്കുട്ടി ഇരിക്കുന്നത്? അതുമല്ല. ഇരുവർക്കും ഇടയിൽ ഒൻപതു പേരുണ്ട്. എങ്കിലും തോമസ്കുട്ടി സമീപത്താണത്രേ.

ഈ സംഭവത്തേക്കുറിച്ചുള്ള വാർത്തയിൽ ഇപ്രകാരം കാണുന്നു. ''ജോസഫ് എം. പുതുശ്ശേരി എം.എൽ.എ., സി.പി.എം. ജില്ലാ സെക്രട്ടറി അനന്തഗോപൻ, വചനഘോഷണം ചീഫ് എഡിറ്റർ തോമസ്കുട്ടി പുന്നൂസ് എന്നിവർ സന്നിഹിതരായിരുന്നു.''

എന്റമ്മോ! പല തരത്തിലുള്ള ശുംഭൻമാരെ കണ്ടിട്ടുണ്ട്. പക്ഷേ ഇത്തരമൊരെണ്ണത്തിനെ ആദ്യമായാണു കാണുന്നത്.




# തങ്കച്ചൻ സി. തോമസ് നാവടക്കിയാൽ നന്ന്



തങ്കച്ചൻ സി. തോമസിനെക്കുറിച്ച് ഡിഫെൻഡറിൽ വീണ്ടും എഴുതേണ്ടതായി വന്നതിൽ ദു:ഖമുണ്ട്. എങ്കിലും ഇത് ഒഴിവാക്കാൻ കഴിയുന്നില്ല.

കഴിഞ്ഞ നവംബർ 16ന് ഇയാളുടെ പാപത്തിന്റെ കഥ വിശദമായി ഡിഫെൻഡറിൽ എഴുതി. ഇതുമായി ബന്ധപ്പെട്ട് ചില കടുത്ത നടപടികൾക്ക് ഡിഫെൻഡർ തയ്യാറെടുക്കുന്നതിനിടയിൽ ഇയാൾ നിരുപാധികം ക്ഷമ പറഞ്ഞു കത്തു നൽകി. ഡിസംബർ 1ന് ഈ കത്ത് ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചു. ഈ പ്രശ്നം അതോടെ അവസാനിപ്പിക്കാനായിരുന്നു തീരുമാനം. പക്ഷേ ഈ മനുഷ്യൻ അതിനു സമ്മതിക്കുന്നില്ലെങ്കിൽ എന്തുചെയ്യും?

ഒരു മാസം മുൻപ് ഇയാളുടെ ക്ഷമാപണക്കുറിപ്പ് പ്രസിദ്ധീകരിച്ചതിനുശേഷം ഈ വിഷയവുമായി ബന്ധപ്പെട്ട് ഡിഫെൻഡറിനു നിരവധി ഈമെയിലുകളും ഫോണുകളും ലഭിച്ചു. ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ച ക്ഷമാപണക്കുറിച്ച് തങ്കച്ചൻ സി തോമസ് എഴുതിയതല്ലെന്നും മകന്റെ വിവാഹം കഴിഞ്ഞശേഷം ഇയാൾ റ്റി.എസ്.ബാലനെതിരായി കേസ്സു കൊടുക്കുമെന്നും പറയുന്നത്രേ. ആദ്യമൊക്കെ ഈ വാർത്ത ഞാൻ (റ്റി.എസ്.ബാലൻ) അവഗണിച്ചു. പക്ഷേ ഇയാൾ നിരവധി ആളുകളോട് ഇങ്ങനെ പറഞ്ഞു എന്ന് ഈയിടെ വ്യക്തമായി. അതുകൊണ്ട് വസ്തുതകൾ വ്യക്തമാക്കുകയാണ്.

നവംബർ 16 ലക്കം ഡിഫെൻഡറിൽ ഇയാളെക്കുറിച്ചു വാർത്ത വന്നതിനുശേഷം നിരവധി ആളുകൾ ഡിഫെൻഡറുമായി ബന്ധപ്പെട്ടു. എങ്ങനെയെങ്കിലും ഈ പ്രശ്നം പരിഹരിക്കണമെന്ന് ഏവരും ആവശ്യപ്പെട്ടു. പക്ഷേ ഇയാൾ ചെയ്തു കൂട്ടിയ നീചപ്രവൃത്തികളുടെ കാഠിന്യം ദയ കാണിക്കുന്നതിനു തടസ്സമായി. ഒടുവിൽ നവംബർ 25ന് മൂന്നു ദൈവദാസൻമാർ ഡിഫെൻഡറിന്റെ ഓഫീസിൽ വന്നു. ഇയാളുടെ അനാഥശാലയുടെ മേൽനോട്ടക്കാരനായ പാസ്റ്റർ, അമേരിക്കയിൽ ഇയാളുടെ സുഹൃത്തായ ഒരു ദൈവദാസൻ, എറണാകുളം ജില്ലയിലുള്ളതും ഇയാൾക്കു പരിചയമുള്ളതുമായ മറ്റൊരു ദൈവദാസൻ എന്നിവരായിരുന്നു ഈ മൂവർ. അവരുടെ അപേക്ഷ മാനിച്ച് ഡിഫെൻഡർ ഇയാൾക്ക് ഒരു അവസരം കൂടി കൊടുക്കാൻ തീരുമാനിച്ചു. ഡിഫെൻഡർ നിർദ്ദേശിച്ച വിധത്തിലുള്ള ഒരു ക്ഷമാപണക്കുറിപ്പ് സ്വന്തം കൈപ്പടയിൽ എഴുതി സ്വന്തം ഈമെയിൽ വിലാസത്തിൽ നിന്ന് അയച്ചു തരണമെന്നും അതു ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുമെന്നും ആയിരുന്നു വ്യവസ്ഥ. അത് ഇയാൾ സമ്മതിച്ചു. എഴുതേണ്ട വാചകങ്ങൾ ഡിഫെൻഡർ മേല്പറഞ്ഞ ദൈവദാസൻമാർക്കു പറഞ്ഞുകൊടുത്തു. അത് അവർ തങ്കച്ചൻ സി. തോമസിനെ അറിയിച്ചു. ഏതാനും മിനിട്ടുകൾ കഴിഞ്ഞപ്പോൾ ഇയാൾ അത് സ്വന്തം ഈമെയിലായ Tcthomas49@aol.comൽ നിന്ന് അയച്ചുതന്നു. കടലാസ്സിൽ എഴുതി സ്ക്കാൻ ചെയ്ത് അറ്റാച്ച്മെന്റായി അയച്ചുതരികയാണുണ്ടായത്. മേല്പറഞ്ഞ ഈമെയിൽ ആരുടേതാണെന്ന് aol പറയും. ഇത്രയുമൊക്കെ ചെയ്ത ശേഷം വീണ്ടും തറവേലയിറക്കാനാണു തങ്കച്ചന്റെ ശ്രമമെങ്കിൽ ഈ ചങ്ങാതി മൂക്കുകൊണ്ട് ക്ഷ വരയ്ക്കും. അതു വേണോ?

# സി.ഡി.കളുടെ വിലവിവരം

ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു വിവിധതരം സി.ഡികൾ വിറ്റുവരുന്നതിനാൽ വിലയേപ്പറ്റി സംശയമുണ്ടാകാനിടയുണ്ട്. അതുകൊണ്ട് വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു:

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3) – 900 രൂപ
2. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ – 900 രൂപ

രണ്ടു സി.ഡികളും ചേർത്ത് ഇന്ത്യയിൽ – 1800 രൂപ.

വിദേശത്ത് – 100 ഡോളർ. പോസ്റ്റേജ് സൗജന്യം.

<u>ലൈബ്രറി സി.ഡികൾ</u>:

1. വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി – 1900 രൂപ
2. ലൈബ്രറി ഓഫ് തിയോളജി – 900 രൂപ

രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങിയാൽ 2500 രൂപ മാത്രം. വിദേശത്തുള്ളവർ രണ്ടു സെറ്റുകൾക്ക് 100 ഡോളർ അയയ്ക്കുക. (1900 രൂപ നൽകി വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി വാങ്ങിയിട്ടുള്ളവർ ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപക്കു പകരം 600 രൂപ മാത്രമേ നൽകേണ്ടതുള്ളൂ.).

എല്ലാ സി.ഡികളും ഒന്നിച്ചു വാങ്ങുന്നവർ 4600രൂപയ്ക്കു പകരം 4000 രൂപ നൽകിയാൽ മതിയാകും. വിദേശം: $200

എല്ലാ സി.ഡികൾക്കും പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ വിലയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. (ഗൾഫിലേക്കു സി.ഡി അയയ്ക്കുന്നതു സുരക്ഷിതമല്ല).

വിലാസം: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542

# കാർത്തികപ്പള്ളിത്തമാശ പരമ രഹസ്യമാ ഫ്രോഡേ

ശ്രീമാൻ ഫ്രോഡിന് ഈയിടെയായി ഒരു ശങ്ക: കാർത്തിക പ്പള്ളിത്തമാശ ഡിഫെൻഡർ അറിഞ്ഞു കാണുമോ? അറിഞ്ഞെങ്കിൽ അതു ഡിഫെൻഡർ പുറത്താക്കുമോ? ശങ്ക ഉപേക്ഷിക്കൂ ഫ്രോഡേ. ഈ സംഭവം ഡിഫെൻഡർ അറിഞ്ഞിട്ടില്ല. അതുകൊണ്ടു ഡിഫെൻ ഡർ ഈ രഹസ്യം പുറത്താക്കുന്ന പ്രശ്നം ഉദിക്കുന്നുമില്ല.

ഇത്രയുമൊക്കെ കേട്ടപ്പോൾ വായനക്കാർക്ക് ഒരു സംശയം ഉണ്ടായിക്കാണും: എന്താണ് കാർത്തികപ്പള്ളി സംഭവം? പക്ഷേ ഈ സംശയത്തിനു പരിഹാരം വരുത്താൻ കഴിയാത്തതിൽ അതിയായ ഖേദമുണ്ട്. കാരണം, ഈ പരിപാടി അതീവ രഹസ്യമായാണ് ഫ്രോഡ് ചെയ്തുവരുന്നത്. അതുകൊണ്ട് ഡിഫെൻഡർ അറിഞ്ഞിട്ടില്ല. ഒന്നാ മത്, കാർത്തികപ്പള്ളി എന്നത് പെരുമ്പാവൂരിൽ നിന്ന് ഏറെ ദൂരെ യാണ്. അവിടെ നടക്കുന്ന കാര്യങ്ങൾ പെരുമ്പാവൂരിൽ ഇരുന്ന് കാണാൻ പറ്റില്ല. കാർത്തികപ്പള്ളിയിൽ ചെന്ന് എല്ലാം നേരിട്ടു കാണാ മെന്നു വച്ചാൽ അതും അത്ര എളുപ്പമുള്ള കാര്യമല്ല. കാരണം, വിശുദ്ധ ഫ്രോഡ് അമേരിക്കയിൽ നിന്നു ഭാര്യാസമേതനായി അവിടെ എത്തു ന്നത് എപ്പോഴാണെന്നു ഡിഫെൻഡറിന് അറിയാൻ പറ്റില്ലല്ലോ. ഈ കാരണങ്ങളാൽ ഫ്രോഡിന്റെ തിരുമ്മൽ ചരിത്രം ഇപ്പോഴും പരമ രഹ സ്യമായി അവശേഷിക്കുന്നു. തിരുമ്മൽ ചികിത്സക്ക് ഭാര്യാസമേത നായി എത്തുന്ന ഫ്രോഡിനെ സംശയിക്കേണ്ട കാര്യമില്ല എന്നതും എടുത്തു പറയേണ്ട കാര്യമാണ്. ഓരോ വരവിലും വ്യത്യസ്ത ഭാര്യ യുമായാണു വരുന്നത് എന്ന സംഗതി തിരുമ്മുകാരല്ലാതെ ആരും അറിയുന്നില്ല. അവർ അതു പുറത്തു പറയുകയുമില്ല. എല്ലാം പരമ രഹസ്യം. കാര്യങ്ങളൊക്കെ ബഹുത്ത് അച്ഛാ.

# നിരണം ഇടി: പാസ്റ്റർ വഹ

'തകർത്തയിടി മുഴക്കം പോലെ' ഒരു ശബ്ദം കേട്ട് ഈയിടെ നിരണത്തിനു സമീപത്തുള്ള ഒരു സ്ഥലത്തെ പാസ്റ്ററും കുടുംബവും ഞെട്ടി. വീടിനു സമീപമുള്ള റോഡിൽ നിന്നാണ് ശബ്ദം കേൾക്കു ന്നത്. സമയം രാത്രി പത്തുമണി. അടുത്തുള്ള വീട്ടുകാർ മറ്റൊരു പെന്തക്കോസ്ത് സഭയിലെ വിശ്വാസികളാണ്. അവരുടെ വീട്ടിൽ അന്നൊരു യോഗവുമുണ്ടായിരുന്നു. യോഗം കഴിഞ്ഞ് വിശ്വാസികൾ മടങ്ങിയിട്ട് ഏറെ സമയമായില്ല. അതിനിടയിലാണ് വീണ്ടും ഇടിശബ്ദം. തമ്പോടിക്കുന്നത്ര ശബ്ദമില്ല. എങ്കിലും സാമാന്യം നല്ല ശബ്ദമുണ്ട്.

സംഗതി എന്താണെന്ന് അറിഞ്ഞിട്ടുതന്നെ കാര്യം എന്നു പാസ്റ്റർ ഉറപ്പിച്ചു. അങ്ങനെ പുറത്തിറങ്ങി നോക്കി. റോഡിൽ നിന്നാണു ശബ്ദം വരുന്നത്. അല്പം കൂടി അടുത്തുചെന്നു നോക്കി യപ്പോൾ കാര്യം വ്യക്തമായി. അടുത്ത വീട്ടിൽ യോഗം നടത്താൻ വന്ന പാസ്റ്ററും ഭാര്യയും മടങ്ങിപ്പോകുന്നതിനിടയിലുണ്ടായ ഒരു സംഭവത്തിന്റെ മാറ്റൊലിയാണു പാസ്റ്റർ കേട്ടത്. യോഗക്കാരൻ പാസ്റ്റർ ഭാര്യയുടെ പുറത്ത് ഇടിക്കുന്ന ശബ്ദമാണു കേൾക്കുന്നത്. കരയാൻ പോലും കഴിയാതെ ആ സ്ത്രീ നിന്നു പുളയുന്നു. കൂടുതൽ അന്വേഷണം നടത്തിയപ്പോൾ സംഭവം മനസ്സിലായി: യോഗക്കാരൻ ഒരു കലാകാരനാണ്. പല സ്ഥലങ്ങളിലും പറ്റുപടിയുള്ള വീരനുമാണ് ഈ വിശുദ്ധൻ. കാര്യങ്ങളുടെ ഒരു ഏകദേശ രൂപം ഭാര്യയ്ക്കും പിടി കിട്ടിയിട്ടുണ്ട്. സംഭവ ദിവസം രാത്രി യോഗം കഴിഞ്ഞ് പാസ്റ്ററും ഭാര്യയും റോഡിൽ കയറുന്നതിനിടയിൽ പാസ്റ്ററുടെ മൊബൈലിൽ ഒരു വിളിയെത്തി. പറ്റുപടിക്കാരികളിൽ ഒരാളാണു വിളിക്കുന്നതെന്ന് ഭാര്യ തിരിച്ചറിഞ്ഞു. ആ സ്ത്രീ പ്രതിഷേധിച്ചതു സ്വാഭാവികം. പക്ഷേ ഈ അനാവശ്യ പ്രതിഷേധം വിശുദ്ധനു പിടിച്ചില്ല. പ്രതിഷേധം ഇടിച്ചൊതുക്കുന്ന ശബ്ദമാണ് അയൽക്കാരൻ പാസ്റ്റർ കേട്ടത്.




# ജോൺസണു പണിയില്ല



ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിലിന്റെ നിർദ്ദേശം അവ ഗണിച്ച് കെ.എ.ഏബ്രഹാമിനെ ചെറുവക്കൽ കൺവൻഷനു പ്രസംഗിക്കാൻ വിളിച്ച ജോൺ സൺ ദാനിയേലിനെ കേരളത്തി ലെ ഐ.പി.സി സഭകൾ ഒഴിവാ ക്കുന്നു. വളരെ കുറച്ചു പ്രോഗ്രാ മുകൾ മാത്രമേ ഇപ്പോൾ ജോൺ സണു ലഭിക്കുന്നുള്ളൂ.

ചെറുവക്കൽ കൺവൻ ഷൻ നടത്താൻ കേരളത്തിലെ ത്തുന്ന ജോൺസണ് നിരവധി പ്രോഗ്രാമുകൾ ലഭിക്കുക പതി വാണ്. പക്ഷേ ഇക്കൊല്ലം അതല്ല സ്ഥിതി. വളരെ കുറച്ചു പ്രോഗ്രാ മുകൾ മാത്രമേ ഈ വർഷം ഈ ചങ്ങാതിക്കു ലഭിച്ചിട്ടുള്ളൂ. ഐ. പി.സി നേതൃത്വത്തെ ജോൺ സൺ ധിക്കരിച്ചത് ഭൂരിപക്ഷം ഐ.പി.സിക്കാർക്കും ഇഷ്ടമായി ട്ടില്ല. പ്രോഗ്രാം കുറയാൻ ഇത് ഒരു കാരണമാണ്. ഡിഫെൻഡ റിലൂടെ ജോൺസന്റെ തനിനിറം വിശ്വാസികൾ കണ്ടതും വിന യായി. നാളിതുവരെ കാത്തുസൂ ക്ഷിച്ച വിശുദ്ധിയുടെ പരിവേഷം അപ്രത്യക്ഷമായി. സകല ദുർഗ്ഗു ണങ്ങളും തികഞ്ഞ സകലകലാ വല്ലഭനാണു ജോൺസൺ എന്ന വസ്തുത ജനം തിരിച്ചറിഞ്ഞു. ഇനി കേരളത്തിലെ ദൈവമക്കളെ കബളിപ്പിക്കാൻ ജോൺസണ് ഏറെ ബുദ്ധിമുട്ടേണ്ടതായിവരും.

# വിശുദ്ധനു മിണ്ടാട്ടമില്ല

ബാലനെ ജീവനോടെ വിഴുങ്ങിക്കളയും എന്നു വീരസ്യം പറഞ്ഞു നടന്ന വിശുദ്ധന് ഇ പ്പോൾ നാവിറങ്ങിയ മട്ടാണ്. ബാ ലനെ അത്ര പെട്ടെന്നൊന്നും ഒതുക്കാൻ പറ്റില്ലെന്ന് വ്യക്തമാ യിക്കഴിഞ്ഞു.

സ്വന്തം ഭാര്യയോട് ഇ യാൾ കാട്ടിയ ക്രൂരത ഡിഫെൻ ഡറിലൂടെ ലോകമെങ്ങുമുള്ളവർ അറിഞ്ഞു. പേരെടുത്തു പറഞ്ഞി ല്ലെങ്കിലും ആരാണ് ഈ നീചൻ എന്നു തിരിച്ചറിയാൻ ബുദ്ധിമു ട്ടുണ്ടായില്ല. ഇയാൾ ചെയ്തതു പോലുള്ള ക്രൂരതകൾ ഏറെപ്പേ രൊന്നും ചെയ്തിട്ടില്ലല്ലോ. ഇ യാൾ മാത്രമല്ല ഇയാളുടെ മക്കളും മേൽപ്പടിയാണെന്നു ലോകം അറി ഞ്ഞു. അതോടെ ഇയാളും മക്ക ളും ഒറ്റപ്പെട്ടു. പാസ്റ്ററും കുറെ പെണ്ണുങ്ങളും സഹായവാഗ്ദാന വുമായെത്തിയിരുന്നെങ്കിലും ഇ പ്പോൾ അവരുടെ സഹകരണവു മില്ല. ഇത്ര വലിയ ഒരു തിരിച്ചടി വിശുദ്ധൻ പ്രതീക്ഷിച്ചിരുന്നതല്ല. അതുകൊണ്ടാണ് ഇപ്പോൾ നാവി റങ്ങിയതുപോലെ ഇരിക്കുന്നത്.

# കുളിപ്പിച്ചു കുളിപ്പിച്ചു കൊച്ചില്ലാതാക്കി



'കുളിപ്പിച്ചു കുളിപ്പിച്ചു കൊച്ചില്ലാതാക്കി' എന്നു പറഞ്ഞ തുപോലെയുള്ള അനുഭവമാണ് ഡാളസ് ടാബർനാക്കിൾ സഭ യിൽ ഉണ്ടായിരിക്കുന്നത്. ഭരിച്ചു ഭരിച്ച് കെ.പി.മാത്യു സഭയില്ലാ താക്കി. ഇക്കണക്കിനു പോയാൽ സാത്താൻ കുട്ടിയും ശിങ്കിടികളും മാത്രമേ ഒടുവിൽ അവശേഷിക്കൂ.

ഏതാനും മാസം മുൻപ് രണ്ടുവട്ടം പിളർപ്പുണ്ടായിരുന്നു. അവരിൽ ചിലർ പുതിയൊരു സഭയ്ക്കു രൂപം കൊടുക്കുകയും ചെയ്തു. ഇപ്പോഴിതാ ഒരു മേജർ പിളർപ്പുകൂടി ഉണ്ടാകുന്നു. അ ല്പം വിപുലമായ തോതിൽ ഒരു സഭ തുടങ്ങാനുള്ള പുറപ്പാടി ലാണ് ഈ ഗ്രൂപ്പ്.

ഏതാനും മാസം മുൻപ് ചിലർ വിട്ടുപോയപ്പോൾ 'ബിൻ ലാദനും കൂട്ടരും പുറത്തുപോയി' എന്നാണു കെ.പി.മാത്യു കമന്റ് പറഞ്ഞത്. ശല്യം ഒഴിഞ്ഞല്ലോ എന്നൊർത്ത് ശരിക്കു സന്തോഷി ക്കുകയും ചെയ്തു. ഏതാനും ആഴ്ച കഴിഞ്ഞപ്പോൾ കെ.പി. മാത്യുവിന് ഒരു കാര്യം വ്യക്ത മായി. പുറത്തു പോയവർ സാധു ക്കളായിരുന്നു. ഭീകരൻമാർ ഇ പ്പോഴും അകത്തുതന്നെയുണ്ട്. പിന്നീട് അവരോടായി യുദ്ധം.

ആത്മീയ സന്തോഷം ലഭിക്കാനാണ് ജനം സഭയിലെ ത്തുന്നത്. പക്ഷേ അതു ലഭിക്കു ന്നില്ലെന്നു മാത്രമല്ല ഉള്ള സ ന്തോഷം നഷ്ടമാകുകകൂടി ചെ യ്യുന്നു എന്നു വന്നാലോ? ദൈവ വചനത്തിനു പകരം കുത്തു പ്ര സംഗമാണു കേൾക്കുന്നതെങ്കി ലോ? ആരും മടുത്തുപോകും. ടാബർനാക്കിൾ സഭയിൽ ഒരു വർഷത്തോളമായി നടക്കുന്നത് ഇതാണ്. ഈ പരിപാടി അനു ദിനം വർദ്ധിച്ചു വരുകയുമാണ്.

ഇനി ഈ പരിപാടി സഹിക്കാൻ പറ്റില്ല എന്ന് കുറെ വിശ്വാസികൾ തീരുമാനിച്ചു. മറ്റൊരു സഭ ഉണ്ടാക്കുക എന്നത് ഒട്ടേറെ പ്രായോഗിക ബുദ്ധിമുട്ടു കളുള്ള കാര്യമാണ്. എങ്കിലും മറ്റു പോംവഴിയില്ല. അതുകൊണ്ട് അ വർ സഭ വിട്ടു പോകാനും പുതി യൊരു കൂടിവരവ് ആരംഭിക്കാ നും തീരുമാനിച്ചുകഴിഞ്ഞു. അതി നുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആസന്ന ഭാവി യിൽ അവർ പിരിഞ്ഞുപോകും.

# മുണ്ടന്മാർ ലണ്ടനിൽ

''മണ്ടൻമാർ ലണ്ടനിൽ'' എന്ന പേരിൽ ഒരു സിനിമയുണ്ടാ യിരുന്നു. മേല്പടി മണ്ടൻമാർ ഇപ്പോഴും ലണ്ടനിലുണ്ടോ എന്ന് അറിഞ്ഞുകൂടാ. പക്ഷേ ലണ്ടനിലുള്ളവർ ഈയിടെ ഒരു അത്ഭുതദൃശ്യം കണ്ടു: രണ്ടു മുണ്ടൻമാർ ലണ്ടനിലൂടെ നടന്നു നീങ്ങുന്നു, കൃത്യമായി പറഞ്ഞാൽ ഉരുണ്ടു നീങ്ങുന്നു. പിതാവും പുത്രനുമാണു കക്ഷികൾ. ഡാളസ്സിൽ നിന്ന് എത്തിയതാണ് ഈ ചങ്ങാതിമാർ. എന്തിന്? പറയാം. ചിന്നമുണ്ടന് ഡാക്കിട്ടറാകാൻ മോഹം. പ്രിയപുത്രന്റെ ഇംഗിതം സാധിച്ചു കൊടുക്കാൻ പിതാവു തീരുമാനിച്ചു. അതിനുവേണ്ടിയാണ് ഇരുവരും ലണ്ടനിൽ ലാന്റ് ചെയ്തിരിക്കുന്നത്. ആയിരമാണ്ടു വാഴ്ച ക്കാലത്ത് സാത്താൻ തടവിലാകും. അതുകൊണ്ട് സഹസ്രാബ്ദകാ ലത്ത് മനുഷ്യനു പാപം ചെയ്യാൻ ബുദ്ധിമുട്ടുണ്ടാകും. സാത്താൻ ലണ്ട നിലേക്കു വണ്ടി കയറിയതോടെ ഡാളസ്സിലുള്ളവർ പാപം ചെയ്യാൻ വഴി കാണാതെ ബുദ്ധിമുട്ടുകയാണെന്നത്രേ ഒടുവിൽ കേട്ടത്.



RNI No. 68089 / 97
2011 January 16

# THE DEFENDER

REGISTERED
KL/ALY/0031/2009-11

# പവ്വർ വിഷൻ പരമ ദയനീയം

പവ്വർ വിഷൻ സംപ്രേക്ഷണം ചെയ്യാൻ തുടങ്ങിയത് 2006 ഫെബ്രുവരി 6ന് ആയിരുന്നു. 2011 ഫെബ്രുവരി 6 ആകുമ്പോൾ അഞ്ചു വർഷം തികയും. ഏതു പ്രസ്ഥാനത്തിനും ബാലാരിഷ്ടതകൾ തരണം ചെയ്യാൻ അഞ്ചു വർഷം മതിയാകും. അഥവാ, അഞ്ചു വർഷം കഴിഞ്ഞിട്ടും നന്നാകാത്ത പ്രസ്ഥാനം ഒരിക്കലും നന്നാകാൻ ഇടയില്ല.

ആറാം വയസ്സിലേക്കു കടക്കാൻ തയ്യാറായി നിൽക്കുന്ന പവ്വർ വിഷന്റെ സ്ഥിതി എന്താണ്? ഒന്നാംതരം ആയിക്കൊള്ളണമെന്നില്ല. പക്ഷേ പാസ്സ്മാർക്ക് എങ്കിലും കിട്ടുമോ? നമുക്കു പരിശോധിക്കാം.

ഈ ചാനലിന്റെ ജീവാത്മാവും പരമാത്മാവുമായ കെ. സി.ജോണിന്റെ സ്വന്തം പരിപാടികൾ ആദ്യമായി വിലയിരുത്താം. ലിവിംഗ് വേഡ്സ് എന്ന പേരിലുള്ള പ്രസംഗമാണ് ഒരു പരിപാടി. കെ.സി.ജോൺ സ്വന്തം സഭയിൽ പ്രസംഗിക്കുന്ന പ്രസംഗമാണിത്. സംഗതി ഉഗ്രനാണെന്നു വരുത്തിത്തീർക്കാൻ ഇടയ്ക്കൊക്കെ കുറെ ബഹളം കൂട്ടുമെന്നല്ലാതെ ഈ പ്രസംഗത്തിൽ കഴമ്പൊന്നുമില്ല. നൂറ്റൊന്നാവർത്തിച്ച ആശയങ്ങൾ വീണ്ടും വീണ്ടും എഴുന്നെള്ളിക്കുന്നു. ഒന്നാംതരം ബോറ്.

ഗോഡ് ബ്ലസ്സ് യു എന്നതാണ് മറ്റൊരു സാധനം. എന്തെങ്കിലുമൊരു വിഷയമെടുത്ത് കുറെ കിന്നാരം പറയുന്നു. ഇതു കേട്ട് ജനകോടികൾ കുളിരണിയുന്നു എന്ന് എല്ലാ ദിവസവും മുഖവുരയായി പറയുകയും ചെയ്യുന്നു. ഈ പരിപാടി കണ്ട് ആർക്കെങ്കിലും രോമാഞ്ചമുണ്ടാകുന്നുണ്ടെങ്കിൽ അത്തരക്കാരുടെ രോമത്തിന് എന്തോ കുഴപ്പമുണ്ടെന്നു തീർച്ച. പുതിയ ആശയങ്ങളൊന്നും കിട്ടാതെ വരുമ്പോൾ പഴയ സാധനങ്ങൾ വീണ്ടും കാണിക്കാറുമുണ്ട്. നരച്ച ജോൺ ശഠേന്ന് സിപ്ലനായി പ്രത്യക്ഷപ്പെടുന്നു എന്നതാണ് ഏക വ്യത്യാസം. സംശയങ്ങൾക്കു മറുപടി പറയുന്ന ഒരു പ്രോഗ്രാമും കെ.സി.ജോൺ നടത്തുന്നുണ്ട്. ഇതിന് പാസ്സ്മാർക്ക് കൊടുക്കാം.

ജാതിമത വ്യത്യാസമില്ലാതെ രോഗികളെയും മറ്റു വിധത്തിൽ കഷ്ടപ്പെടുന്നവരെയും പ്രേക്ഷകർക്കു പരിചയപ്പെടുത്തുന്ന ചില പ്രോഗ്രാമുകളുണ്ട്. വിശപ്പിനും വേദനയ്ക്കും ജാതിമത വ്യത്യാസമില്ല. നല്ല ശമര്യാക്കാരന്റെ കഥയിലൂടെ കർത്താവു പഠിപ്പിച്ച ആശയം ഉൾക്കൊണ്ടു പറയട്ടെ: ചിലർക്കെങ്കിലും ഇതുകൊണ്ടു പ്രയോജനമുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഇതിനെ വിമർശിക്കുന്നില്ല.

പല രൂപത്തിലും ഭാവത്തിലുമുള്ള സംഗീത പരിപാടികൾ ചവറിലുണ്ട്. ഇവയിൽ ഭൂരിപക്ഷവും ശുദ്ധ തോന്ന്യാസമാണെന്നു പറയാതെവയ്യ. രക്ഷിക്കപ്പെടാത്തവർ രക്ഷിക്കപ്പെടാത്തവർക്കായി നടത്തുന്ന ഗാനാഭാസം. ഇവയിൽ ചിലതൊക്കെ അവതരിപ്പിക്കുന്നത് അച്ചൻമാരാണ്. സർവ്വാഭരണ വിഭൂഷിതകളായ തരുണീമണികളാണ് മറ്റു ചിലത് അവതരിപ്പിക്കുന്നത്. ശുദ്ധ പേക്കൂത്ത്.

ഹെവൻലി മന്ന, ജീവിതസാക്ഷികൾ എന്നിവ അവറാന്റെ കലാപരിപാടികളാണ്. ഇവ എങ്ങനെയിരിക്കുമെന്ന് ഊഹിക്കാമല്ലോ. ഇതുപോലുള്ള വഷളത്തരം ചവറിലല്ലാതെ മറ്റെങ്ങും കാണാൻ പറ്റില്ല.

മത്തങ്ങാ നടത്തിയിരുന്നതും ഇപ്പോൾ മോഷണായി നടത്തുന്നതുമായ ഗസ്റ്റ്റൂമാണ് മറ്റൊരു കലാസൃഷ്ടി. ഏതെങ്കിലുമൊരു ശുംഭനെ കണ്ടെത്തി ഇന്റർവ്യൂ നടത്തുകയാണ് ചെയ്യുന്നത്. ആത്മീയതയുമായി പുലബന്ധം പോലുമില്ലാത്ത പരിപാടിയാണിത്. മത്തങ്ങയും മോനായിയും മറ്റും നടത്തുന്ന പരിപാടി ഇങ്ങനെയാകാതെ പറ്റില്ലല്ലോ.

വിവിധതരം രോഗങ്ങളെക്കുറിച്ചും ചികിത്സാവിധികളെക്കുറിച്ചും മറ്റും വിശദീകരിക്കുന്ന ചില പ്രോഗ്രാമുകൾ ചിലപ്പോൾ കാണാറുണ്ട്. വിദ്യാഭ്യാസ യോഗ്യതയുള്ള ഡോക്ടർമാർ അവതരിപ്പിക്കുന്ന ഈ പരിപാടിക്ക് ആത്മീയതയുമായി ബന്ധമില്ലെങ്കിലും പാസ്സ്മാർക്ക് കൊടുക്കാം.

ദൈവവചനം വസ്തുനിഷ്ഠമായി പഠിപ്പിക്കാൻ യോഗ്യതയും കഴിവുമുള്ള ചിലർ അവതരിപ്പിക്കുന്ന ക്ലാസ്സുകളും മറ്റും വളരെ അപൂർവ്വമായി ചവറിൽ കാണാറുണ്ട്. അത്തരം പ്രോഗ്രാമുകൾ നല്ലതുതന്നെ.

ന്യൂ ജനറേഷൻ സഭകളും പ്രസംഗകരും അവതരിപ്പിക്കുന്ന പരിപാടികളാണ് പവ്വർ വിഷന്റെ മുഖമുദ്ര. ഇവയെല്ലാം കടുത്ത ദുരുപദേശം പ്രചരിപ്പിക്കുന്നവയാണ്. സാധുക്കളെ വഴി തെറ്റിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു ഈ പരിപാടികൾ. ജോസ് ആനത്താനത്തിന്റെ പരിപാടി മാത്രമാണ് ഇക്കൂട്ടത്തിൽ വലിയ പ്രശ്നമില്ലാത്തതായുള്ളത്. മുല്ലക്കര, തങ്കു തുടങ്ങിയവർ അപകടകരമായ ദുരുപദേശങ്ങളാണു പ്രചരിപ്പിക്കുന്നത്. മുല്ലക്കരയുടെ മരുമകനും മരുമകന്റെ അപ്പനും ജനവഞ്ചന നടത്തുന്നവരിൽ പ്രമുഖരാണ്.

നിശ്ചിത ഫീസ് കൊടുക്കാൻ തയ്യാറുള്ള ആർക്കും ചവറിൽ പ്രോഗ്രാം അവതരിപ്പിക്കാം. ശാബതുകാർ വരെ ഈ വിധത്തിൽ പ്രോഗ്രാം അവതരിപ്പിച്ചു. ഡിഫെൻഡറിന്റെ വിമർശനം കഠിനമായപ്പോഴാണ് ഈ പ്രോഗ്രാം നിർത്തിയത്. ഇവയൊക്കെ സ്പോൺസേഡ് പ്രോഗ്രാമാണെന്നും ഇവയിലൂടെ പ്രചരിപ്പിക്കപ്പെടുന്ന ആശയങ്ങൾ പവ്വർ വിഷന്റെ നിലപാടുകളല്ലെന്നും രണ്ടു വർഷം മുമ്പ് കെ.സി. ജോൺ പറഞ്ഞു. അങ്ങനെയാണെങ്കിൽ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും നിരീശ്വര വാദികൾക്കും ഒക്കെ പവ്വർ വിഷനിൽ പ്രോഗ്രാം നടത്താൻ അനുവാദം നൽകണം.

ലോകമെങ്ങും സുവിശേഷം പ്രചരിപ്പിക്കുക എന്നത് പ്രധാന ലക്ഷ്യമായി പ്രഖ്യാപിച്ചുകൊണ്ടാണ് പവ്വർ വിഷനുവേണ്ടി കെ.സി.ജോൺ പണം പിരിച്ചത്. ഐ.പി.സിയുടെ പ്രധാന നേതാക്കളിൽ ഒരാളായ കെ.സി.ജോൺ സത്യസുവിശേഷം പ്രചരിപ്പിക്കും എന്നു കരുതിയാണ് ജനം ഈ ടി.വി ചാനലിനു സംഭാവന കൊടുത്തതും. പക്ഷേ ഇപ്പോഴത്തെ സ്ഥിതി എന്താണ്? 24 മണിക്കൂർ സമയം പ്രോഗ്രാം അവതരിപ്പിക്കുമ്പോൾ 20 മണിക്കൂറോ അധിലധികമോ സമയം ദുരുപദേശത്തിനായി നീക്കി വയ്ക്കുന്നു. നാലു മണിക്കൂറോ അതിൽ താഴെയോ സമയം മാത്രം സുവിശേഷപ്രചരണം നടത്തുന്നു. കടുത്ത ദുരുപദേശം പ്രചരിപ്പിക്കുന്ന ന്യൂ ജനറേഷൻ സഭകളുടെ വിളനിലമാണ് പവ്വർ വിഷൻ. ആർക്കും എന്തു തട്ടിപ്പും നടത്താം. ആത്മീയതയുടെ മറവിൽ ജനവഞ്ചന നടത്താം. നിശ്ചിത ഫീസ് കൊടുത്താൻ മതിയാകും.

രക്ഷിക്കപ്പെടുക എന്നാൽ എന്ത് എന്നുപോലും നിശ്ചയമില്ലാത്ത അച്ചൻമാരും ബിഷപ്പുമാരും മറ്റും പവ്വർ വിഷനിൽ വിലസുകയാണ്. ഇവർ പ്രസംഗിക്കുന്നതു സുവിശേഷമാണോ? ആണെങ്കിൽ പെന്തക്കോസ്തുകാർ ജനവഞ്ചന നടത്തുകയാണെന്നു വ്യക്തം. ഐ.പി.സിയുടെ ജനറൽ പ്രസിഡന്റാണല്ലോ കെ.സി. ജോൺ. അതുകൊണ്ടു ചോദിക്കട്ടെ: ഐ.പി.സിയുടെ ഭരണഘടനയിൽ എഴുതിയിരിക്കുന്ന വിശ്വാസപ്രമാണങ്ങൾ വചനാനുസൃതമാണോ? ആണെങ്കിൽ കെ. സി.ജോൺ സാത്താന്റെ പിടിയിലാണ്. പവ്വർ വിഷന്റെ പിന്നിലുള്ള പവ്വർ സാത്താന്റെ പവ്വറാണ്.

ദൈവമക്കളേ, സൂക്ഷിക്കുക. വീണ്ടും ജനനം, വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട് തുടങ്ങിയവ അത്യന്തം ഗൗരവമുള്ള ഉപദേശ വിഷയങ്ങളാണ്. ഇവ തള്ളിക്കളഞ്ഞുകൊണ്ടു സത്യസുവിശേഷം പ്രസംഗിക്കാനാവില്ല. പവ്വർ വിഷൻ പ്രചരിപ്പിക്കുന്നതു സുവിശേഷമേയല്ല.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലേയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.–1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.–2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.–3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.–4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.–6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.–7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.–8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.–1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.–2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.–3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.–4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.–5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.–6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.–7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.–8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.–9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.–10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan